പണങ്ങളും എന്തെല്ലാമാണെന്നുള്ള വിവരങ്ങളും നൽകണമെന്നുള്ള കാര്യത്തെ പര്യാലോചിച്ചു ഈ ഹൗസിന്റെ അംഗീകാരത്തോടുകൂടിയ ഒരു കമ്മിറ്റി ഇന്നു് മൂന്നു മണിക്കകം ആ ആരോപണങ്ങളും എന്തെല്ലാമാണെന്ന സംക്ഷിപ്തമായി ലജിസ്ലേച്ചർ സെക്രട്ടറിയേറ്റിൽ നിന്നും ആരാഞ്ഞറിക്കായിട്ടുള്ള റിപ്പോർട്ട് നൽകുന്നതിനായി തീരുമാനിച്ചിരിക്കുകയാണു്. ആ കമ്മിറ്റിയിലേയ്ക്കു ശ്രീ. ടി. കെ. കൃഷ്ണൻ, ശ്രീ. ടി. എ. മജീദു്, ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ, ശ്രീ. കെ. എം. മാണി, ശ്രീ. ഓ. കോരൻ എന്നിവരെ നിയമിക്കയും കമ്മിറ്റി ചെയർമാനായി ശ്രീ. ടി. കെ. കൃഷ്ണനെ തെരഞ്ഞെടുക്കയും ചെയ്തു. എന്നാൽ ഇന്നു രാവിലെ ശ്രീ. ടി. കെ. രാമകൃഷ്ണൻ, ശ്രീ. ടി. കെ. കൃഷ്ണന്റെ കമ്മിറ്റിയുടെ ചെയർമാനായിരിക്കുവാൻ നിർവാഹമില്ല എന്നറിയിച്ചതിന്റെ വെളിച്ചത്തിൽ അദ്ദേഹത്തെ കമ്മിറ്റിയുടെ ചെയർമാൻ സ്ഥാനത്തുനിന്നും മാറ്റുകയും ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജിയെ ചെയർമാൻ സ്ഥാനത്തേയ്ക്കു നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടു്. കമ്മിറ്റി ഇന്നു മൂന്നുമണിക്കകം റിപ്പോർട്ട് സമർപ്പിക്കുകയും ലജിസ്ലേച്ചർ സെക്രട്ടറിയേറ്റിൽ നിന്നും സംക്ഷിപ്തമായ റിപ്പോർട്ട് ചീഫ് മിനിസ്റ്റർക്കു ഹാജരാവർ ചെയ്യണമെന്നുമാണു് ഇന്നലെ എടുത്തിട്ടുള്ള തീരുമാനം സ്പീക്കർക്കു എഴുതിത്തന്നിട്ടുള്ളവ നേരത്തെ കൊടുത്തിട്ടുണ്ടു്. പാർട്ടി ലീഡേഴ്സെല്ലാം പരിഗണിച്ചെഴുതിതന്നതാണു്. അതുപോലെതന്നെ ഇന്നത്തെ നോൺ ഒഫിഷ്യൽ റെസല്യൂഷൻസ് അടുത്ത വെള്ളിയാഴ്ച എടുക്കാമെന്നും നിശ്ചയിച്ചിരിക്കുകയാണു്.

LEGISLATIVE BUSINESS

Presentation of Report

The Kerala Industrial Workmen Regulation of Discharge Dismissal and other Forms of termination of Services) Bill, 1968.

Labour Minister (Shri Mathai Manjooran): Sir, I present the Report of the Select Committee on the Kerala Inndustrial Workmen (Regulation of Discharge, Dismissal and other Forms of Termination of Services) Bill, 1968.

Dy. Speaker: The report is presented.

Deputy Speaker: Now we pass on to the third reading of the Kerala Land Reforms (Amendment) Bill, 1968.

The Kerala Land Reforms (Amendment) Bill, 1968.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :—സർ, മൂന്നാം വായന സമയത്തു ചില ഭേദഗതികളും വരുത്താനുണ്ടു്. അതു ഭേദഗതി വരുത്തിയപ്പോൾ കോൺസീക്വൻഷ്യലായിട്ടു വന്നിട്ടുള്ള ഭേദഗതികളാണു്. അവ താഴെ പറയുന്നതാണു്.

Clause 2.

1. In clause 2, in sub-clause (e), in clause (17) of section 2 proposed to be substituted, in Explanation II, after the word, figure and letter "section 6A", the word, figure and letter "section 6B" shall be inserted.

LIBRARY ARCHIVES Kerala Legislative Assembly

2. In clause 2, for sub-clause (g) the following sub-clause shall be substituted, namely:—

"(g) in clause (23),—

(i) for the opening paragraph, the following shall be substituted, namely:—

"(23) 'kanam kuzhikanam' means a transfer by a landlord to another person of garden lands or of other lands or of both—

(i) with all or any of the trees, if any, standing thereon at the time of the transfer, or

(ii) without such trees, for the purpose of planting trees or pepper vines or both thereon and for the enjoyment of the trees transferred, if any, the incidents of which transfer include—";

(ii) the proviso shall be omitted."

3. In clause 2, in sub-clause (i), in clause (25) of section 2 of the principal Act proposed to be substituted, in explanation II, in paragraph (b), for the words "means any dwelling house", the words "means, unless the context otherwise requires, any dwelling house" shall be substituted.

4. In clause 2, in sub-clause (s), in clause (45) of section 2 proposed to be substituted, after the word, figure and letter 'section 6A' the word, figure and letter "section 6B" shall be inserted.

5. In clause 2, in sub-clause (v) (v), in item (j) of clause (57) of section 2 proposed to be substituted, after the word, figure and letter "section 6A", the word figure and letter "section 6B" shall be inserted.

Clause 3.

6. In clause 3, in sub-clause (1) (d), in the second proviso proposed to be substituted, for the figures "72", the figures and letter "72S' shall be substituted.

Clause 13.

7. In clause 13, in sub-section (1) of section 12 proposed to be substituted, after the words "for the time being in force", the words "or in any judgement, decree or order of court" shall be inserted.

Clause 15.

8. In clause 15, in section 13C proposed to be inserted, in sub-section (1), for the words, figures and letters "the 1st day of May, 1967", the words, figures and letters "the 1st day of May, 1968" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

Clause 48.

9. In clause 48, in sub-clause (a), paragraph (ii) shall be renumbered as paragraph (iii), and before that paragraph, the following paragraph shall be inserted, namely:—

"(ii) for the words "the period prescribed for preferring appeal from the orders of the Land Tribunal has expired or, where there was an appeal, from the date on which the appeal was disposed of", the words and figures "the order of the Land Tribunal under section 57 has become final" shall be substituted.".

Clause 56.

10. In clause 56, in sub-clause (a), in sub-section (1) of section 75 proposed to be substituted, in clause (i) (b), for the words "either as owner or as tenant in possession", the words "in possession either as owner or as tenant" shall be substituted.

11. In clause 56, in sub-clause (c), in sub-section (3) of section 75 proposed to be substituted, the words "in possession" shall be omitted.

Clause 62.

12. In clause 62, in sub-clause (c), sub-sections (7) and (8) of section 80 proposed to be substituted shall be omitted, and sub-section (9) proposed to be substituted shall be renumbered as sub-section (7).

Clause 66.

13. For clause 66, the following clause shall be substituted, namely:

"66. **Substitution of new Section for section 83.** — In section 83 of the principal Act, the following section shall be substituted, namely:—

"83. **No person to hold land in excess of the ceiling area.**—With effect from such date as may be notified by the Government in the Gazette, no person shall be entitled to own or hold or to possess under a mortgage lands in the aggregate in excess of the ceiling area.".

General

14. For the words, brackets and figures "sub-section (1) of section 83", wherever they occur, the word and figures "section 83" shall be substituted.

Clause 68.

15. In clause 68, for sub-clause (a) (ii), the following shall be substituted, namely:—

"(ii) in the proviso, for the words "held by him or by the members of his family is liable to be purchased by the cultivating tenant", the words "held by such person or, where such person is a member of a family, by the members of such family, is liable to be purchased by the cultivating tenant orkudik dappukaran" shall be substituted.

V. P. N. NAMBUDIRI,
Secretary.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ:—സർ, മൂന്നാം വായന സമയത്തു ഭേദഗതികൾ ഒന്നും അവതരിപ്പിക്കുവാൻ പാടില്ല. ഇതു ഞങ്ങൾക്കെല്ലാം ഡിസ്ട്രിബ്യൂട്ടുചെയ്ത ഭേദഗതികളാണു്.

ശ്രീമതി കെ. ആർ. ഗൗരി:—ഏതു നിയമത്തിലായാലും ഇത്തരം ഭേദഗതികൾ അവതരിപ്പിക്കേണ്ടിവരും. ചില ഭേദഗതികൾ നാം അംഗീകരിച്ചിരിക്കും. അപ്പോൾ പ്രിൻസിപ്പൽ ആക്റ്റുമായി നോക്കുമ്പോൾ ചില ഭേദഗതികൾ വരുത്തിയെങ്കിൽ മാത്രമേ ക്ലെറിക്കലായിട്ട ശരിയായിട്ട വരികയുള്ളൂ. ഇപ്പോൾതന്നെ 1967 മേയ് ഒന്നാം തീയതി മുതലുള്ള പാട്ടക്കുടിശ്ശിക എന്ന ഒരിടത്തു ഭേദഗതി വരുത്തി അതു 1968 മേയ് ഒന്നാം തീയതിയാക്കണമെങ്കിൽ ഇതുപോലെയൊരു ഭേദഗതികൊണ്ടേ സാധിക്കൂ. ഇവിടെ 'സെക്ഷൻ ബി' കൂട്ടിച്ചേർക്കണമെന്നൊരു ഭേദഗതിയുണ്ടു്. അതു നേരത്തെ 6 (എ) എന്ന ഭേദഗതി അംഗീകരിച്ചതുകൊണ്ടാണു്.

Shri K. Karunakaran: Sir, here in the amendment it is stated "the proviso shall be omitted". That is not a consequential amendment.

ശ്രീമതി കെ. ആർ. ഗൗരി: കാണം കൂഴിക്കാണത്തിന്റെ നിർദ്ദേശം എടുത്തു നോക്കിയാൽ അറിയാം.

Deputy Speaker: I think that proviso is in the original Bill and that amendment has already been accepted by this House.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീമാൻ സി. ബി. ചന്ദ്രശേഖരവാര്യരുടെ ഭേദഗതി സഭ അംഗീകരിച്ചതാണു്. അംഗീകരിച്ച ഭേദഗതിപ്രകാരം പ്രൊവിഷനിൽ ഉള്ള പ്രൊവൈസോ എടുത്തു കളയണമെന്നാണു്.

Shri K. Karunakaran: Sir, the list given to us by the Legislature Secretariat says: 'Notice of amendments to the Kerala Land Reforms (Amendment) Bill, 1968 (Third Reading). If these amendments are consequential amendments, then why should it be placed before this House. This is the third reading stage. No amendment can be moved at this stage.

Smt. K. R. Gouri: Consequential amendments can be made in the third Reading Stage.

[Shri J. A. Chacko in the chair]

ശ്രീ. കെ. എം. മാണി: സർ, കേരള ട്രൈബ്യൂണൽ ഭേദഗതി ബില്ലിന്റെ ചർച്ച അതിന്റെ മൂന്നാം ഘട്ടത്തിലേക്കു് എത്തിയിരിക്കുകയാണു്. ഇതുവരെ നടന്ന ചർച്ചയിൽ നിന്നും ഒരു കാര്യം വ്യക്തമായും മനസിലാക്കാൻ സാധിക്കും. അതെന്താണെന്നു വച്ചാൽ ഈ നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ ഈ വശത്തിരിക്കുന്ന പ്രതിപക്ഷകക്ഷികളെ സംബന്ധിച്ചിടത്തോളം വളരെയധികം സഹകരണം നൽകിയെന്നുള്ളതു് ഒരു വസ്തുതയാണു്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു കാർഷിക പരിഷ്കരണ നിയമം പാസാക്കുമ്പോൾ ആ നിയമം നിലനിൽക്കണമെന്നും, അതു് കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലെന്നും. നിയമത്തിൽ എഴുതിവച്ചിരിക്കുന്ന ആനുകൂല്യങ്ങൾ സാധാരണക്കാർക്കും: ഇടത്തട്ടുകാർക്കും, കുടിയാനും, കുടികിടപ്പുകാർക്കും അനുഭവിക്കാൻ സാധിക്കണമെന്നും മാത്രമേ ആഗ്രഹമുള്ളൂ. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം പല പോരായ്മകളുണ്ടെന്നും, ഈ നിയമത്തിൽ ഭരണഘടനയ്ക്കു വിരുദ്ധമായ ചില വ്യവസ്ഥകളുണ്ടെന്നുമെല്ലാം ഈ വശത്തുള്ള പ്രതിപക്ഷമെമ്പറന്മാരായ ഞങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ, അവയിലേതെങ്കിലും ഒന്നു് സ്വീകരിക്കാൻ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്കു് വിശാലമനസ്കത ഉണ്ടായില്ലെന്നുള്ളതു് വളരെ സങ്കടകരമായ ഒരു കാര്യമാണു്. ഞങ്ങളുടെ നിവേദനങ്ങളെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

തന്നെ വെറും വനരോദനങ്ങളായി മാറുകയാണ് ചെയ്യുന്നത്. ഈ ബില്ലിന്റെ മൂന്നാം ഘട്ടമായ ഈ അവസരത്തിലെങ്കിലും ബഹുമാനപ്പെട്ട മന്ത്രിക്ക് സന്മനസുണ്ടാവുകയാണെങ്കിൽ, കോടതിയിൽ നിലനിൽക്കാത്ത ഈ നിയമം അവസാനമായി പാസാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ആവശ്യപ്പെടരുതേയെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഏതു നിയമം പാസാക്കുന്നതും ഭരണഘടനയുള്ളിൽ നിന്നുകൊണ്ടാണ്. പാസാക്കുന്നനിയമം ഭരണഘടനയ്ക്ക് വിധേയമായിട്ടുള്ളതായിരിക്കണം. അല്ലാതെ ഒരു നിയമം വെറും തമാശയ്ക്കുവേണ്ടി പ്രചരണത്തിനുവേണ്ടി പാസാക്കുകയല്ല വേണ്ടത്. അങ്ങനെ പാസാക്കണമെന്നാണെങ്കിൽ അതു പാസാക്കേണ്ട സ്ഥലം ഇവിടെയല്ല, അതിന് രാഷ്ട്രീയ സഭയ്ക്കുകളുണ്ട്, പ്ലാറ്റ്ഫാമുകളുണ്ട്. ഈ സഭയിൽ ഒരു നിയമംകൊണ്ടുവന്ന് പാസാക്കുകയാണെങ്കിൽ അതു ഭരണഘടനാപരമായിരിക്കണം, കോടതിയിൽ നിലനിൽക്കത്തക്കതായിരിക്കണം; അതിന്റെ ആനുകൂല്യം ജനങ്ങൾക്ക് അനുഭവിക്കാൻ സാധിക്കത്തക്കതായിരിക്കണം. നിലനിൽക്കാത്ത ഒരു നിയമം പാസാക്കിയിട്ട് ഈ രാജ്യത്തിന് എന്തു ഗുണമാണുള്ളത്? ഈ കാഷ്ടികപരിഷ്കരണഭേദഗതിനിയമം പുഴുങ്ങിത്തിന്നാൽ ഈരാജ്യത്തെ കുടികിടപ്പുകാരുടെ കൂടിയാനും വിശപ്പുമാറുമോ? ദാഹം തീരുമോ? കുടികിടപ്പുകാരുടേയും കൂടിയാന്റെയും വിശപ്പു മാറ്റുന്നതിനു, ദാഹം തീർക്കുന്നതിനു ഉപയുക്തമായ നിയമപ്രാബല്യമുള്ള നിയമം പാസാക്കുകയാണു വേണ്ടത്. ഇതു നിയമപ്രാബല്യമില്ലാത്തതും നടപ്പിലാക്കാൻ സാധിക്കാത്തതുമായ ഒരു നിയമമാണെന്നു, അതിന്റെ കാതലായ ഭാഗം എടുത്തുകാണിച്ചുകൊണ്ടു പറഞ്ഞപ്പോൾ, ബഹുമാനപ്പെട്ട റവന്യു മന്ത്രി ഹാലിളകികൊണ്ടു എന്നെ സുൽത്താന്റെ വാളെന്നു വിളിക്കുകയുണ്ടായി. അതേസ്വരത്തിൽ എനിക്കു പറയുവാനുള്ളതു ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്ന ഈ നിയമം ഒരു കായംകുളം വാളാണെന്നാണു, കാരണം ഈ ബില്ലിനു രണ്ടു മൂർച്ചയേറിയ വശങ്ങളുണ്ട്, ആ വാളിന്റെ ഒരു വശം ഈ രാജ്യത്തെ മുഴുപട്ടിണിയിലാക്കിയ ജന്മിത്വത്തിന്റെ നേരെ ഉയർത്തിപിടിച്ചിരിക്കുന്നുവെങ്കിലും അതിന്റെ മൂർച്ചയേറിയ മറ്റേവശം ഈ രാജ്യത്തെ കുടികിടപ്പുകാരന്റെയും കൂടിയാന്റെയും കഴുത്തറുക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട റവന്യുമന്ത്രി ഉപയോഗിച്ചിരിക്കുകയാണു. ഞാൻ ഈ ബില്ലിന്റെ വ്യവസ്ഥകളെ സംബന്ധിച്ചു നിയമപരമായ അടസ്സങ്ങൾ ഉന്നയിച്ചുകൊണ്ടു സംസാരിച്ചപ്പോൾ റവന്യു മന്ത്രി എന്നോടു പറയുകയുണ്ടായി, ഒരു മൂത്തസഹോദരിയെപ്പോലെ പരിഗണിച്ചാൽ മതിയെന്നും, അവരുടെ ഉപദേശം ഞാൻ കേൾക്കണമെന്നും. ബഹുമാനപ്പെട്ട റവന്യു മന്ത്രിയോടു ഞാൻ പറയുകയാണു. ഞാൻ പരിചയപ്പെട്ടകാലം മുതൽ ഒരു മൂത്തസഹോദരിയെപ്പോലെതന്നെയാണു കരുതുന്നതെന്നും. എന്റെ പ്രിയപ്പെട്ട ചേച്ചിയും ഞാനും ഉൾപ്പെടുന്ന കേരളമാകുന്ന തറവാട്ടിൽ, എന്റെ ചേച്ചിയെടുക്കുന്ന നടപടികളും തെറ്റാണെന്നു വന്നാൽ അതിനു കൂട്ടുനിൽക്കാൻ ഈ ഇളയസഹോദരനെ കിട്ടുകയില്ല, എന്റെ ചേച്ചി ഒരു കുടുംബദ്രോഹിയാണെങ്കിൽ ആ കുടുംബദ്രോഹിയായ ചേച്ചിയുടെ നടപടികളെ അനുകൂലിക്കാൻ ഈ കൊച്ചുസഹോദരനു സാദ്ധ്യമല്ല. മൂത്ത സഹോദരിയായ ഗൗരിയമ്മ ഇക്കാര്യത്തിൽ ഈ സഹോദരനെ ഉപദേശിക്കരുതേ എന്നാണു എനിക്കു അപേക്ഷിക്കുവാനുള്ളത്.

സർ, ടെനൻസി നിയമം എന്നു പറയുന്നതു മാർക്സിസിറ്റു പാർട്ടിയുടെ എന്തെങ്കിലും പുതിയ കണ്ടുപിടിത്തമോ, പുതിയ ആവിഷ്കരണമോ അല്ല. ടെനൻസി നിയമം ഇൻഡ്യയിൽ 1948 മുതൽ പല സംസ്ഥാനങ്ങളിലും പാസാക്കിയിട്ടുണ്ട്. 1948–ൽ പാസാക്കിയിട്ടുള്ള പല ടെനൻസി നിയമങ്ങളും മറ്റു പല നിയമങ്ങളും ഭരണഘടനാവിരുദ്ധമാണെന്നു പ്രഖ്യാപിക്കുകയുണ്ടായി. അവയെല്ലാം തന്നെ കോടതികളിൽ ചോദ്യം ചെയ്യപ്പെടുകയുണ്ടായി. അതിന്റെ ഫലമായി പല നിയമങ്ങളും റദ്ദാക്കുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായിട്ടാണു 1951–ൽ ഭേദഗതി മൂലം ഭരണഘടനയിൽ 31 (എ). 31 (ബി) എന്നിവ കൂട്ടിച്ചേർത്തതു. ഭരണഘടനയുടെ 17–ാ മത്തെ ഭേദഗതിയിലെ 31 (ബി) അനുസരിച്ചു 9.ാം ഷെഡ്യൂളിലേയ്ക്കു റദ്ദാക്കപ്പെട്ട പല സംസ്ഥാനനിയമങ്ങളും ഉൾപ്പെടുത്തുകയുണ്ടായി. നിയമങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

9–ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതു് ഭരണഘടനാപരമായ പരിരക്ഷ നൽകുന്നതിനവേണ്ടിയാണു് 31 (ബി) യിൽ പറഞ്ഞിരിക്കുന്നതു് 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്ന സംസ്ഥാനനിയമങ്ങളിലെ ഏതെങ്കിലും വ്യവസ്ഥകളും ഭരണഘടനയുടെ മൗലികമായ തത്വങ്ങൾക്കു് വിരുദ്ധമായിരുന്നാൽ തന്നെയും, 9–ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയെന്നുള്ള കാരണത്താൽ അവയെ കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലെന്നാണു്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും പാസാക്കിയ ടെനൻസി നിയമങ്ങളും 9–ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി ഭരണഘടനാപരമായ പരിരക്ഷ നൽകുകയും അവ ഫോഴ്സിൽ വരികയും ചെയ്തു. 1964-ലെ ഒന്നാം നിയമം ശ്രീ. പി. ടി. ചാക്കോ ഇവിടെ അവതരിപ്പിച്ചു പാസാക്കിയ ഭൂപരിഷ്കരണനിയമമാണു്. ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ചിരകാല പ്രതീക്ഷകളും സാധിച്ചു കൊടുത്ത ഒരു നിയമമാണു് ശ്രീ. പി. ടി. ചാക്കോ കൊണ്ടുവന്നു പാസാക്കിയ ഭൂപരിഷ്കരണ നിയമം. ഒരു നിയമം കൊണ്ടുവന്നു പാസാക്കിയാൽ അതു് കോടതിയിൽ നിലനിൽക്കുന്നതായിരിക്കണം. പാവപ്പെട്ടവർക്കുവേണ്ടി നിർമ്മിച്ച ഭൂപരിഷ്കരണനിയമം ഭാവിയിൽ കോടതിയിൽ ചോദ്യം ചെയ്യരുതെന്നും, അതു് ഭരണഘടനാവിരുദ്ധമാകരുതെന്നും കരുതി കൊണ്ടുവന്നിട്ടുള്ളതും, അതിന്റെ ഫലമായി 9–ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതുമായിരുന്നു. ഭരണഘടനയുടെ 17–ാ മത്തെ ഭേദഗതിയിൽ രണ്ടു പാർട്ടുകളുണ്ടു്. ഒരു പാർട്ടു് 31 (ബി) ഉൾപ്പെടുന്നതും, മറ്റെ പാർട്ടു് സംസ്ഥാന നിയമങ്ങളും വിവരിക്കുന്ന ലിസ്റ്റുമാണു്. ശ്രീ. പി. ടി. ചാക്കോ കൊണ്ടുവന്നു പാസാക്കിയ ഭൂപരിഷ്കരണ ബിൽ 9–ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും 1964–ലെ ഒന്നാം ആക്ടായി പ്രഖ്യാപിക്കുകയും ചെയ്തു. അതിന്റെ ഫലമായി ആ നിയമത്തിന്റെ വ്യവസ്ഥകളും ഭരണഘടനയിലെ മൗലികമായിട്ടുള്ള അവകാശങ്ങൾക്കു് എതിരായിരുന്നാലും ഈ രാജ്യത്തെ ഒരൊറ്റ ജന്മിക്കുപോലും ചോദ്യം ചെയ്യാനുള്ള അവകാശം ഉണ്ടായിരുന്നില്ല. ആ നിയമം 9–ാം ഷെഡ്യൂളിൽ പ്രവേശിപ്പിച്ച ദിവസം മുതൽ, ഇപ്പോഴത്തെ ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ആ നിയമത്തെ ഭേദഗതി നിയമമായി ഇവിടെ കൊണ്ടുവരുന്നതുവരെ ആരുംതന്നെ ചോദ്യം ചെയ്തിരുന്നില്ല. അതുകൊണ്ടു് എത്രയെങ്കിലും ആകട്ടെ, ക്രമമാകട്ടെ, ഈ രാജ്യത്തെ കുടിയാനും കുടികിടപ്പുകാർക്കും നൽകിയിരുന്ന ആനുകൂല്യം അവർക്കു് ലഭിക്കത്തക്കവിധത്തിൽ ഭദ്രമാക്കിയിരുന്നു. ആർക്കും അതിനെ തടസ്സപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഈ രാജ്യത്തെ പാവപ്പെട്ട, അദ്ധ്വാനിക്കുന്ന, കഷ്ടപ്പെടുന്ന കൃഷിക്കാർക്കു് ചെയ്തുകൊടുത്തിരുന്ന ഏറ്റവും വലിയ സംഭാവനയായിരുന്നു അതു്. ഒരു കാലത്തും ആർക്കും ചോദ്യം ചെയ്യാൻ നിവ്വാഹമില്ലാതിരുന്ന, എല്ലാകാലത്തും ഭദ്രമാക്കപ്പെട്ടിരുന്ന ഒരു നിയമമായിരുന്ന ശ്രീ. പി. ടി. ചാക്കോ കൊണ്ടുവന്നതു്. അങ്ങനെയുള്ള ഒരു നിയമത്തെ കുരങ്ങിന്റെ കൈയിൽ കിട്ടിയപൂമാലപോലെ ബഹുമാനപ്പെട്ട റവന്യൂമന്ത്രി പിച്ചിച്ചീന്തിയിരിക്കുകയാണിപ്പോൾ. ആ നിയമത്തിലെ വകുപ്പുകളെല്ലാംതന്നെ ഭേദഗതി ചെയ്തിരിക്കുകയാണു്. അതിൽ ആവശ്യമായ ഭേദഗതികളും വരുത്തുന്നതിനു് ഞങ്ങളാരും തന്നെ എതിരല്ല. അതിനെ ഒരു ഭേദഗതി നിയമമായി കൊണ്ടുവരുന്നതിനും എതിരല്ല. 9–ാം ഷെഡ്യൂളിൽ പ്രവേശിപ്പിക്കപ്പെട്ട ഏതെങ്കിലും ഒരുനിയമം ഭേദഗതിചെയ്യുകയാണെങ്കിൽ, ആ ഭേദഗതി ചെയ്യുന്ന അന്നുമുതൽ ആ നിയമത്തെ 9–ാം ഷെഡ്യൂളിൽ നിന്നും പുറത്താക്കപ്പെടും. 9–ാം ഷെഡ്യൂളിൽ നിന്നും പുറത്താക്കുന്നതോടുകൂടി, ഈ രാജ്യത്തെ വൻകിടജന്മിമാർ, ഈ രാജ്യത്തെ കുത്തകമുതലാളിമാർ, ഈ നിയമത്തെ തോൽപ്പിക്കണമെന്നാഗ്രഹിക്കുന്നവരെല്ലാംതന്നെ അതിനെ കോടതിയിലേയ്ക്കു് വലിച്ചിഴയ്ക്കുപ്പെടും. ഈ നിയമം ഭേദഗതിചെയ്ത പാസാക്കികഴിഞ്ഞാൽ അതിലെ വ്യവസ്ഥകളും ഭരണഘടനാവിരുദ്ധമാണെന്നു് പ്രഖ്യാപിച്ച കഴിഞ്ഞാൽ, സങ്കടത്തോടുകൂടി പറയുകയാണു്, കണ്ണുനീരോടുകൂടി പറയുകയാണു്, വേദനിക്കുന്ന ഹൃദയത്തോടുകൂടി പറയുകയാണു് മാർക്സിസ്റ്റു പാർട്ടിക്കു് മാത്രമല്ല പാവപ്പെട്ടവരോടു മനസാക്ഷിയുള്ളതു്, ഞങ്ങൾക്കുണ്ടു്, ഞങ്ങൾക്കും പാവപ്പെട്ടവരോടു് അനുകമ്പയുണ്ടു്, പതിനായിരക്കണക്കിനുള്ള കുടികിടപ്പുകാരെയും പാവപ്പെട്ടവരേയും വഴി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ാംധാരമാക്കുന്നതിൽ വിഷമമുണ്ട്. ഈ കുത്തഴിഞ്ഞ ഭേദഗതി നിയമം ഈ രാജ്യത്തെ പാവപ്പെട്ടവക്ക് ഗുണകരമായിട്ടുള്ളതല്ലെന്നും, ഭരണഘടനയ്ക്ക് വിരുദ്ധമായ വകുപ്പുകളും ഉൾക്കൊള്ളിച്ചിട്ടുള്ളതാണെന്നും ഞാൻ പറഞ്ഞപ്പോഴെല്ലാംതന്നെ റവന്യൂമന്ത്രി ഇടയ്ക്കിടയ്ക്കായി പത്തു് ഇരുപതു് പ്രാവശ്യം പറഞ്ഞിട്ടുണ്ട്, ഇതിനു് പരിരക്ഷയുണ്ട്, പരിരക്ഷയുണ്ട്, ഇതു് നടപ്പിലാകുമെന്നു്. മാത്രമല്ല റവന്യൂമന്ത്രി അവരുടെ ഡിപ്പാർട്ടുമെൻറിന്റെ ഉപദേശം കേട്ടിട്ടുണ്ട്, അഡ്വക്കേറ്റു് ജനറലിന്റെ ഉപദേശം കേട്ടിട്ടുണ്ട് എന്നെല്ലാം പറയുകയുണ്ടായി. എനിക്കു് ഇവരുടെ ഉപദേശങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ആദരവുതന്നെയാണു്. പക്ഷെ അവരുടെ ആരുടെയും ഉപദേശങ്ങളെ ഞാൻ അതോറിറ്റിയായി സ്വീകരിക്കുന്നില്ല ഭരണഘടനയുടെ വ്യാഖ്യാതാവായ ബാസുവിനെ അതോറിറ്റിയായി ഞാൻ സ്വീകരിക്കുകയാണു്. ഇതു് ഭരണഘടനയ്ക്ക് വിരുദ്ധമായ ഒരു നിയമമാണു്, ഭരണഘടനാവിരുദ്ധമായ ഒരു നിയമമാണു്. ഭരണഘടനാവിരുദ്ധമായ നിയമങ്ങളെ കോടതിയിൽ നിലനിൽക്കുകയില്ല, ഭരണഘടനാവിരുദ്ധമായ ഒരു നിയമം പാസാക്കുന്നതു് റിജക്ടു് ചെയ്യേണ്ടതാണു്. ഭരണഘടനയുടെ വ്യാഖ്യാതാവായ ബാസുവിന്റെ കമൻറിൽ 263-ാം പേജിൽ ഇതിനെപ്പറ്റി അദ്ദേഹം വ്യക്തമായി പറഞ്ഞിട്ടുള്ളതു് ഞാൻ വായിക്കാം.

The protection has been widened by the Supreme Court holding that though Article 31B specifically except "the rights conferred by the provisions of Part III of the Constitution," it also saves the scheduled Acts from inconsistency with any corresponding right contained in Section 299(2) of the Government of India Act 1935. In other words any of the scheduled Acts which were enacted prior to 26-1-1950 cannot be challenged on the ground that it does not provide for compensation as required by section 299 (2) of the Government of India Act 1935.

Not only the Acts themselves, but notifications subsequently issued in exercise of the powers conferred by the Acts are also entitled to the protection of Article 31B.

The fact that an Act has been included in the 9th Schedule does not preclude the appropriate Legislature from amending or repealing that Act. But the protection given by Article 31B only applies to the Acts as they stood at the date when the Constitution (First Amendment) Act 1951 which necessitated Article 31B was enacted. If the Legislature subsequently seeks to amend any of these Acts such amendment must be consistent with the fundamental rights conferred by Part III of the Constitution.

സർ, ബാസു അദ്ദേഹത്തിന്റെ കമൻറിയിൽ വളരെ വ്യക്തമായിട്ടു പറഞ്ഞിട്ടുണ്ട്, 9-ാം ഷെഡ്യൂളിൽ പ്രവേശിപ്പിക്കപ്പെട്ട ഏതെങ്കിലും ഒരു നിയമം ഏതെങ്കിലും ഗവണ്മെൻറു് അവരുടെ ഇഷ്ടാനിഷ്ടങ്ങൾക്കു് അനുസരിച്ചു്, അവരുടെ ചിന്താഗതിക്കനുസരിച്ചു് അതു് ഭേദഗതി ചെയ്യുകഴിഞ്ഞാൽ ഭേദഗതി ചെയ്യപ്പെടുന്ന നിയമത്തിനു് പരിരക്ഷ ലഭിക്കുകയില്ലെന്നു്. ഇന്നു് അതിന്റെ മൂന്നാം വായന കഴിഞ്ഞു് ഈ നിയമം പാസ്സായി കഴിഞ്ഞാൽ നാളെ ഇതു് കോടതിയിൽ റിട്ടുമായി പോയാൽ കൂടികിടപ്പുകാർക്കും കൂടിയാനും നൽകപ്പെട്ടിരിക്കുന്ന ആനുകൂല്യങ്ങളും മുഴുവൻ റദ്ദാക്കപ്പെടും. അത്രമാത്രമാണു് വേദനാജനകമായ കാര്യം. ബാസുവിന്റെ ഈ അഭിപ്രായം സുപ്രീംകോടതി ശരിവച്ചിട്ടുണ്ടു്. സുപ്രീംകോടതി അവരുടെ അഭിപ്രായം പറഞ്ഞിരിക്കുന്നതു് 969-ൽ എ. ഐ. ആർ. 168-ൽ ആണു്. സുപ്രീംകോടതി എ. ഐ. ആർ. 168-ാം പേജിൽ ഒരു വിധി നൽകിയിട്ടുണ്ടു്. സുപ്രീംകോടതി ഇതു സംബന്ധിച്ചു പറഞ്ഞിട്ടുള്ളതിന്റെ പ്രസക്തമായ ഭാഗം ഞാൻ ഈ സഭയിൽ വായിക്കാനാഗ്രഹിക്കുകയാണു്.

Constitution of India, Article 31B, 9th Schedule—Bombay Tenancy and Agricultural Lands Act (1967 of 1948), Section 65 (1) (as amended by Section 35 of the Bombay Act 13 of 1956), Section 44 and preamble—inclusion of Bombay Act (67 of 1948) under 9th Schedule—protection under Article 31B is available only to first part of amended sections 65 (1) and not to latter part.

Article 31B no doubt gives protection to all statutes listed in the 9th Schedule of the Constitution of Bombay Act 67 of 1948, is so listed. The condition laid down in the first part of amended section 65 (1) to the effect that Government may take over the management of the land which remains uncultivated for two consecutive years cannot be challenged as that condition was included in the original form of amendment section 65; being protected by Article 31B. But this protection cannot be extended to the condition laid down in the latter part of the amended section 65 (1).

The effect of addition of the latter condition by amending Section 65 is to make the section applicable to non-landholders also add thus carries the Act into new fields. Hence protection under Article 31B if extended to the latter part of the amended section 65 (1) would amount to amendment of the 9th Schedule which is beyond the competence of any State Legislature. Such amendment cannot claim protection under the general scheme of the preamble and Section 44 of the Act, though both of which in turn are protected under Article 31B.

സർ, എനിക്ക് ഇതിൽ ഒരു കാര്യം പറയാനുള്ളതു്—റവന്യൂ മന്ത്രി അവിടെ ഇല്ല, സാരമില്ല—സർ, ഈ നിയമസഭയിൽ.....

ചെയർമാൻ: മന്ത്രി ഇവിടെത്തന്നെയുണ്ടു്, പുറകിൽ ഇരിക്കുന്നുണ്ടു്.

ശ്രീ. കെ. എം. മാണി: പുറകിൽ ഇരുന്നതുകൊണ്ടു് കാര്യമായില്ല. സീറ്റിൽ ഇരുന്നെങ്കിലേ എനിക്ക് എന്തെങ്കിലും ചോദിക്കാനും അവർക്ക് എന്തെങ്കിലും പറയാനും പറ്റുകയുള്ളൂ.

സർ; ഈ സഭയിൽ എനിക്കു പറയാനുള്ളതു് 1948-ലെ Bombay Tenancy Act 1956-ൽ ബോംബെ ഗവണ്മെന്റു് ഭേദഗതി ചെയ്യുകയുണ്ടായി. ആ നിയമം ആദ്യംതന്നെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നതായിരുന്നു. ആദ്യ നിയമത്തിൽ പ്രതിപാദിച്ചിരുന്നതു്, കൃഷിചെയ്യാതെ ഇട്ടിരിക്കുന്ന സ്ഥലങ്ങൾ, ഗവണ്മെന്റിനു് അതിന്റെ മാനേജ്മെന്റു്, അതിന്റെ ഭരണം ഗവണ്മെന്റിനു് ഏറ്റെടുക്കാമെന്നായിരുന്നു. പക്ഷേ, 1956-ൽ അതു ഭേദഗതി ചെയ്യുമ്പോൾ ആ ഭേദഗതി നിയമത്തിൽ non land holders നേയും കൂടി ഇതിന്റെ പരിധിയിൽ വരുത്തിയപ്പോൾ സുപ്രീം കോടതി പറഞ്ഞു, non land holders-നെ കൂടി പരിധിയിൽ വരുത്തിയതുകൊണ്ടുള്ള ഭേദഗതി നിയമം ഭൂരിഭാഗമാണു്, ഭരണഘടനാ വിരുദ്ധമാണെന്നു് പ്രഖ്യാപിക്കുകയുണ്ടായി. ഇതിൽ കൂടുതൽ തെളിവു വേണമോയെന്നു ഞാൻ ചോദിക്കുകയാണു്. അതുകൊണ്ടും തൃപ്തിയായില്ലെങ്കിൽ സുപ്രീംകോടതിയുടെ മറെറാരു വിധിയിലേക്കു് ഞാൻ കടക്കുകയാണു്. 1968-ൽ എ. ഐ. ആർ. ന്റെ 1395-ാം പേജിൽ റിപ്പോർട്ടു ചെയ്തിട്ടുള്ള സുപ്രീംകോടതി റൂളിംഗാണു് അതിൽ വ്യക്തമായിട്ടു പറഞ്ഞിട്ടുണ്ടു്. അതായതു് Maharastra State Agricultural Land Ceiling on Holdings Act ഇതുപോലെതന്നെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുകയായിരുന്നു. ഈ നിയമം 9-ാം ഷെഡ്യൂളിൽ 34-ാം item ആയി ഉൾപ്പെടുത്തിയിരുന്നു. 1962-ൽ Maharastra State Agricultural land Act ഭേദഗതി ചെയ്തു. 1962-ൽ

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്യുമ്പോൾ ആ നിയമത്തിലെ ചില വ്യവസ്ഥകൾ വ്യാഖ്യാനിച്ചു കൊണ്ട് സുപ്രീം കോടതി പറഞ്ഞു Maharastra State Agricultural Land Act ഏതു ദിവസം മുതൽ പ്രവർത്തനത്തിൽ വന്നോ. ഏതു ദിവസം 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തപ്പെട്ടോ ആ ദിവസംവരെയുള്ള, ആ മൂലനിയമത്തിലുള്ള, ആ ദിവസത്തിനു മുമ്പുണ്ടായ് ട്ടുള്ള അമൻറുമെൻറുകൾക്കു മാത്രമേ നിയമപ്രാബല്യമുള്ളൂ. അതിനു ശേഷം വരുന്ന എല്ലാ ഭേദഗതി നിയമങ്ങളും കോടതിയുടെ പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ് എന്ന് 1968-ലെ സുപ്രീം കോടതി റൂളിംഗിൽ പറഞ്ഞിട്ടുണ്ട് ഈ വിവരം. ഈ റൂളിംഗിൻറെ അടിസ്ഥാനത്തിൽ പരിശോധിക്കുകയാണെങ്കിൽ സർ ഒരു കാര്യം വളരെ വ്യക്തമാണ്. 1964-ലെ ഒന്നാം ആക്ടും 1969 ൽ ഭേദഗതി ചെയ്യുമ്പോൾ ആ ഭേദഗതി നിയമം സുപ്രീം കോടതിയുടെ ഈ രണ്ടു റൂളിംഗിൻറെയും അടിസ്ഥാനത്തിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടാം, കോടതിക്കു ചോദ്യം ചെയ്യാമെങ്കിൽ പിന്നെ എന്താണ്?

സർ, ഞാൻ ഇതു പറയുമ്പോൾ ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടെ ഒരു ആർഗ്യുമെൻറിലേയ്ക്കു ഞാൻ വരുകയാണ്. റവന്യൂമന്ത്രി പറയുകയാണ് ഭരണഘടനയുടെ 31(എ) വകുപ്പിൽ 2-ാം ഉപവകുപ്പു പാസ്സായിട്ടുണ്ടെന്നും. ഞാൻ സമ്മതിക്കുകയാണ്, പാസ്സായിട്ടുണ്ട്. ഭരണഘടനയുടെ 17-ാം അമൻറുമെൻറുകൊണ്ട് 31-ാം വകുപ്പിൻറെ (എ) ഉപവകുപ്പിൽ 2-ാമത്തെ സബ്ക്ലാസ്സ് കൂട്ടിച്ചേർക്കുകയുണ്ടായി. ആ സബ്ക്ലാസ്സ് അനുസരിച്ച് റവന്യൂമന്ത്രി പറയുന്നതു് ഒരു കാര്യം മാത്രമാണ്, അതായതു്, എസ്റ്റേറ്റ് എന്നുള്ള വാക്കിൻറെ നിർവ്വചനം മാറിയിട്ടുണ്ട്. അതു കൊണ്ട് യാതൊരു കുഴപ്പവുമില്ല. സർ, ഞാൻ ഇവിടെ സൂചിപ്പിച്ച റൂളിംഗുകളും ഈ എസ്റ്റേറ്റിൻറെ നിർവ്വചനം മാറിയതിനുശേഷം വന്നിട്ടുള്ള റൂളിംഗുകളാണ്. റവന്യൂമന്ത്രി പറയുന്നതു് ഇതാണ്.

The Expression "Estate" shall in relation to any local area have the same meaning as that expression or its local equivalent as in the existing law relating to land tenures in force in that area and shall also include:

(1) any jagir, inam or muafi or other similar grant and in the State of Madras and Kerala any jemmam right;

(2) any land held under ryotwari settlement;

(3) any land held or let for purposes of agriculture or for purposes ancillary thereto including waste land, forest land, land for pasture or sites for buildings and other structures occupied by cultivators of land, agricultural labourers and village artisans;

ഈ ഭേദഗതിയെ സംബന്ധിച്ചിടത്തോളം കാർഷിക ഭൂമി ഭരണഘടനയുടെ 31-ാം വകുപ്പിൽ പറയുന്ന നിർവ്വചനത്തിൻറെ വ്യാപ്തിക്കുള്ളിൽ വന്നുതിയതു കൊണ്ട്, ഭരണഘടനാപരമായ പരിരക്ഷ ലഭിക്കുകയില്ലെന്നു നിങ്ങളാരും ആശങ്കിക്കേണ്ട, നിങ്ങളാരും പ്രയാസപ്പെടേണ്ടാ എന്നാണ് അവർ പറയുന്നതു്. ഈ ഒരു വാദമാണ് റവന്യൂമന്ത്രി ആ കസേരയിൽ ഇരുന്നുകൊണ്ട് എല്ലാ സന്ദർഭത്തിലും വിളിച്ചുപറയുന്നതു്. ഇതു് ഒരു ഒറ്റമൂലിയാണ്, റവന്യൂമന്ത്രിയുടെ ഒറ്റമൂലിയാണ്. എപ്പോഴും, എന്തു ഭരണഘടന പറഞ്ഞാലും തിരിച്ചുപറയും, നിങ്ങളാരും ആശങ്കിക്കേണ്ട, എസ്റ്റേറ്റിൻറെ നിർവ്വചനം മാറിയിട്ടുണ്ട് എന്ന്. ഇതുകേട്ടാൽ തോന്നും ഭരണഘടനയുടെ 3-ാം ചാപ്റ്റർ എന്നു പറയുന്നതു്, ഭരണഘടനയുടെ മൗലികാവകാശങ്ങൾ മുഴുവനും എസ്റ്റേറ്റ് എന്ന വാക്കിനെ മാത്രമാണ് ചുറ്റിപ്പറ്റി നിൽക്കുന്നതെന്ന്. അല്ല സർ, എസ്റ്റേറ്റിൻറെ നിർവ്വചനത്തിൽ വരുത്തിയ ഭേദഗതി ഞാൻ അംഗീകരിക്കുകയാണ്. കാർഷിക ഭൂമിയെക്കൂടി ഉൾപ്പെടുത്തപ്പെട്ടു. പക്ഷെ, കാർഷിക ഭൂമി ഉൾപ്പെടുത്തിയാൽതന്നെ വീണ്ടും കോടതിയെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നതു മുഴുവൻ കാർഷിക ഭൂമിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

കാർഷികഭൂമിയുടെ വ്യാപ്തിയിൽ വരുന്നതാണോ? ഡിസ്ക്രീമിനേഷൻ വരുന്നുണ്ടോ, 26-ാം വകുപ്പിനു വിരുദ്ധമായിട്ടുണ്ടോ, ഭരണഘടനയുടെ ചാപ്റ്റർ 3-നു വിധേയമായി നിൽക്കുന്നുണ്ടോ? ഇതെല്ലാം നാം നോക്കണം. ഈ നിലയിൽ നോക്കുമ്പോൾ കോടതിയെ സംബന്ധിച്ചിടത്തോളം ഈ നിയമത്തെ പരിശോധിക്കാനുള്ള അവകാശമുണ്ടെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്.

സർ, ഒരു കാര്യംകൂടി ബഹുമാനപ്പെട്ട റവന്യൂമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണു്. ഒരു കാര്യമെന്നു പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി തന്നെ പറയുന്ന എസ്റ്റോറിന്റെ നിർവ്വചനത്തിന്റെ വ്യാപ്തി വ്യത്യാസം തന്നെ. ആ ദേഭേദഗതി ബഹുമാനപ്പെട്ട മന്ത്രിക്കു് എതിരാണിവരാൻ പോവുകയാണു്. ഈ അവസരത്തിൽ എനിക്കു പറയാനുള്ളതു്, എസ്റ്റോറിന്റെ നിർവ്വചനത്തിൽ പിടിച്ചുകൊണ്ടു് ഞാൻ പറയുകയാണു്, ഈ നിയമത്തിൽ എസ്റ്റോറല്ലാത്ത വസ്തുക്കൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ? ഈ നിയമത്തിൽ ഭരണഘടനാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടോ? സർ, അതിലേക്കു സുപ്രീംകോടതി സ്വീകരിച്ചിട്ടുള്ള ഒരു പൊതുതത്ത്വം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണു്. 1967-ലെ സുപ്രീംകോടതിയുടെ ഒരു റൂളിംഗ് 1967-ലെ എ. ഐ. ആർ. 661-ാം പേജിൽ ഉദ്ധരിച്ചിട്ടുള്ള ഒരു സുപ്രീംകോടതി വിധിയാണതു്. ആ വിധിയുണ്ടായിട്ടുള്ളതു് ഉത്തരപ്രദേശ് U. P. Zamindari Abolition and Land Reform Amendment Act 1953-ലെ ഒരു വകുപ്പു ചർച്ചചെയ്തുകൊണ്ടാണു്. അതിന്റെ ഭരണഘടനാപരമായ സാധുത ചർച്ചചെയ്തുകൊണ്ടുണ്ടായ ഒരു വിധിയാണു്. ആ റൂളിംഗിൽ സുപ്രീംകോടതി പറഞ്ഞിട്ടുള്ളതു്, വനമോ തരിശുഭൂമിയോ എസ്റ്റോറിന്റെ നിർവ്വചനത്തിൽ വരുകയില്ലെന്നാണു്. സർ, ഞാൻ അതു വായിക്കാൻ ആഗ്രഹിക്കുകയാണു്. മന്ത്രി പറയുന്നതു കാർഷികഭൂമിയെ സംബന്ധിച്ചു നിയമനിർമ്മാണം നടത്താൻ സംസ്ഥാന ഗവണ്മെന്റിനു് അവകാശമുണ്ടെന്നാണു്.

It is not a blank cheque given to the Revenue Minister. It is not an open licence. It is not a blank cheque; mind you.

Sir, I am referring to the ruling laid down by the Supreme Court in A. I. R. 1967.

സർ, കാർഷിക ഭൂമിയുടെമേൽ നിയമനിർമ്മാണം നടത്താനുള്ള അധികാരം ഈ നിയമസഭയ്ക്കു ലഭിച്ചെന്നുവച്ചു് ഉടനെതന്നെ ഭരണഘടനാവിരുദ്ധമായ വ്യവസ്ഥകളും അതിൽ ഉൾക്കൊള്ളിച്ചുകൊണ്ടു് നിയമനിർമ്മാണം നടത്തുമെന്നാണോ അർത്ഥം. 1967-ലെ സുപ്രീംകോടതി ജഡ്ജിമെന്റിൽ പറഞ്ഞിരിക്കുന്നതു് ഇതാണു്. അതിലെ ഒരു പാരഗ്രാഫ് ഞാൻ വായിക്കാം. പാരഗ്രാഫ് 13.

We are unable to read Cl. (a) (iii) in this way. It seems to us that if this was the intention Cl. (a) (iii) would have been split up and waste land, forest land and lands for pasture would have figured separately in a separate clause. There are vast areas of forest land and waste land in India and it is not to be expected that this would be included in the definition indirectly by expanding the word "land". If this was the intention at least the word "including" would have been omitted and substituted by 'any'. Further the whole object of Art. 31 A is to carry out agrarian reforms and it is difficult to see how agrarian reforms can be furthered by the acquisition of every parcel of forest land or waste land.

In our opinion the word "including" is intended to clarify or explain the concept of lands held or let for purposes ancillary to agriculture. The idea seems to be to remove any doubts on the point whether waste land or

LIBRARY ARCHIVES Kerala Legislative Assembly

forest land could be held; to be capable of being held or let for purposes ancillary to agriculture.

We must therefore hold that forest land or waste land in the area in dispute cannot be deemed an estate within clause 3(a) (iii) unless it was held or let for purposes ancillary to agriculture. There is no dispute that the cultivated portion of pargana agori would fall within clause (a) (iii).

സർ, ഈ സുപ്രീംകോടതി റൂളിംഗ് അനുസരിച്ച് കാർഷികഭൂമികളെ സംബന്ധിച്ചിടത്തോളം നിയമം നിർമ്മിക്കാനുള്ള അധികാരവും അവകാശവും ഭരണഘടനയുടെ 17-ാം ഭേദഗതി നിയമംകൊണ്ട് 31 (എ) വകുപ്പിന്റെ 2-ാമത്തെ ഉപവകുപ്പ് എഴുതിച്ചേർത്തുകൊണ്ട് ഈ നിയമസഭയ്ക്ക് ലഭിച്ചിട്ടുണ്ട്; ശരിയാണ്. പക്ഷെ ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തുള്ള എല്ലാ വനഭൂമികളും ഈ രാജ്യത്തുള്ള എല്ലാ തരിശുഭൂമികളും എസ്റ്റേറ്റിന്റെ നിർവചനത്തിൽ വരുന്നതല്ലെന്ന് 1967-ലെ ഞാൻ ഇവിടെ ഉദ്ധരിച്ച സുപ്രീംകോടതി റൂളിംഗിൽ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്: വനഭൂമിയാണെങ്കിലും തരിശുഭൂമിയാണെങ്കിലും കൃഷിക്കാണോ ഉപയോഗിച്ചുകൊണ്ടിരുന്നത്, ആ ഭൂമികൾ മാത്രമേ ഈ കാർഷികഭൂമിയുടെ പരിധിയിൽ വരുകയുള്ളൂ എന്നു സുപ്രീംകോടതി പറഞ്ഞിട്ടുണ്ട്. ഈ റൂളിംഗിന്റെ വെളിച്ചത്തിൽ ഞാൻ ചോദിക്കുകയാണ്, ഒരു കാലത്തും. നമുക്കറിയാം ശ്രീ. പി. ടി. ചാക്കോയുടെ നിയമത്തിൽ. 1964-ലെ നിയമത്തിൽ കുറെ ശതമാനം, 20 ശതമാനം വനമായിട്ട് കിടക്കുന്ന സ്ഥലം വേസ്റ്റ് ലാൻഡ്. ഭാവിയിൽ വികസിപ്പിക്കുന്നതിനു വേണ്ടി റിസർവ്വ് ചെയ്യാമെന്നു പറഞ്ഞിട്ടുണ്ട്.

അങ്ങനെയുള്ള ഫാറസ്റ്റ് ലാൻഡും വേസ്റ്റ് ലാൻഡും പ്ലാന്റേഷന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടുന്നതാണെന്ന് 1964-ലെ ഒന്നാം നിയമത്തിലെ 44 ഉപവകുപ്പിൽ അതിന്റെ ഡഫനിഷൻ ക്ലാസ്സിൽ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. പുതിയ ഭേദഗതി നിയമത്തിൽ ആ പറഞ്ഞിരിക്കുന്ന എക്സംപ്ഷൻ ഡിലീറ്റുചെയ്തുകൊണ്ട് വനമായിട്ടും വേസ്റ്റായിട്ടും ഇട്ടിരിക്കുന്ന ഭൂമികളെക്കൂടി കൊണ്ടുവന്നിരിക്കുകയാണ്, അതിനെ സീലിംഗിൽക്കൂടി ഉൾപ്പെടുത്തിയിരിക്കുകയാണ്. ഞാൻ ഇതു പറയുന്നതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഒട്ടും വിസ്മയിക്കരുത്. അതൊക്കെ കൂടിയാണ് എടുത്തുകൊടുക്കണമെന്നുള്ളതാണ് എന്റേയും ആഗ്രഹം. പക്ഷെ, ആഗ്രഹവും അഭിലാഷവും ഉണ്ടായാൽ മാത്രം പോര അതു കൂടിയാലും കിട്ടണം. അതു നിയമപ്രകാരമായിരിക്കണം. അതു ഭരണഘടനാപരമായിരിക്കണം.

സർ, ഞാൻ പറയാനാഗ്രഹിക്കുന്നതു് ഇതു് കോടതിയിൽ നിലനിൽക്കുന്നതല്ലെന്നു മാത്രമാണ്. ഈ ഫാറസ്റ്റ് ലാൻറിനെ സംബന്ധിച്ചിടത്തോളം സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ അതു് എസ്റ്റേറ്റല്ലെന്നുള്ളതുകൊണ്ട് കോടതിയിൽ വ്യാഖ്യാനമുണ്ടാകും. എസ്റ്റേറ്റല്ലാത്ത ഭൂമിയെ സംബന്ധിച്ച് ഈ ലജിസ്ലേച്ചറിനു് നിയമം നിർമ്മിക്കാനുള്ള അധികാരമില്ലെങ്കിൽ ആ നിയമം റദ്ദു ചെയ്യപ്പെടും. അതുകൊണ്ട് കുറെ നിയമങ്ങളും എഴുതിവച്ചതുകൊണ്ട് കാര്യമായില്ല കുറെ വ്യവസ്ഥകളും എഴുതിവച്ചതുകൊണ്ട് പ്രയോജനമില്ല. അതുകൊണ്ടു ഞാൻ പറയാനാഗ്രഹിക്കുന്നതു് 1964-ലെ നിയമത്തിലെ 74-ാം വകുപ്പിൽ മൈനറുകൾക്കും വിധവകൾക്കും നൽകപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളം ആ ആനുകൂല്യങ്ങളും എടുത്തുകളഞ്ഞുകൊണ്ട്, അവർക്കു നൽകപ്പെട്ടിരുന്ന ആ റൈറ്റ് എടുത്തുകളഞ്ഞുകൊണ്ട് ഈ അമൻറുമെൻറ് ബില്ലിൽ കൊണ്ടുവന്നിരിക്കുന്നതു് ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിക്കപ്പെടും എന്നുള്ളതിൽ തർക്കമില്ല. സാർ, ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല.

അടുത്തതായി എനിക്കു പറയാനുള്ളതു് കുടികിടപ്പുകാരുടെ മാഗ്നാകാർട്ടയെക്കുറിച്ചാണ്. റവന്യൂമന്ത്രി നാളെ മുതൽ പുറത്തിറങ്ങി, പ്ലാറ്റ്ഫോറത്തിൽനിന്നു പ്രസംഗിക്കും കുടികിടപ്പുകാർക്ക് പർച്ചേസ് റൈറ്റ് കൊടുത്തിരിക്കുന്നു എന്നു്. ഇതു് കുടികിടപ്പുകാരുടെ മാഗ്നാകാർട്ടയാണെന്നു്. ഇതിന്റെ കള്ളങ്ങളും ഞങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

പുറത്തു കാണിക്കാൻ പോവുകയാണു്. നഗരങ്ങളിലും ഗ്രാമങ്ങളിലും നിന്നുകൊണ്ടു് സഭസ്സുകളിൽനിന്നുകൊണ്ടു് കുടികിടപ്പുകാരുടെ വ്യവസ്ഥ വെറും തുണ്ടുകടലാസ്സിലെ വ്യവസ്ഥയാണെന്നും അങ്ങനെ ഇതിന്റെ പൊള്ളത്തരം രാജ്യത്തിലെ കുടികിടപ്പു കാരുടെ മുമ്പിലേക്കു് വയ്ക്കാൻ പോവുകയാണു്. ഞാൻ ഇതു പറയുന്നതു് എന്റെ കൈയിലുള്ള ഭേദഗതിയോടുകൂടിയാണു്. കാൺസ്റ്റിറ്റ്യൂഷന്റെ അതോറിറ്റിയോടുകൂടി അലഹബാദ് ഹൈക്കോടതിയിലെ വിധിയിലേക്കു് നമുക്കൊന്നു നോക്കാം. ഈ നിയമം അസാധുവാണു്. ഈ നിയമത്തിലെ 63-ാം ക്ലാസ് അസാധുവാണു്. ഇതു നിലനിൽക്കുകയില്ല. നിലനിൽക്കാത്ത നിയമത്തിലെ വ്യവസ്ഥകൂടി കുടികിടപ്പുകാരന്റെ പേരിൽ എഴുതിവച്ചിട്ടു് എന്തു വിശേഷമാണു്. നിങ്ങൾക്കു് മനസ്സാക്ഷിയുണ്ടോ, വഞ്ചനയല്ലേ ഇതെന്നു ഞാൻ ചോദിക്കുകയാണു്. 63-ലെ ക്ലാസിൽ പറഞ്ഞിരിക്കുന്നതു് കുടികിടപ്പുകാക്കു് സിറ്റിയിലും കോർപ്പറേഷനിലും 3 സെന്റു് മേജർ മുനിസിപ്പാലിറ്റികളിൽ 5 സെന്റു് പഞ്ചായത്തുകളിൽ 10 സെന്റു് ഇതൊരു പൊതുതത്വമാണു്. ഈ പൊതുതത്വത്തെ സംബന്ധിച്ചിടത്തോളം ഒരേക്കർ, രണ്ടേക്കർ, മൂന്നേക്കർ, നാലേക്കർ അഞ്ചേക്കർ ഇങ്ങനെയുള്ള ഭൂവുടമകളുടെ കീഴിൽ കിടക്കുന്ന ഭൂമിയിൽനിന്നും മാക്സിമം വാങ്ങാവുന്ന ഭൂമിയെസംബന്ധിച്ചു് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്,

ശ്രീമതി കെ. ആർ. ഗൗരി: ഇതിന്റെ ചർച്ച എത്ര സമയംവരെ കാണുമെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. എം. മാണി: എന്റെ പ്രസംഗം തീർന്നിട്ടു പറഞ്ഞാൽമതി. ഞാൻ നിൽക്കുകയാണു്.

ശ്രീമതി കെ. ആർ, ഗൗരി: അങ്ങിനെ ഫിക്സ്ചെയ്തിട്ടുണ്ടോ എന്നറിയാനാണു്.

മി. ചെയർമാൻ (ശ്രീ. ജെ. എ. ചാക്കോ): ഇല്ല.

ശ്രീ. കെ. എം. മാണി: ഇന്നലെ ഞാൻ ഒരു ചോദ്യം ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയോടു ചോദിച്ചു. അതു് ബോധപൂർവ്വം ചോദിച്ചതാണു്. അതിനു് റവന്യൂ മന്ത്രി നൽകിയ ഉത്തരം ഭേദഗതനാപരമാണെന്നായിരുന്നു. സർ, കുടികിടപ്പുകാരന്റെ കാമ്പൻസേഷനെ സംബന്ധിച്ചിടത്തോളമുള്ള വകുപ്പിനെകുറിച്ചാണു് ഞാൻ ഡിസ്കസ്ചെയ്യാൻ ആഗ്രഹിക്കുന്നതു്. കുടികിടപ്പുകാരുടെ കാമ്പൻസേഷനെ സംബന്ധിച്ചിടത്തോളം 63-ാം ക്ലാസിൽ സബ്ക്ലാസ് 7-ൽ പറഞ്ഞിരിക്കുകയാണു്.

The purchase price payable by a kudikidappukaran in consideration of the purchase allowed under this section shall be twenty-five per cent of the market value of the land purchased and the improvements thereon, other than the improvements, if any, belonging to the kudikidappukaran.

സർ, ഞാൻ വളരെ അത്ഭുതപ്പെടുകയാണു്. നിയമമറിയാവുന്ന നിയമവകുപ്പു മന്ത്രി, (അവർക്കു് നിയമം അറിഞ്ഞുകൂടെന്നു പറയുന്നില്ല, അവർക്കറിയാം) ഇങ്ങനെ എഴുതിവയ്ക്കാൻ പ്രത്യേകകാരണമുണ്ടു്. നിയമമറിയാവുന്ന നിയമവകുപ്പുമന്ത്രി ഞാൻ ഇന്നലെ ഒരു പോയിന്റു് ഉന്നയിച്ചതിനുശേഷമെങ്കിലും അതു പരിശോധിച്ചിരുന്നുവെങ്കിൽ മൂന്നാംവായനയുടെ സമയത്തു് മുമ്പു് പ്രതിപക്ഷം കൊണ്ടുവന്നതുപോലെ ഇതിലും ഭേദഗതി കൊണ്ടുവരുമായിരുന്നു. ഇതു വായിക്കുമ്പോൾ തോന്നും കുടികിടപ്പുകാർക്കു് ധാരാളം സഹായം കൊടുത്തിരിക്കുന്നു മാർക്കറ്റു വിലയുടെ 25 ശതമാനം കൊടുത്തിരിക്കുന്നു എന്നു്. ജന്മിമാർക്കു് മുഴുവൻ വിലയും കൊടുക്കേണ്ട ആവശ്യമില്ല 25 ശതമാനംമാത്രം പ്രതിഫലം കൊടുത്താൽമതി, പക്ഷെ ഈ വകുപ്പു് നിലനിൽക്കത്തക്കതല്ല. നിലനിൽക്കാത്തതിന്റെ കാരണം ഭേദഗതനയുടെ 31-ാം വകുപ്പിലേക്കു് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണു്. 31-ാം വകുപ്പിന്റെ രണ്ടാഭാഗത്തു് കാമ്പൻസേഷനെ സംബന്ധിച്ചു പറഞ്ഞിട്ടുണ്ടു്. 31-ാം വകുപ്പിൽ സബ്ക്ലാസ് 2-ൽ ആദ്യം പറഞ്ഞിരിക്കുകയാണു്

LIBRARY ARCHIVES Kerala Legislative Assembly

No property shall be compulsorily acquired or requisitioned save for a public purpose and save by authority of a law which provides for compensation for the property so acquired or requisitioned and either fixes the amount of the compensation or specifies the principler on which, and the manner in which, the compensation is to be determined and given; and no such law shall be called in question in any court on the ground that the compensation provided by that law is not adequate.

ആദ്യനിയമത്തിൽ 31-ാമത്തെ വകുപ്പിൽ രണ്ടാം ഉപവകുപ്പിൽ പൊതുവായ ഒരു നിർദ്ദേശം ഉണ്ട്. ഭൂമി അകപ്പയർ ചെയ്യുമ്പോഴും അതിന്റെ പ്രതിഫലം അപര്യാപ്തമാണെന്നുള്ള വാദം ഇതിനു് എതിരായി നിൽക്കുന്നതാണു്. കാരണം നിയമനിർമ്മാണത്തിൽ പ്രതിഫലത്തെ സംബന്ധിച്ചിടത്തോളം കുറഞ്ഞ റേറു് നിർണ്ണയിക്കാനുള്ള അവകാശമുണ്ടു്. അതിനശേഷമാണു് ഈ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങൾക്കും വേണ്ടിയിട്ടുള്ള കാർഷികപരിഷ്കരണനിയമങ്ങൾ അവയ്ക്കു് സംരക്ഷണം കൊടുക്കുന്നതിനുവേണ്ടി 31-ാം വകുപ്പിൽ കൊണ്ടുവരികയുണ്ടായി. ഭരണഘടനയുടെ 17-ാം ഭേദഗതിയിൽ 31 (എ) ഇതാണു് ഗവണ്മെന്റു് എപ്പോഴും പൊക്കിപ്പിടിക്കുന്ന 31 (2) എന്നുപറയുന്ന വകുപ്പു്. ഈ വകുപ്പിൽതന്നെയാണു് പിശകുകിടക്കുന്നതു്. ഈ വകുപ്പിൽ എസ്റ്റേറ്റു് എന്നുള്ള നിർവചനം മാറിയ ആ വകുപ്പിൽ തന്നെ 31 (എ) സബ്ക്ലാസ് 1, സെക്കൻറു് പ്രൊവൈസോയിൽ കൊടുത്തിരിക്കുന്നതു്:

Provided further that where any law makes any provision for the acquisition by the State of any estate and where any land comprised therein is held by a person under his personal cultivation, it shall not be lawful for the State to acquire any portion of such land as is within the ceiling limit applicable to him under any law for the time being in force or any building or structure standing thereon or appurtenant thereto, unless the law relation to the acquisition of such land, building or structure, provides for payment of compensation at a rate which shall not be less than the market value thereof.

ഇതു് അണ്ടർലൈൻ ചെയ്തുകൊണ്ടു് റവന്യൂമന്ത്രി മനസ്സിരുത്തി വായിക്കണം.

'at a rate which shall not be less than the market value thereof'

ആദ്യം 31–ാം വകുപ്പിൽ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം നിയമസഭയെ സംബന്ധിച്ചിടത്തോളം പ്രതിഫലം, അതിന്റെ റേഷ്യോ നിശ്ചയിക്കാനുള്ള അവകാശം കൊടുത്തെങ്കിലും കാർഷികപരിഷ്കരണ നിയമത്തിൽ വരുത്തിയ സീലിംഗ് പരിരക്ഷിക്കുന്നതിനുവേണ്ടി 17–ാമത്തെ ഭേദഗതി കൊണ്ടുവന്നിട്ടു് പാവപ്പെട്ട ഭൂവുടമസ്ഥന്മാർക്കും വലിയഭൂവുടമകൾക്കും പ്രൊട്ടക്ഷൻ കൊടുത്തു. 17–ാമത്തെ ഭേദഗതികൊണ്ടു് രണ്ടുവിധത്തിലാണു് പ്രൊട്ടക്ഷൻ കൊടുത്തിരിക്കുന്നതു്. അതിൽ ഒന്നു് പാവപ്പെട്ട കുടികിടപ്പുകാർക്കാണു്. അവർക്കു കൊടുത്തിരിക്കുന്ന പ്രൊട്ടക്ഷനെ സംബന്ധിച്ചിടത്തോളം കുടികിടപ്പുകാർക്കു് ഒരു പ്രൊട്ടക്ഷൻ കൊടുത്തപ്പോഴും ഭൂവുടമകൾക്കു് മറ്റൊന്നു കൊടുത്തു. ഭൂവുടമകൾക്കു കൊടുത്തിരിക്കുന്ന പ്രൊട്ടക്ഷൻ സീലിംഗിന്റെ ഉള്ളിൽ വരുന്ന ഭൂമിയെ സംബന്ധിച്ചിടത്തോളം പരിധിക്കുള്ളിലുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം പരിധിക്കു് അപ്പുറത്തുള്ളതെല്ലാം പോയിക്കഴിഞ്ഞു് അതിൽ ഒക്കെവച്ചാൽ മാർക്കറ്റു് റേറു്വച്ചുള്ള പ്രതിഫലം കൊടുത്തിരിക്കണമെന്നു് ബഹു. റവന്യൂമന്ത്രി 17–ാം ഭേദഗതിനിയമം ഉണ്ടാക്കിച്ചുകൊണ്ടു് എസ്റ്റേറ്റിനെ സംബന്ധിച്ചു് പ്രതിപാദിച്ചിരിക്കുകയാണു്. അങ്ങനെ 25 ശതമാനംകൊണ്ടു് ഇതു് ശരിയാകുമെന്നു പറഞ്ഞിരിക്കുകയാണു്. ഒരുപക്ഷേ റവന്യൂമന്ത്രി പറഞ്ഞേക്കാം മാണി കാൺസ്റ്റിറ്റ്യൂഷൻ വായിക്കണമെന്നു്. അലഹബാദ് ഹൈക്കോടതിയിലെ റൂളിംഗ് റവന്യൂമന്ത്രി വായിക്കു

LIBRARY ARCHIVES Kerala Legislative Assembly

മെന്നു് ഞാനാഗ്രഹിക്കുകയാണു്. അലഹബാദു് ഹൈക്കോടതിയിൽ 1969 ജനുവരി മാസത്തിലുണ്ടായ ഒരു വിധിയിലെ അൽപ്പം ഭാഗം ഞാൻ വായിക്കാനാഗ്രഹിക്കുകയാണു്. അലഹബാദു് ഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുന്നതു്, ഞാൻ അതിന്റെ പ്രസക്തമായഭാഗം വായിക്കാം.

Article 31A, after the 17th Amendment, carves out a field of legislation from Article 31 (2) and is a complete code in respect of that field. The field is acquisition of an estate. On the field Article 31A acts in different ways. Negatively it protects laws relating to that field from an attack under Articles 14, 19 and 31. Positively by the second proviso, it protects persons personally cultivating land within their ceiling limits from acquisition without payment of compensation at the market rate. This is a protection against Article 31 (2) because under Art. 31 (2) such land could be acquired, without paying compensation at the market rate. If Art. 31 (2) were also to apply, the result would be that Parliament will be deemed to give with one hand and at the same time take it away with the other. That will be absurd.

The second proviso to Art. 31A does not in so many words indicate the effect of its contravention. But the Explanation simultaneously added to the 9th Schedule suggests that a law contravening the second proviso would be void. Parliament gave a substantive guarantee and conferred fresh fundamental right by the 2nd proviso. The Legislature can enact a postive independent provision in the form of a proviso, if an act violates the second proviso, it would be unconstitutional then and there.

ഇപ്പോൾ ഞാൻ വായിച്ചതു് സെക്കൻറു് പ്രൊവൈസൊയാണു്. മുഴവൻ പ്രതിഫലവും നൽകണമെന്നു പറയുന്ന സെക്കൻറു് പ്രൊവൈസൊ ആണു്. ശ്രീമതി ഗൗരിയുടെ കാമ്പൻസേഷനെ സംബന്ധിച്ച ഭേദഗതി ഇപ്പോൾതന്നെ അൺകാൺസ്റ്റിറ്റ്യൂഷണലാണു്.

ശ്രീ. ജി. ഗോപിനാഥൻപിള്ള: സുപ്രീംകോടതിയോ നമ്മുടെ സംസ്ഥാനത്തെ ഹൈക്കോടതിയോ ഇങ്ങനെ ഒരു വിധി പ്രസ്താവിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: ഒരു നിയമപണ്ഡിതനായ അങ്ങയോടു് ഞാൻ ഒന്നും പറയുന്നില്ല. മറ്റു ഹൈക്കോടതി വിധി ഉണ്ടായിരിക്കാം, സുപ്രീംകോടതി വിധി ഉണ്ടായിരിക്കാം. നമ്മുടെ ഹൈക്കോടതിയിൽ ഇങ്ങനെയൊരു കപ്സ്യൂൺ വന്നാൽ ഇങ്ങനെ വിധിയും ഉണ്ടാകും. വളരെ ലെവൽറായ ചില പോയിൻറ്സു് ചില ഹൈക്കോടതിയുടെ റൂളിംഗിൽനിന്നു തിരഞ്ഞെടുത്തു എന്നു മാത്രമേയുള്ളൂ. നാളെ മുതൽ മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു് പാർട്ടി അതിന്റെ രാഷ്ട്രീയ പ്രചരണം ആരംഭിക്കുകയാണു്. നാളെ മുതൽ ശ്രീമതി ഗൗരി രാഷ്ട്രീയ പ്രചരണത്തിൽ പറയാൻ പോകുന്നതു് ഈ രാജ്യത്തെ കുടികിടപ്പുകാർക്കു് ഞാനാണു് പർച്ചേസു് ഡീഡു് നൽകിയതെന്നു്. അവർക്കു് നൽകിയ പർച്ചേസു് ഡീഡു് പോകാൻപോവുകയാണു്. ശ്രീമാൻ പി. ടി. ചാക്കോ നൽകിയിരുന്ന ആനുകൂല്യംപോലും കുടികിടപ്പുകാർക്കു് കിട്ടുകയില്ല. അതുകൊണ്ടാണു് പ്രതിപക്ഷത്തുനിന്നു് വളരെ ധൈര്യത്തോടുകൂടി പറഞ്ഞതു് ഈ നിയമം നിലനിൽക്കുകയില്ല അതു് കുടികിടപ്പുകാർക്കു് ഗുണകരമല്ലെന്നു്. ഇതു് എഴുതിവച്ചതുകൊണ്ടായില്ല. ഇതു് നടപ്പിലാവുകയില്ല. ഇതു് പ്രായോഗികമല്ല. അതുകൊണ്ടു് നിയമപരമായി നിലനിൽക്കുകയില്ല കുടിലാസിൽ എഴുതിവച്ചിട്ടു് അതു് പുഴുങ്ങിത്തിന്നാൽ വിശപ്പു മാറുകയില്ല. നിലനിൽക്കുന്ന ബില്ലായിരിക്കണം. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയെ ഇതിനു പ്രേരിപ്പിച്ച കാരണം എനിക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കോടി രൂപയാണ് കുടികിടപ്പുകാർക്ക് ബനിഫിറ്റ് ഫണ്ടിൽ നീക്കിവച്ചിരിക്കുന്നത്. ആ ഒരു കോടി രൂപയെസംബന്ധിച്ചിടത്തോളം 25 ശതമാനം മാക്സിമം വാല്യു എന്നു പറഞ്ഞുകൊണ്ട് പത്തുമുപ്പതിനായിരം പേർക്കെങ്കിലും കൊടുക്കാൻ കഴിയുമോ എന്നു ഞാൻ ചോദിക്കുകയാണ്. കേരളത്തിലെ ഭൂമിയുടെ വില എന്താണെന്നു നോക്കണം. പഞ്ചായത്തിൽ പത്തു സെന്റു ഭൂമി കുടികിടപ്പുകാരനു നൽകുകയാണ്. ആ പത്തു സെന്റ് സ്ഥലത്തു ഫലവൃക്ഷങ്ങളും കാണും, തെങ്ങുകളും, കമുകുകളും, കുരുമുളകു് എന്നിങ്ങനെയുള്ള പലതും കാണും. അതിന്റെ മാർക്കറ്റു വില എടുക്കുമ്പോൾ ആ ഭൂമിയുടെ അയൽഭൂമിയിന്മേലുള്ള ആധാരങ്ങളുടെ അടിസ്ഥാനത്തിൽ, ദേഹണ്ഡങ്ങളുടെയും കൂടി അടിസ്ഥാനത്തിൽ വില നിശ്ചയിക്കുമ്പോൾ ഒരു സെന്റിനു് കച്ചേരിയിൽ നിന്നും നിശ്ചയിക്കാൻ പോകുന്നതു് ഇരുനൂറു രൂപയായിരിക്കും. തേങ്ങയുടെയും മറ്റും വില തിട്ടപ്പെടുത്തിക്കൊണ്ടുള്ള വിലയായിരിക്കും നിശ്ചയിക്കുന്നതു്. ഒരു സെന്റിനു് ഇരുനൂറു രൂപ എന്നു പറയുമ്പോൾ പത്തു സെന്റു ഭൂമിക്കു് രണ്ടായിരം രൂപയായി. പത്തു സെന്റിനു് രണ്ടായിരം രൂപ വില യെന്നു പറയുമ്പോൾ അതിന്റെ 25 ശതമാനമായ 500 രൂപാ കുടികിടപ്പുകാരന്റെ പർച്ചേസ് റൈറ്റിനുവേണ്ടി സർക്കാരിന്റെ കുടികിടപ്പുകാർസ് ഫണ്ടിൽനിന്നും കോൺട്രിബ്യൂട്ട ചെയ്യണം. ഫണ്ടിൽ നീക്കി വച്ചിരിക്കുന്ന ആകെയുള്ള ഒരു കോടി രൂപയെ 500 കൊണ്ടു ഹരിച്ചാൽ എത്രയാളുകൾക്കു് പർച്ചേസ് റൈറ്റ് കൊടുക്കാൻ സാധിക്കുമെന്നു് ഞാൻ റവന്യൂമന്ത്രിയോടു ചോദിക്കുകയാണ്. അപ്പോൾ ഈ രാജ്യത്തെ കുടികിടപ്പുകാർ പറയും, ഞങ്ങളുടെ മുഴുവൻ പ്രശ്നവും തീർന്നിട്ടില്ല, പത്തു പതിനായിരം പേരെ മാത്രം ഉദ്ദേശിച്ചുകൊണ്ടു് കൊണ്ടുവന്ന നിയമനിർമ്മാണമല്ലേ ഇതെന്നു്. ഇവിടെ ലക്ഷക്കണക്കിനു് കുടികിടപ്പുകാരുണ്ടു്. അവർക്കുതുല്യം ന്യായം ചെയ്തുകൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് എന്തെങ്കിലും ചെയ്യ എന്നു വരുത്താൻവേണ്ടി ഒരു നിയമനിർമ്മാണം കൊണ്ടുവന്നിരിക്കുകയാണ്. ഒരു കാര്യം പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഇപ്പോഴത്തെനിലവച്ചു നോക്കുകയാണെങ്കിൽ ഈ നിയമം ഭരണഘടനാവിരുദ്ധമാകുമെന്നു് ബഹുമാനപ്പെട്ട മന്ത്രിക്കറിയാമായിരുന്നു, ഇവിടെയുള്ള ലാ ഡിപ്പാർട്ടുമെന്റിനു് അറിയാമായിരുന്നു. റവന്യൂ മന്ത്രി അറിഞ്ഞുകൊണ്ടു് അതിന്റെ നേരെ കണ്ണടച്ചിരിക്കുകയാണ്. പകരമായി 25 ശതമാനം എന്നു ചേർത്തുകൊണ്ടു നിയമം കൊണ്ടുവന്നിരിക്കുകയാണ്. ഫുൾ മാർക്കറ്റു വാല്യു എന്നു പറയുമ്പോൾ ഗ്രാമങ്ങളിൽ പത്തു സെന്റു ഭൂമിക്കു് രണ്ടായിരം രൂപാ കൊടുക്കണം. രണ്ടായിരം രൂപ വച്ചു് ആകെയുള്ള ഒരു കോടി രൂപയെ ഹരിച്ചാൽ അയ്യായിരം കുടികിടപ്പുകാർക്കു പോലും പർച്ചേസ് റൈറ്റ് വാങ്ങിക്കുന്നതിനുള്ളതുകയില്ല. ഇതു് അനീതിയല്ലേ, അധർമ്മമല്ലേ?

ശ്രീ. ഇ. എം. ജോർജ്ജ്: ഒരു കോടി രൂപയെ രണ്ടായിരം രൂപ കൊണ്ടു ഹരിച്ചാൽ അയ്യായിരമാണോ?

ശ്രീ. കെ. എം. മാണി: ഒരു കോടി രൂപയെ രണ്ടായിരം കൊണ്ടു ഹരിച്ചാൽ എത്ര കിട്ടുന്നുവോ അത്ര ഞാൻ കണക്കുശാസ്ത്രജ്ഞനൊന്നുമല്ല. ഒരു കാര്യം ചെയ്യണം. ശ്രീ. ജോർജ്ജ് അവിടെ ചുമ്മാതെ ഇരിക്കുകയല്ലേ? അവിടെയുള്ള പുസ്തകമെടുത്തു് ഒരു കോടിയെ രണ്ടായിരംകൊണ്ടു് ഹരിച്ചു് എത്രയുണ്ടെന്നു് നോക്കണം. എനിക്കിപ്പോൾ അതിനു സമയമില്ല. അപ്പോൾ വളരെ പരിമിതമായ കുടികിടപ്പുകാർക്കു് മാത്രമേ പർച്ചേസ് റൈറ്റ് കൊടുക്കാൻ സാധിക്കുകയുള്ളൂ എന്നാണു് ഞാൻ പറഞ്ഞുവന്നതു്. ശ്രീമാൻ പി. ടി. ചാക്കോയുടെ ബില്ലിലാണെങ്കിൽ ഈ പത്തു സെന്റിനു് ഫിക്സിറ്റി ഉണ്ടായിരുന്നു. ഒരു പൈസ പോലും കൊടുക്കേണ്ട, പ്രമാണം എഴുതേണ്ട, വക്കീൽ ഫീസ് കൊടുക്കേണ്ട, കച്ചേരിയിൽ പോകേണ്ട, കമ്മീഷൻ നിശ്ചയിക്കണ്ട മറ്റു യാതൊന്നുംതന്നെ വേണ്ട. ആ പത്തു സെന്റിനു് ഫിക്സിറ്റിയുണ്ടായിരുന്നു. ശ്രീമതി ഗൗരിയുടെ ബില്ലു വന്നപ്പോൾ ഇതാ വന്നിരിക്കുന്നു പർച്ചേസ് റൈറ്റ്! രണ്ടായിരം രൂപ വച്ചു് കുടികിടപ്പുകാരൻ തരണമെന്നു പറഞ്ഞാൽ അവർ ചൂലുകൊണ്ടടിക്കുമെന്നു് റവന്യൂമന്ത്രിക്കറിയാം. അപ്പോൾ ഒരു തത്വം കണ്ടുപിടിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.

Sir, Sec. 90 of the Rules of Procedure and Conduct of Business in the Kerala Legislative Assembly clearly says: "The discussion on a motion that the Bill be passed shall be confined to arguments either in support of the Bill or for the rejection of the Bill. In making his speech a member shall not refer to the details of the Bill further than is necessary for the purpose of his arguments which shall be of a general character".

Sir, he is going into details.

Chairman: He is arguing for the rejection of the Bill. That is the trend of the argument.

ശ്രീ. കെ. എം. മാണി: ഞാൻ ഇതു റിജക്റ്റ് ചെയ്യണമെന്ന് പറയുകയാണ്. അതിനുവേണ്ടിയുള്ള എന്റെ വാദമുഖങ്ങളം നിരത്തിവയ്ക്കുകയാണ്. കാർഷിക പരിഷ്ക്കരണ നിയമം വേണ്ട എന്നല്ല ഞാൻ പറയുന്നത്. കാർഷിക പരിഷ്ക്കരണമെന്ന പറയുന്നത് ഈ രാജ്യത്തിന്റെ ഒരു ദേശീയാവശ്യമാണ്. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം വളരെ പരിമിതമായ ഭൂമിയും വർദ്ധിച്ച ജനസംഖ്യയുമാണുള്ളത്. ആ ഉള്ള ഭൂമിയാകട്ടെ ഒരുപിടി ജന്മിമാരുടെ കൈയിലും. ആ നിലയിൽ ജന്മി കുടിയാൻ ബന്ധം അവസാനിപ്പിച്ചുകൊണ്ട് ഇവിടത്തെ പാവപ്പെട്ടവർക്കും, അദ്ധ്വാനിക്കുന്നവർക്ക് ഒരു നല്ല നാളെ കെട്ടിപ്പടുക്കുന്നതിനുവേണ്ടിയുള്ള ഒരു കാർഷിക പരിഷ്ക്കരണമാണ് വേണ്ടത്. ഞാൻ ഇതു റിജക്റ്റുചെയ്യണമെന്ന പറയുമ്പോൾതന്നെ എനിക്കു ചെയ്യാനുകയാണ്, ഞാൻ എന്തിനിതു പറയുന്നു. ഈ നിയമം കോടതി മുൻപേ നില്ക്കാൻ പോകുന്നില്ല. ഭരണഘടനാവിരുദ്ധമായ വകുപ്പുകളം ഉൾക്കൊള്ളുന്ന ഒരു നിയമം കൊണ്ടുവരണമെന്ന പറഞ്ഞുകൊണ്ടാണ് തുടങ്ങുന്നത്. അല്ലാതെ കാർഷിക പരിഷ്ക്കരണ നിയമത്തിനു് എതിരായതുകൊണ്ടല്ല. അങ്ങനെ ശ്രീമതി ഗൗരി ചിന്തിച്ചപ്പോൾ ഇത്രയും വലിയൊരു തുക സക്കാരിൽനിന്നും കൊടുക്കാൻ നിവൃത്തിയില്ല. പാവപ്പെട്ട കുടികിടപ്പുകാരനറിയാമോ ഭരണഘടനയിലെ വ്യവസ്ഥ വല്ലതും? 25 ശതമാനം പ്രതിഫലം നൽകുമെന്നും അതിന്റെ ഒന്നുപകുതി സക്കാർ നൽകുമെന്നും എഴുതിവച്ചിരിക്കുകയാണ്. എന്നിട്ട് കോടതിയിൽ നിന്നും ചോദ്യംചെയ്യുമ്പോൾ രണ്ടിവേയുടെ തീസിസ് പറയാം, ഇ. എം. എസ്സിന്റെ തീസിസ് പറയാം, മാർക്സിസ്റ്റ് പാർട്ടിയുടെ തീസിസ് പറയാം, ഇതാ കണ്ടോ സകല പുരോഗമന നടപടികൾക്കും കോടതികളം എതിരായി നിൽക്കുകയാണ്. അതിൽക്കൂടുതലെന്തു വേണം. സർ, ഇതു വഞ്ചനയാണ്. വഞ്ചനയെന്നു പറയുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ കൂലത്തൊഴിലാണ്. ഇന്നത്തെ മുന്നണിയെന്നു പറയുന്നത് മാർക്സിസ്റ്റ് പാർട്ടിയുടെ മുന്നണിയാണ്. ഐക്യമുന്നണി ഒരു തട്ടിപ്പായിരുന്നുവെന്നു തെളിഞ്ഞിരിക്കുകയാണ്. ഐക്യമുന്നണിയെന്നു പറഞ്ഞതു് മാർക്സിസ്റ്റ് പാർട്ടിയുടെ മുന്നണിയായിരുന്നുവെന്നു തെളിയിക്കപ്പെട്ടിരിക്കുകയാണ്. മാർക്സിസ്റ്റ് പാർട്ടി അവരുടെ മേധാവിത്വത്തിലുള്ള മുന്നണി സൃഷ്ടിക്കുവാൻവേണ്ടിയാണു ശ്രമിക്കുന്നതു്. തട്ടിപ്പിലും അഴിമതിയിലും ജനിച്ച് അഴിമതിയിൽക്കൂടി വളർന്ന് അധികാരത്തിലെത്തിയ മാർക്സിസ്റ്റ് പാർട്ടി അഴിമതി വളർത്തിക്കൊണ്ട് മുന്നോട്ടു പോകുകയാണ്. അഴിമതിയിൽക്കൂടി വളർന്ന്, അഴിമതിയിൽക്കൂടി അധികാരത്തിൽ വന്ന് അഴിമതിയെ താലോലിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടി അഴിമതിയുടെ പാരക്കല്ലിൽ തട്ടി ഉടയാൻ പോകുകയാണ്. അങ്ങനെ ഈ രാജ്യത്തുനിന്നും അഴിമതി അവസാനിപ്പിക്കുവാൻ പോകുകയാണ്. അങ്ങനെയുള്ള നിങ്ങടെ മരണശ്വാസം വലിക്കുമ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ മുപ്പിറക്കാൻ വേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലല്ലേ ഇതെന്നു ഞാൻ ചോദിക്കുകയാണ്. ഈ നിയമനിർമ്മാണംകൊണ്ട് കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം യാതൊന്നും തന്നെ ലഭിക്കുകയില്ല. അവൻ അവന്റെ ചിരട്ടയും എടുത്തുകൊണ്ട് ഒരു തുള്ളി

LIBRARY ARCHIVES Kerala Legislative Assembly

കഞ്ഞിവെള്ളത്തിനുവേണ്ടി അലഞ്ഞുനടക്കേണ്ടതായ ഗതികേട് അല്ലയോ മാർക്സിസ്റ്റ് കളേ നിങ്ങൾ ഈ രാജ്യത്തു് വരുത്തിവച്ചിരിക്കുക? അല്ലയോ കേരളദ്രോഹി കളെ, നിങ്ങളുടെതന്നെ കേരളം നശിപ്പിച്ച റവന്യൂമന്ത്രി ശ്രീമതി കെ. ആർ. ഗൗരി, ഒരുപക്ഷേ ഞാനും നിങ്ങളും ഇനി അടുത്ത നിയമസഭയിൽ ഉണ്ടെങ്കിൽ—ഇതു ഞാൻ അവസാനമായി പറയുകയാണു്—ഈ നിയമം കോടതിയിൽനിന്നും റദ്ദാക്കിയില്ലെങ്കിൽ അന്നു ഞാൻ ചോദിക്കും. ഇതു വെറും തട്ടിപ്പാണു്. ഇതു പാസ്സാക്കുന്നതിനു് കേരളാ കോൺഗ്രസ്സുകാർ എതിരാണു്, പ്രതിപക്ഷം എതിരാണെന്നു വരുത്തുകയാണു് ലക്ഷ്യം. ശ്രീ. കെ. ടി. ജോർജ് ധീരമായി പറയൂ, ശ്രീ. കെ. ടി. ജേക്കബ്ബ് ധീരമായി പറയൂ സത്യത്തിനെതിരായി ഞങ്ങൾ നിൽക്കുകയില്ലെന്നു്. ഞങ്ങൾ ഒരു പുരോഗമനപരമായ ബിൽ കൊണ്ടുവന്നു എന്നാണു് മാർക്സിസ്റ്റ്പാട്ടി പറയുന്നതു്. അതുകൊണ്ടു് പുരോഗമനപരമായ നടപടികൾക്കു് നിങ്ങൾ എതിരാണെന്നു് പറഞ്ഞു് മാർക്സിസ്റ്റു് പാർട്ടി പ്രചരണം നടത്തുമെന്ന വിശ്വസിക്കേണ്ട കാര്യമില്ല കാരണം കേരളത്തിലെ ജനങ്ങൾ ബുദ്ധിമാന്മാരാണു്, വിവരങ്ങൾ മനസ്സിലാക്കാൻ പ്രാപ്തരാണു്. ഇവിടത്തെ കുടികിടപ്പുകാർ സാക്ഷരതയുള്ളവരാണു്. വരട്ടെ, നമുക്കു് അവരെ സംഘടിപ്പിക്കാം. ഇതെല്ലാം മാർക്സിസ്റ്റു് പാർട്ടിയുടെ വഞ്ചനയാണു്, തട്ടിപ്പാണു്, കുടികിടപ്പുകാർക്കു് ഒന്നും കിട്ടാൻ പോകുന്നില്ല എന്നു് അവരോടു പോയി പറയാം. അവരെ ബോധവാന്മാരാക്കാം. എന്റെ മൂത്ത സഹോദരിയായ റവന്യൂമന്ത്രിയോടു ചോദിക്കുകയാണു്, കുടുംബദ്രോഹിയായ ഗൗരിയോടു പറയുകയാണു്, നിങ്ങൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ ആത്മാർത്ഥതയോടു കൂടിയല്ല, കുടികിടപ്പുകാരെ സഹായിക്കാൻ വേണ്ടിയല്ല, കുടിയാനെ സഹായിക്കാനല്ല നേരേമറിച്ചു് പ്രചരണത്തിനു വേണ്ടിയാണെന്നു്. നിങ്ങളുടെ പ്രചരണത്തിനുവേണ്ടി ഈ ബിൽ പാസ്സാക്കിത്തരാനാണു് ആവശ്യപ്പെടുന്നതു് അതിനു ഞങ്ങൾ തയ്യാറല്ല. ഈ രാജ്യത്തു് ലക്ഷക്കണക്കിനു വരുന്ന കുടികിടപ്പുകാർക്കും കുടിയാന്മാർക്കും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ, അൽപ്പം തല ചായ്ക്കുവാൻ ഒരിടം നൽകിക്കൊണ്ടു്, അവന്റെ വേദന നിർമ്മാർജ്ജനം ചെയ്തുകൊണ്ടു് അവന്റെ സ്ഥിതി ഉയർത്താൻവേണ്ടി, നല്ലൊരു സാമൂഹ്യവ്യവസ്ഥിതിക്കുവേണ്ടി കേരളാ കോൺഗ്രസ് ഈ രാജ്യത്തു നിൽക്കുകയാണു്. മാർക്സിസ്റ്റു് പാർട്ടിയുടെ മാത്രം പ്രചരണത്തിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഇത്തരം വിലകുറഞ്ഞ ഒരു ബില്ലിനു്, കോടതിയിൽ നിലനിൽക്കാത്ത ബില്ലിനു് ഞങ്ങൾ പിൻതുണ നൽകാൻ തയ്യാറല്ല. റവന്യൂമന്ത്രി ക്ഷമിക്കണം. ഈ വഞ്ചന അവസാനിപ്പിക്കണം. ഈ ബില്ലുകൊണ്ടു് നിങ്ങൾ ഒരു മിറാജ് ഉണ്ടാക്കിയിരിക്കുകയാണു്. എന്റെ ഈ ബിൽ പാസ്സായാൽ ഈ രാജ്യത്തു് തേനും, പാലും ഒഴുകും എന്നു പറഞ്ഞു് അഴിമതിയുടെയും തട്ടിപ്പിന്റെയും മാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കുന്ന കപടവേഷധാരിയായ, കാപട്യക്കാരിയായ റവന്യൂമന്ത്രിയുടെ മുഖപടം ഒന്നു തുറന്നു കാണിക്കണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ഈ ബില്ലിനു് ആവശ്യമായ ഭേദഗതികളും കൊണ്ടുവന്നു് നിയമസഭയെ വീണ്ടും നിങ്ങൾ അഭിമുഖീകരിക്കണമെന്നു് ഞാൻ പറയുകയാണു്. അതല്ലെങ്കിൽ ഇതു് ജനവഞ്ചനയാണെന്നു് പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണു്.

ശ്രീ. കെ. ടി. ജേക്കബ്ബ് : സർ, ഈ ദിനം ഏറ്റവും സന്തോഷകരമായ, ചരിത്രപ്രധാനമായ ഒരു ദിനമാണെന്നു് ഞാൻ കരുതുന്നു. ഈ ബില്ലിന്റെ മൂന്നാം വായന കഴിഞ്ഞു് പാസ്സാക്കുന്ന ദിവസമാണിതു്. ഈ ബില്ലിന്റെ മൂന്നാംവായനയുടെ വേളയിൽ വളരെയധികം കാര്യങ്ങൾ എനിക്കു പറയാനുണ്ടെങ്കിലും സമയപരിമിതിമൂലം ഞാൻ അതിനു് ഒരുങ്ങുന്നില്ല. ശ്രീ. മാണിയുടെ പ്രസംഗം കേട്ടപ്പോൾ എനിക്കു് യഥാർത്ഥത്തിൽ ഓക്കാനിക്കാൻ തോന്നി.

ശ്രീ. കെ. എം. മാണി : ഒരു കോളാമ്പി വാങ്ങിച്ചുതരാൻ റവന്യൂമന്ത്രിയോടു പറഞ്ഞാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജോജ്ജ് : വാസ്തവം പറഞ്ഞാൽ ഈ ബില്ലുകൊണ്ട് ഏറ്റവും കൂടുതൽ ആനുകൂല്യം കിട്ടുന്നതു് കുസ്ഥാനികർക്കാണെന്ന യാഥാർത്ഥ്യം മനഃപൂർവ്വം ശ്രീ. മാണി മറച്ചുവയ്ക്കുകയാണു്.

ശ്രീ. കെ. എം. മാണി : ഇവിടെ സാമുദായികത്വം പറയുകയാണു്. അതു് പിൻവലിക്കാൻ പറയണം.

ശ്രീ. കെ. ടി. ജേക്കബ്ബ് : ഞാൻ ഇപ്പോഴും സാമുദായികമായിട്ടാണു് ചിന്തിക്കുന്നതു്.

ശ്രീ. കെ. ടി. ജോർജ്ജ് : സർ, പോയിന്റ് ഒഫ് ഓർഡർ. ഒരു ബില്ലിനെ സംബന്ധിച്ചിടത്തോളമുള്ള ചർച്ചാവേളയിൽ അതിന്റെ ഗുണം ആക്കു കിട്ടുമെന്നും ആക്കു കിട്ടുകയില്ലെന്നും പ്രതിപാദിക്കുന്ന അവസരത്തിൽ ജാതീയമായി ചിന്തിച്ചു് ഏതെങ്കിലും പ്രത്യേക ജാതിക്കാക്കാണു് ഗുണം ലഭിക്കുക എന്നു പറയുന്നതു് ശരിയാണോ ?

ചെയർമാൻ ; കഴിയുന്നതും ആ വക കാര്യങ്ങളും സ്പർശിക്കാതിരിക്കുന്നതു കൊള്ളാം.

ശ്രീ. കെ. ടി. ജേക്കബ്ബ് : സാമുദായിക ചിന്താഗതി കുത്തിച്ചെലുത്താനല്ല ഞാനുദ്ദേശിക്കുന്നതു്. ഒരു പ്രത്യേക വിഭാഗത്തിനാണു് കൂടുതൽ ആനുകൂല്യം കിട്ടുന്നതെന്നു് ഞാൻ പറഞ്ഞതു ശരിയാണു്. അതു് സത്യവുമാണു്. യഥാർത്ഥത്തിൽ ഇന്നു ഭൂമിയിൽ അദ്ധ്വാനിക്കുന്ന, കഷ്ടപ്പെടുന്ന ഒരു വിഭാഗം ഞാൻ മാനസ്സിലാക്കിയിട്ടുള്ളതു് കുസ്ഥാനികളാണെന്നാണു്. അതാണു സത്യം. എന്തിനു് നാം ഈ പരമാർത്ഥത്തെ മറച്ചു വയ്ക്കണം ? അതിനെപ്പറ്റി വിവരിക്കാനാണെങ്കിൽ വളരെയധികം കാര്യങ്ങളും പറയാനുണ്ടു്. പക്ഷേ അതിലേയ്ക്കൊന്നും പോകുന്നില്ല ഈ രാജ്യത്തു വളരെയധികം ഒച്ചപ്പാടുണ്ടാക്കിയ കൊട്ടിയൂർ വനത്തിലെ കുടികിടപ്പുകാർക്കു് ആനുകൂല്യങ്ങളും കൊടുക്കണമെന്ന കാര്യത്തിൽ പ്രക്ഷോഭണം ഈ രാജ്യത്തുണ്ടായി, പക്ഷെ അവർക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല ശ്രീമാൻ ചാക്കോക്കു് പോലും അതിനു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. നിലമ്പൂർ വനങ്ങളിലേയും കാഞ്ഞിരപ്പള്ളി വനങ്ങളിലേയും ലക്ഷക്കണക്കിനുള്ള കൃഷിക്കാരുടെ ജീവിതത്തിനു് ഇന്നു മുതൽ സുരക്ഷിതത്വമുണ്ടായിരിക്കുന്നു എന്നുള്ള പച്ചപ്പരമാർത്ഥം ഒന്നു് അനുസ്മരിക്കുവാനുള്ള കേവലനീതിയോ മര്യാദയോ ശ്രീമാൻ മാണിക്കും ആ ഭാഗത്തിരിക്കുന്ന വർക്കും ഉണ്ടാകുകയില്ല എന്നെനിക്കു വിശ്വാസമുണ്ടു്. അങ്ങനെ ഈ രാജ്യത്തു് വിപുലമായ കുടികിടപ്പവകാശം പ്രഖ്യാപിച്ചുകൊണ്ടുള്ള ഈ ബിൽ പാസ്സാകുന്ന ഈ ദിനത്തിൽ സന്തോഷിക്കുന്നതിനും ആവേശം കൊള്ളുന്നതിനും പകരം വാസ്തവത്തിൽ കുത്തുതുണി പൊക്കിക്കാണിക്കുന്നതുപോലെ മുഷിപ്പൻ മുഖത്തോടുകൂടി ചിലരെ കാണുന്നതു് കഷ്ടമാണു്. ഞങ്ങളും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു് പാർട്ടിയുമായി അഭിപ്രായവ്യത്യാസമുണ്ടെന്നു് എല്ലാപേർക്കുമറിയാം. പക്ഷേ ഈ ബില്ലിനെ സംബന്ധിച്ചു് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയെക്കാൾ കൂടുതൽ സംഭാവന ചെയ്തിട്ടുള്ള ഒരു പാർട്ടിയാണു് ഞങ്ങളുടെതെന്നു് അവകാശപ്പെടുകയാണു്. ഈ ബില്ലിനു ഞങ്ങളും കൊണ്ടുവന്ന ഭേദഗതികളെപ്പറ്റി വളരെ വ്യക്തമായി പറയാനുണ്ടു്. ഉദാഹരണമായി ഒരു ഭേദഗതിയെപ്പറ്റി മാത്രം പറയാം. 1967-നു മുൻപുണ്ടായിരുന്ന സകല പാട്ടക്കുടിശ്ശികയും റദ്ദുചെയ്യണമെന്നു് ഞാൻ കൊണ്ടുവന്ന ഭേദഗതി റവന്യൂ മന്ത്രി സ്വീകരിച്ചിരിക്കുകയാണു്. അതിൽ ഞങ്ങൾക്കഭിമാനമുണ്ടു്. ഈ ബില്ലിനെ പുഷ്ടിപ്പെടുത്തുന്നതിനുപകരം ഇതിനെ നശിപ്പിക്കുവാനുള്ള ശ്രമത്തിൽ കക്ഷികളാകാൻ ഞങ്ങളും ആരും തയ്യാറല്ല.

ശ്രീ. എൻ. ഗണപതി : ആശാനോടു് ഒരു ചോദ്യം.

ചെയർമാൻ : അങ്ങനെ പറയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഗണപതി : ഞങ്ങളും വളരെ സ്നേഹമാണ്. നാട്ടിൽ വച്ച് അങ്ങനെയാണ് വിളിക്കുന്നത്. അതുകൊണ്ടാണ് വിളിച്ചത്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിക്കാണ് ഈ ബില്ലിന്റെ കാര്യത്തിൽ കൂടുതൽ പങ്കെന്നു പറഞ്ഞാൽ അതു മാർക്സിസ്റ്റു പാർട്ടി സ്വീകരിക്കുമോ ?

ശ്രീ. കെ. ടി. ജേക്കബ്ബ് ; അതൊന്നും ഞങ്ങൾക്ക് നിശ്ചയമില്ല. ആര് അംഗീകരിച്ചാലും ഇല്ലെങ്കിലും വസ്തുത ഞാൻ പറയുകയാണ്. ഈ നാട്ടിൽ അൻപതോളം വർഷം നീണ്ടുനിന്ന കൃഷിക്കാരുടെ സമരത്തിന്റെ ചരിത്രമാണ് ഈ ബില്ലിൽ നാം കാണുന്നത്. ആ സമരങ്ങളുടെയെല്ലാം സത്ത ഈ ബിൽ ഉൾക്കൊള്ളുന്നുണ്ട്. ആ നീണ്ടുനിന്ന സമരങ്ങളിൽ ഒരു പ്രത്യേക പാർട്ടിക്ക മാത്രമാണ് പങ്കുള്ളതെന്ന് ഞാൻ പറയുന്നില്ല. ഞാൻ ഉദ്ദേശിക്കുന്നത് കർഷക പ്രസ്ഥാനമെന്നാണ്. അതിൽ വിശേഷിച്ചും ഈ രണ്ട് കമ്മ്യൂണിസ്റ്റു പാർട്ടി കളുടെയും പങ്ക് വേറെ ആരും വഹിച്ചിട്ടില്ല തന്നെ. ഇതിനുവേണ്ടി വീരചരമം പ്രാപിച്ചിട്ടുള്ള രക്തസാക്ഷികളെ അനുസ്മരിക്കുമ്പോഴും ആയിരമായിരം സമരങ്ങളുടെയും വെടിവയ്പ്പുകളുടെയും ലാത്തിച്ചാർജ്ജുകളുടെയും കഥകളും അനുസ്മരിക്കുമ്പോഴും അതിലെല്ലാം എളിയ രീതിയിൽ പങ്കുകൊള്ളാൻ കഴിഞ്ഞിട്ടുള്ള, കൃഷിക്കാരുടെ കൂടെ പത്തിരുപതു വർഷമായി നടക്കാൻ കഴിഞ്ഞിട്ടുള്ള ഞാൻ അഭിമാനം കൊണ്ട് പുളകിതനാകുകയാണ്, ആവേശംകൊള്ളുകയാണ്.

ഈ അവസരത്തിൽ കഴിഞ്ഞപ്രാവശ്യം ഞാൻ പറഞ്ഞ ഒരു വാചകം വീണ്ടും അനുസ്മരിപ്പിക്കുകയാണ്. കേരളത്തിലെ കുടിയായ്മയെ ഇത്രയും വിപുലപ്പെടുത്തി, വിവിധ വിഭാഗം കുടിയായ്മകൾക്ക് സ്ഥിരത കൊടുത്തുകൊണ്ടുള്ള ഒരു ബിൽ ഇൻഡ്യാ രാജ്യത്തു വേറെയുണ്ടായിട്ടില്ലെന്നുള്ളതു ഞാൻ വീണ്ടും ആവർത്തിച്ചു പറയുകയാണ്. ശ്രീ. മാണി പറഞ്ഞതിനൊന്നും മുപടി പറയാൻ ഞാൻ ഒരുങ്ങുന്നില്ല. അദ്ദേഹം, എസ്റ്റേറ്റിന്റെ നിവ്വചനത്തിൽ അതിന്റെ ചുറ്റുപാടുമുള്ള 20 ശതമാനം ഭൂമിയെ ബാധിക്കുന്ന ഒരു ഭേദഗതി ചെയ്യുതിനെപ്പറ്റി പരാതി പറയുന്നതു കേട്ടു. എന്താണ് അതിന്റെ അർത്ഥമെന്നു മനസ്സിലാകുന്നില്ല. കേരളത്തിലുള്ള ഏതു് എസ്റ്റേറ്റു് വേണമെങ്കിലും എടുത്തു നോക്കുക. കണ്ണൻദേവൻ കമ്പനി എസ്റ്റേറ്റു് എടുത്തുനോക്കുകയാണെങ്കിൽ പതിനായിരക്കണക്കിനു് ഏക്കർ ഭൂമി ഭൂണഘടനാപരമായ, നിയമപരമായ വൈഷമ്യങ്ങൾകൊണ്ടു് എടുക്കാൻ നിവൃത്തിയില്ലാതെ കിടക്കുന്നതു കാണാം. അതുപോലെതന്നെ പീരുമേട്ടു്, ഉടുമ്പൻചോല, ദേവികുളം, മലബാർ പ്രദേശങ്ങളിലെ എസ്റ്റേറ്റുകളും ഇവയിൽ എത്രയോ ആയിരക്കണക്കിനുള്ള ഏക്കർ തരിശുഭൂമി വെറുതേ കിടപ്പുണ്ടു്. അന്നേസമയത്തു് തലചായ്ക്കാൻ ഒരു സെൻറു് ഭൂമിപോലും കിട്ടാത്ത ആളുകളും ജീവിക്കുന്ന ഈ രാജ്യത്തു്,

പാമ്പുകൾക്കു് മാളമുണ്ടു്, പക്ഷികൾക്കു് ആകാശമുണ്ടു്
മനുഷ്യപുത്രനു് തലചായ്ക്കാൻ മണ്ണിലിടമില്ല.

എന്ന നാടകത്തിൽ പറയുന്നതുപോലെ, ഈ രാജ്യത്തെ എസ്റ്റേറ്റുകളെ ചുറ്റിക്കിടക്കുന്ന പതിനായിരക്കണക്കിനു് ഏക്കർ തരിശുഭൂമി ഈ നാട്ടിലെ പാവപ്പെട്ടവർക്കു് കൊടുക്കുന്നതിനുവേണ്ടി അതു് കൈവശമാക്കാൻ ശ്രമിച്ചാൽ അപകടമാണെന്നാണു് പറയുന്നതു്. അങ്ങനെ വരുമ്പോൾ കോടതിയെ ആശ്രയിക്കുമെന്നു പറയുന്നതു കേൾക്കുമ്പോൾ നാണം തോന്നുന്നു. കോടതിയോടു് ബഹുമാനക്കുറവുള്ളതുകൊണ്ടല്ല ഞാൻ ഇതു പറയുന്നതു്. പക്ഷെ കോടതി ദൈവമാണെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ രാജ്യത്തിലെ ജനങ്ങളുടെ വികാരങ്ങളെ മാനിച്ചുകൊണ്ടു് കോടതിയുടെ അഭിപ്രായങ്ങളും മാറണം. സുപ്രീം കോടതിയുടേയും ഹൈക്കോടതിയുടേയും അഭിപ്രായങ്ങളും മാറണം. കോടതിയിൽ ചെന്നാൽ ഇതൊന്നും നിലനിൽക്കുകയില്ല എന്നു് ഒരു താക്കീതിന്റെ തരത്തിൽ ഈ ബില്ലിലെ വ്യവസ്ഥകളെ നോക്കിക്കാണുന്നതു് ശരിയല്ല. ഈ ബില്ലിലെ വ്യവസ്ഥകളെ നോക്കിക്കാണുന്നതു്, ദേശത്തിനുവേണ്ടി, അദ്ധ്വാനിക്കുന്ന ജനങ്ങൾക്ക

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി, പാവപ്പെട്ടവർക്ക് വേണ്ടിയുള്ള ഒരു നിയമനിർമ്മാണമെന്നുള്ള അടിസ്ഥാനത്തിലായിരിക്കുന്നു. അതല്ലാതെ കോടതിയുണ്ടെന്നുള്ള ഓലപ്പാമ്പു കാണിച്ചുകൊണ്ട് ജനങ്ങളോടൊന്നും നടക്കാൻ പോകുന്നില്ല; ഒന്നും ചെയ്യാനും പറുകയുമില്ല. നാം ഇവിടെ പാസാക്കിയിട്ടുള്ള ഏതു ബില്ലാണ് കോടതി പോദ്യം ചെയ്യാതിരുന്നിട്ടുള്ളത്? ഏതു ബില്ലായാലും അതേപ്പറ്റി പോദ്യമുണ്ടാകും. പക്ഷേ കോടതി പോദ്യം ചെയ്യുമെന്നു യേന്ന് ജനങ്ങൾക്കുവേണ്ടി ഉണ്ടാക്കുന്ന നിയമനിർമ്മാണങ്ങളെ വെല്ലുവിളിക്കുകയല്ല വേണ്ടതു്.

ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായി, പ്രധാനമായി കാണുന്നതു് നമ്മുടെ രാജ്യത്തിലെ ഭൂമി അദ്ധ്വാനിക്കുന്ന വേലചെയ്യുന്ന കഷ്ടപ്പെടുന്ന ആളുകൾക്കുവേണ്ടി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുള്ളതാണു്. അങ്ങനെയുള്ള ആളുകൾക്കു് ഭൂമി നൽകുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ ഉണ്ടാകുമ്പോൾ നിയമത്തിന്റെ നാലതിരുകൾക്കുള്ളിൽ നിൽക്കാൻ ശ്രമിക്കണം. അതൊക്കെ നോക്കണം. പക്ഷേ അതിന്റെ പേരിൽ തലനാരിഴ കീറി നിയമത്തെ വ്യാഖ്യാനിക്കാൻ ശ്രമിച്ചാൽ ഒരു വകുപ്പിനും സുരക്ഷിതത്വം കിട്ടാൻ സാദ്ധ്യമല്ല. അതിൽ തൂങ്ങിനിൽക്കാതെ ധൈര്യത്തോടെ ജനങ്ങളുടെ പ്രശ്നങ്ങൾക്കു് പരിഹാരം കാണാനുള്ള വ്യവസ്ഥ എഴുതിച്ചേർക്കാൻ ബഹുമാനപ്പെട്ട റവന്യൂമന്ത്രിയും അതുപോലെതന്നെ ഈ ബില്ലിൽ താൽപ്പര്യമുള്ളവരും ശ്രമിച്ചിട്ടുണ്ടു്. അതു നല്ലതുപോലെ പ്രതിഫലിക്കുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് ഈ ബിൽ കോടതി പോദ്യം ചെയ്യുകയോ, മറ്റെന്തെങ്കിലും സംഭവിക്കുകയോ ചെയ്യുകയാണെങ്കിൽ അപ്പോൾ പരിഹാരമുണ്ടാക്കാൻ ഈനിയമസഭയുണ്ടു്, ഈ രാജ്യത്തിലെ ജനങ്ങളുണ്ടു്. അതിന്റെ പേരിൽ ബഹളമുണ്ടാക്കി ഈ ബില്ലിന്റെ മഹത്വത്തേയും മാന്യതയേയും അന്തസ്സത്തയേയും കളഞ്ഞുകുളിക്കുന്ന രീതിയിലുള്ള സമീപനം സ്വീകരിക്കുന്നതു് ശരിയല്ല, തെറ്റാണു്. കുടികിടപ്പുകാരെപ്പറ്റി ബഹുമാനപ്പെട്ട മാണി ഇവിടെ ആക്രോശിച്ചതു് പത്രത്തിൽ വരാൻവേണ്ടിയല്ലാതെ കുടികിടപ്പുകാരോടുള്ള ആത്മാർത്ഥത കൊണ്ടല്ല. ജനങ്ങളാരും ശ്രീ. മാണിയുടെ കൂടെയില്ല. കോട്ടയിലേയും, നിലംപൂരിലേയും, മറ്റു മലയോരപ്രദേശങ്ങളിലേയും ലക്ഷക്കണക്കിനുള്ള കുടികിടപ്പുകാരുടെ യോഗങ്ങളിൽ നമുക്കു് സംബന്ധിക്കാം. അവർക്കു് ഈ ബിൽ വിശദീകരിച്ചുകൊടുക്കാം. അവർ നിശ്ചയിക്കട്ടെ ഈ ബിൽ വേണമോ വേണ്ടയോ എന്നുള്ളതു്. അതുകൊണ്ടു് ഒരു അപകടവും വരാൻ പോകുന്നില്ല

കുടികിടപ്പുകാർക്കു് പർച്ചേസു് റൈറ്റു് കൊടുത്തിരിക്കുന്നതു് അപകടമാണെന്നു ഇവിടെ പറയുന്നതുകേട്ട ജന്മിത്വം ഈ നാട്ടിൽനിന്നു് തുടച്ചുമാറ്റാൻ ശ്രമിച്ചിട്ടുള്ളതു് ശ്രീ. മാണിക്കു മാത്രമല്ല അദ്ദേഹം താലോലിക്കുന്ന ജന്മി മുതലാളിത്ത വർഗ്ഗത്തിനും ഇഷ്ടപ്പെടുന്ന ഒരു കാര്യമല്ലെന്നുള്ളതു് എനിക്കറിയാം. ഈ നാട്ടിലെ കോടാനുകോടി പ്രമാണികളെ കുടികിടപ്പുകാരുടെ സ്വത്തിന്റെ അവകാശികളാക്കിവച്ചുകൊണ്ടു്, അവരുടെ പെണ്ണിനേയും സ്വത്തിനേയും ഉപയോഗിച്ചുകൊണ്ടിരുന്നതു് ഇനിമേലിൽ തുടരാൻ സാദ്ധ്യമല്ലെന്നു പ്രഖ്യാപിക്കുന്ന ഒരു വ്യവസ്ഥയാണു് പർച്ചേസു് റൈറ്റു്. അതു് ഇതിനകത്തു് ഉൾപ്പെടുത്താൻ ശ്രമിച്ചതു് ചില്ലറ കാര്യമൊന്നുമല്ല. ചപ്പക്കുറവം തന്നെയാണു്.

ശ്രീ. കെ. കരുണാകരൻ: ആ പ്രകടനത്തിനു് ആരെങ്കിലും എതിരുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്ബു്: ഉണ്ടു്. ശ്രീ. മാണി അതിനെ എതിർത്തതു് ഞാൻ ഇപ്പോൾ കേട്ടതാണു്. കൂട്ടത്തിൽ അദ്ദേഹം ഭരണഘടനയെക്കൂടി പിടിക്കുന്നു എന്നേയുള്ള. എന്താണു് ഈ പർച്ചേസു് റൈറ്റു്? കുടികിടപ്പുകാരനു്, അവൻ താമസിക്കുന്ന സ്ഥലം വിലകൊടുത്തു വാങ്ങുന്നതിനുള്ള അവകാശം നൽകലാണു്. വില പൂർണ്ണമായി കുടികിടപ്പുകാരനു് കൊടുക്കാൻ സാദ്ധ്യമല്ല. അതു് സർക്കാരിന്റെ സഹായത്തോടുകൂടി വാങ്ങാനുള്ള വ്യവസ്ഥ എഴുതിച്ചേർത്തതാണു് അപരാധമായിപ്പോയി എന്നു പറയുന്നതു്. ഇൻഡ്യയിലെ ഒരു സംസ്ഥാനത്തിലും ഇതേപോലെ കൊണ്ടുവരാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കാത്ത ഒരു ബില്ലാണ് കേരള നിയമസഭയിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഇതു് അവരുടെ മാഗ്നാ കാർട്ടയാണെന്നു പുച്ഛിച്ചു് ഇവിടെ പറയുന്നതുകേട്ടു. കഴിഞ്ഞ പ്രാവശ്യം ഞാനാണു് ആ പദം ഇവിടെ പ്രയോഗിച്ചതു്. ഇതു് കൃഷിക്കാരുടെ മാഗ്നാ കാർട്ട എന്നുള്ള നിലയിൽത്തന്നെയാണു് ഞാൻ ഉറച്ചുനിൽക്കുന്നതു്. കൃഷിക്കാർ കൂടുതൽ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുകയും, അതിനുവേണ്ടി മുന്നോട്ടു പോകുകയും ചെയ്യുന്ന കാഴ്ചയാണു് നാം ഇന്നു കാണുന്നതു്.

ചുരുക്കത്തിൽ എനിക്കു് അവസാനമായി പറയാനുള്ളതു്, ഈ ബില്ലിന്റെ മൂന്നാം വായന കഴിഞ്ഞു് ഈ ബിൽ പാസ്സാക്കിക്കഴിഞ്ഞതിനുശേഷം ഗവണ്മെന്റു് കൈക്കൊള്ളേണ്ട ചില നടപടികളെപ്പറ്റിയാണു്. സാധാരണ ഗതിയിൽ നിയമങ്ങൾ പാസ്സാക്കിയാൽ അതു് അവിടെ വെറുതേ ഇട്ടിരിക്കും. അങ്ങനെ ഉണ്ടാകാൻ പാടില്ല. ഈ ബില്ലിന്റെ ഇംപ്ലിമെന്റേഷൻ അതിപ്രധാനമായ കാര്യമാണു്. ഒരു വർഷംകൊണ്ടു് ഈ ബില്ലിലെ വകുപ്പുകൾ മുഴുവൻ നടപ്പിലാക്കണം. കൈവശരേഖ എടുക്കുന്നതൊന്നും എളുപ്പമുള്ള കാര്യമല്ല. വലിയ പണിയാണു് അതിനാവശ്യമായിട്ടുള്ള പത്തു പതിനഞ്ചു് സെറ്റു് സർവ്വേ സ്റ്റാഫിനെ വച്ചുകൊണ്ടു് ഈ ബിൽ അടിയന്തിരമായി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കണം. അതുപോലെതന്നെ ഈ ബിൽ കഷ്ണം കഷ്ണമാക്കി പാസ്സാക്കുന്നതിനോടു് ഞാൻ അശേഷം യോജിക്കുന്നില്ല. ഒരേ സമയത്തുതന്നെ ഈ ബില്ലിലെ എല്ലാ വകുപ്പുകളും കഴിയുന്നിടത്തോളം വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള സത്വരമായ നടപടികളും സ്വീകരിക്കണം. ഈ ഒരു വർഷത്തിനകം ഗവണ്മെൻറിന്റെ മുഖ്യമായ പരിപാടി ഈ ബിൽ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കലായിരിക്കണം. ഇവിടത്തെ കർഷകരുടേയും കാർഷികത്തൊഴിലാളികളുടേയും വിവിധ വിഭാഗം ആളുകളുടേയും സഹകരണം സമ്പാദിച്ചുകൊണ്ടു് അവരെ യോജിപ്പിച്ചുകൊണ്ടു് ഈ ബിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളും ഗവണ്മെൻറു് സ്വീകരിച്ചില്ലെങ്കിൽ ഇതുകൊണ്ടുള്ള പ്രയോജനം കൃഷിക്കാർക്കു് കിട്ടാൻ പോകുന്നില്ല. അതിനുവേണ്ട നടപടികളും സ്വീകരിക്കുന്നതിനു് ഈ ഗവണ്മെൻറു് വളരെവേഗം മുന്നോട്ടു നീങ്ങണമെന്നാണു് എനിക്കു് അവസാനമായി പറയാനുള്ളതു്.

<u>ശ്രീ. ജി. ഗോപിനാഥൻപിള്ള:</u> നമ്മുടെ നിയമസഭയിൽ ഇത്രയും പ്രധാനപ്പെട്ട ഒരു ബിൽ പാസ്സാകുന്നതിൽ എല്ലാവരും ആഹ്ലാദിക്കുകയാണു്. ശ്രീ. മാണി ആദ്യമുതലേ പറയാറുള്ളതാണു്, ഈ ബിൽ കോടതിയിൽ ചോദ്യം ചെയ്യപ്പെടും, ഭരണഘടനക്കു് വിരുദ്ധമായിരിക്കും എന്നൊക്കെ. ഇതൊക്കെ മുന്നിൽ കണ്ടുതന്നെയാണു് ഈ ബിൽ തയ്യാറാക്കിയിട്ടുണ്ടു്. സുപ്രീം കോടതിയുടേയും അലഹബാദ് ഹൈക്കോടതിയുടേയും വിധികളും ഉദ്ധരിച്ചുകൊണ്ടു് അദ്ദേഹം ഇവിടെ പലതും പറയുന്നതുകേട്ടു. ഭരണഘടന എന്നുമെന്നും ഇതുപോലെ ഒരേ രീതിയിൽ നിലനിൽക്കുമെന്നും ഒരു കാലത്തും ഭേദഗതികളും വരുത്തുകയില്ലെന്നും പറയുന്നതു് ബാലിശമാണു്. ഇതിനിടയിൽത്തന്നെ ഏകദേശം 21 ഭരണഘടനാ ഭേദഗതികളും വന്നുകഴിഞ്ഞു. അതിൽ കാണുന്നതു് ഇങ്ങനെയുള്ള നിയമങ്ങൾക്കു് പ്രൊട്ടക്ഷൻ നൽകുമെന്നാണു്. ഒരു കാര്യവും കോടതി ചോദ്യം ചെയ്യുകയില്ലെന്നു ഞാൻ പറയുന്നില്ല. ഏതു കാര്യം കൊണ്ടുചെന്നാലും കോടതി അന്വേഷണം നടത്തും, തള്ളേണ്ടതു് തള്ളും, സ്വീകരിക്കേണ്ടതു് സ്വീകരിക്കും. ഈ മാതിരിയുള്ള നിയമങ്ങൾ കോടതിയിൽ ചെല്ലുമ്പോൾ ചോദ്യം ചെയ്യുകയാണെങ്കിൽ അതിനു് പരിഹാരം കാണാനുള്ള അധികാരം അസംബ്ലിക്കും പാർലമെൻറിനുമൊക്കെയുണ്ടു്. അതൊക്കെ എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണു്. ഇതൊക്കെയാണെങ്കിലും നമ്മുടെ ചീഫ് ജസ്റ്റിസായിരുന്ന ഹിദായത്തുള്ള ഈ മാതിരിയുള്ള കാര്യങ്ങളെക്കുറിച്ചു് അദ്ദേഹത്തിന്റെ വ്യക്തമായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതു് ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണു്. അദ്ദേഹത്തിന്റെ പര്യടന വേളയിൽ പല പ്രസംഗങ്ങളിലും ഉദ്ധരിക്കുകയുണ്ടായി, നിയമസഭയ്ക്കകത്തും പുറത്തും ജനങ്ങളുടെ വികാരങ്ങളെ മാനിച്ചുകൊണ്ടുവേണം കോടതികളും വിധി.

LIBRARY ARCHIVES Kerala Legislative Assembly

കല്പിക്കേണ്ടതെന്നു്. വെറും ടെക്നിക്കാലിറ്റിയിൽ പിടിച്ചുതൂങ്ങാതെ ജനങ്ങളുടെ ആവശ്യങ്ങളും വികാരങ്ങളും നിയമസഭയിൽ പ്രത്യക്ഷപ്പെടുന്നതിനനുസരിച്ചു് അതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാർ വിധി കല്പിക്കേണ്ടതാണെന്നു് പല തവണ അഭിപ്രായം ഉന്നിപ്പറഞ്ഞിട്ടുണ്ടു്.

ഈ ബില്ലിനകത്തു് കുടികിടപ്പുകാർക്കും കൃഷിക്കാർക്കും ഒക്കെ വേണ്ടത്ര സംരക്ഷണം കൊടുത്തിട്ടുണ്ടു്. സെലക്ട് കമ്മിറ്റി വേളയിലും അതിനുശേഷവും ബഹുമാനപ്പെട്ട റവന്യൂമന്ത്രി പിടിവാശി കൂടാതെ ഏറ്റവും നന്നായി സമഗ്രമായി ഒരു ബിൽ അവതരിപ്പിക്കാനെ അങ്ങേയറ്റം പരിശ്രമിച്ചിട്ടുണ്ടു്. എല്ലാ വിഭാഗക്കാരുടേയും അഭിപ്രായങ്ങളും സമാഹരിച്ചിട്ടുണ്ടു്. കോൺഗ്രസ്സിനോ, കേരളാ കോൺഗ്രസ്സിനോ ഐ. എസ്സു്. പി. യെന്നോ, എസ്സു്. എസ്സു്. പി. യെന്നോ മാർക്സിസ്റ്റിനോ യാതൊരു വ്യത്യാസവും കാണാതെ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളും കൊണ്ടുവന്നിട്ടുള്ള ഭേദഗതികളും സ്വീകരിക്കാനുള്ളതു് സ്വീകരിച്ചുകൊണ്ടു് സാധാരണക്കാർക്കു് ഗ്രഹണം ചെയ്യത്തക്ക വിധത്തിലുള്ള ഒരു നിയമനിർമ്മാണമായിട്ടാണു് ഈ ബിൽ ഇവിടെ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ളതു്. ഇതിനു് പഴയ, ചരിത്രപരമായ ഒരു സത്യമുണ്ടു്. 1954—ൽ പി. എസ്സു്. പി. ഗവണ്മെന്റു് ഒരു ബിൽ കൊണ്ടുവന്നു. അതു് നടപ്പിലായില്ല. 1957-ൽ അധികാരത്തിൽവന്ന ഗവണ്മെന്റിലെ ഇന്നു ഈ ബിൽ അവതരിപ്പിച്ച നമ്മുടെ റവന്യൂമന്ത്രി അന്നു കൊണ്ടുവന്നിരുന്ന ബിൽ നിയമപരമായ പല തടസ്സങ്ങളും പറഞ്ഞു് അസാധുവാക്കുകയാണു് ഉണ്ടായതു്. പിന്നെ ശ്രീമാൻ പി. ടി. ചാക്കോ ഒരു ബിൽ കൊണ്ടുവന്നു. ആ ബില്ലിലെ നൂലാമാലകളും തിരുത്തി ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ അമെൻറുമെൻറു് ബിൽ ഭരണഘടനാവിരുദ്ധമാണെന്നു പറയാൻ നിവൃത്തിയില്ല, ഇതൊരു അമെൻറുമെൻറു് ബില്ലായിട്ടാണു് കൊണ്ടുവരുന്നതെന്നു് ബഹുമാനപ്പെട്ട റവന്യൂമന്ത്രി പല പ്രാവശ്യവും പറഞ്ഞിട്ടുണ്ടു്. എസ്റ്റേറ്റിന്റെ നിശ്ചയനം തന്നെ, റവന്യൂമന്ത്രിയുടെ വ്യാഖ്യാനം, ലാ ഡിപ്പാർട്ടുമെൻറിന്റെ വ്യാഖ്യാനം, അഡ്വക്കേറ്റു് ജനറലിന്റെ വ്യാഖ്യാനം, നിയമസഭയിലെ അഡ്വക്കേറ്റു് മെമ്പറന്മാരുടെ വ്യാഖ്യാനം ഇതെല്ലാം വച്ചുകൊണ്ടു് അതിനകത്തു് വേണ്ടത്ര ഭേദഗതി വരുത്തി നിയമസാധുത്വം കല്പിക്കുന്ന രീതിയിൽ കൊണ്ടുവന്നിട്ടുള്ളതുകൊണ്ടു് അതിനു് ഭരണഘടനാപരമായ യാതൊരു കുഴപ്പവും ഉണ്ടാകാൻ പോകുന്നില്ല. നാം ഒരു നിയമം പാസ്സാക്കുമ്പോൾ ഹൈക്കോടതി ജഡ്ജിമാരെ വിളിച്ചു് അവരുമായി ആലോചിച്ചു് പാസ്സാക്കാനൊന്നും സാധിക്കുകയില്ല. ഭരണഘടനയനുസരിച്ചു് എക്സിക്യൂട്ടീവും ജുഡീഷ്യറിയും, ലജിസ്ലേച്ചറും വേർപെടുത്തിയിട്ടുണ്ടു്. ലജിസ്ലേച്ചർ അതിന്റെ അധികാരം വിനിയോഗിച്ചുകൊണ്ടു് ലാ ഡിപ്പാർട്ടുമെൻറുമായും അഡ്വക്കേറ്റു് ജനറലുമായും കൺസൾട്ടുചെയ്തു് നിയമങ്ങളും ഉണ്ടാക്കുകയാണു് ചെയ്യുന്നതു്. അങ്ങനെയുള്ള നിയമങ്ങളും കോടതിയിൽ ചെല്ലുമ്പോൾ കോടതി അവരുടെ വ്യാഖ്യാനംകൊടുക്കുമെന്നല്ലാതെ ശ്രീ. മാണി പറയുന്ന നിഗമനങ്ങളും വച്ചുകൊണ്ടു് തള്ളിക്കളയുകയൊന്നും ചെയ്യുകയില്ല. ഏതായാലും ഈ നിയമസഭയിൽ ഏറ്റവും ഭംഗിയായി ഇത്ര നല്ല ഒരു നിയമം കൊണ്ടുവന്ന നമ്മുടെ റവന്യൂമന്ത്രിയെ ഞാൻ അനുമോദിക്കുകയാണു്. ഇതിൽ കുടികിടപ്പുകാർക്കു് പർച്ചേസ്സു് റൈറിനുള്ള അവകാശം കൊടുത്തിട്ടുണ്ടു്. അതു് വലിയൊരു കാര്യമാണു്. അതു് കുടികിടപ്പുകാരുടെ മാഗ്നാ കാർട്ടയെന്നോ മറ്റു് എന്തു് പേരു് പറഞ്ഞാലും ശരി, ഒരു കാലത്തും കുടികിടപ്പുകാർ അതു് വിസ്മരിക്കുകയില്ല. ആ രീതിയിൽ കുടികിടപ്പുകാർക്കു് ഉപകാരപ്രദമായ രീതിയിൽ ഒരു നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ അതു് ഫണ്ടമെൻറൽ റൈറ്റ്സിനു് എതിരാണെന്നുള്ള വാദഗതികളും കൊണ്ടുവരുന്നതു് ശരിയല്ല. അഡ്വക്കേറ്റു് ജനറലുമായും മറ്റും കൺസൾട്ടുചെയ്തു് കൊണ്ടുവന്ന ഒരു നിയമനിർമ്മാണമായതുകൊണ്ടു് ഇതിനു് ഒരു കുഴപ്പവും വരാൻ പോകുന്നില്ല. ഈ ബില്ലിനു് വേണ്ട പ്രൊട്ടക്ഷൻ ഭരണഘടനാ ഭേദഗതി നൽകുന്നുണ്ടു് ആ രീതിയിൽ ഈ നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളുടേയും വികാരങ്ങളും മാനിച്ചുകൊണ്ടു് കൊണ്ടുവന്ന ഈ ബിൽ എത്രയുംവേഗം പാസ്സാക്കുന്നതോടൊപ്പം അതു്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾകൂടി ഉടൻതന്നെ സ്വീകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. ടി. ജോർജ്ജ്: സർ, ഭൂപരിഷ്കരണ (ഭേദഗതി)ബിൽ എത്രയും വേഗം പാസാക്കി നടപ്പിലാക്കണമെന്നുള്ള ആവശ്യമുന്നയിച്ചുകൊണ്ടു് കോൺഗ്രസ്സു് ഇവിടെ ഒരു സമരപരിപാടി തന്നെ ആവിഷ്കരിച്ചു. മുന്നോട്ടു വന്ന കഥ ഈയവസരത്തിൽ ഞാൻ അനുസ്മരിക്കുകയാണു്. ഏതെങ്കിലുമൊരു ഭൂപരിഷ്കരണ നിയമനം കൊണ്ടുവന്നാൽ അതുകൊണ്ടു് രാജ്യത്തെ മുഴുവൻ കാർഷികപ്രശ്നങ്ങളേയും പരിഹരിക്കാൻ സാധിക്കുമെന്നു നമുക്കാർക്കും വിശ്വാസമില്ല. അതുകൊണ്ടാണു് ഇതിനു മുൻപുണ്ടായ നിയമത്തിലെ ന്യൂനതകളും പരിഹരിക്കുന്നതിനും കാലാനുസൃതമായ ഭേദഗതികളും ആ നിയമത്തിൽ ഉണ്ടാക്കുന്നതിനും നാമെല്ലാവരും ആഗ്രഹിച്ചതു്. ആ ആഗ്രഹം മുൻനിറുത്തിക്കൊണ്ടു് ഈ രാജ്യത്തെ ലക്ഷോപലക്ഷം വരുന്ന കുടിയാന്മാരുടേയും കുടികിടപ്പുകാരുടേയും താൽപര്യങ്ങളാണു് ഈ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം എന്നുള്ള തത്വം അംഗീകരിച്ചു കൊണ്ടു് അവർക്കു ഗുണം ചെയ്യത്തക്ക രീതിയിൽ ഒരു നിയമനിർമ്മാണം ഈ രാജ്യത്തുണ്ടാകണമെന്നു് നാമെല്ലാവരും ഒരുപോലെ താൽപര്യപ്പെടുന്നവരാണു്. അതുകൊണ്ടു തന്നെയാണു് ഈ ഭൂപരിഷ്കരണനിയമം ഇവിടെ കൊണ്ടുവന്ന അവസരത്തിലും അതിന്റെ ചർച്ചാവേളയിലും ഭേദഗതികളും അവതരിപ്പിക്കുന്ന കാര്യത്തിലായാലും പ്രസംഗങ്ങളും നടത്തുന്ന കാര്യത്തിലായാലും, ഒട്ടും താമസിക്കരുതു്, വേഗം പാസാക്കിയാലും പോരാ വേഗം നടപ്പാക്കണമെന്നുള്ള ഉദ്ദേശത്തിൽ കോൺഗ്രസ്സിന്റെ ഭാഗത്തു നിന്നു പ്രവർത്തിച്ചു പോന്നിട്ടുള്ളതു്. ആ സഹകരണം ഞങ്ങളുടെ ഭാഗത്തുനിന്നു് ആദ്യാവസാനം ഉണ്ടായിരുന്നെങ്കിൽപ്പോലും, ബില്ലിന്റെ പരിസമാപ്തിയിലെത്തുന്ന ഈയവസരത്തിൽ ഞാൻ ഓർക്കുകയാണു്, ഞങ്ങളുടെ സഹകരണം ഞങ്ങളുടെ ദൗർബല്യമായി നിങ്ങളും വ്യാഖ്യാനിച്ചു. ഞങ്ങളുടെ സഹകരണത്തിനൊത്ത രീതിയിൽ പ്രവർത്തിക്കാൻ നിങ്ങളും കഴിഞ്ഞിട്ടില്ല. സന്ദർഭത്തിനൊത്തുയരാൻ റവന്യൂമന്ത്രിക്കു കഴിയാതെ പോയി എന്ന വസ്തുത ഞാൻ ഈയവസരത്തിൽ അനുസ്മരിക്കുകയാണു്. പ്രതിപക്ഷഭാഗത്തുനിന്നു്, ഈ ബിൽ പാസാക്കിയെടുക്കുന്നതിനും നിയമമാക്കുന്നതിനുംകാണിച്ച സഹകരണത്തിന്റെ നൂറിലൊന്നു സഹകരണം ഇങ്ങോട്ടു കാണിക്കാൻ റവന്യൂമന്ത്രിക്കു കഴിയാതെ പോയതിന്റെ പരിണതഫലം ഈ രാജ്യത്തെ പാവപ്പെട്ട കുടികിടപ്പുകാരനും കുടിയാനും അനുഭവിക്കേണ്ടി വരുമോ എന്നുള്ള ആശങ്ക അവശേഷിച്ചിരിക്കുകയാണു്. സാമൂഹ്യനീതി എല്ലാ വിഭാഗക്കാർക്കും കൈവരത്തക്കരീതിയിലായിരിക്കണം നിയമനിർമ്മാണം നടത്തേണ്ടതെന്നുള്ള പൊതുതത്വത്തിൽ നിന്നു് പലപ്പോഴും ബഹുമാനപ്പെട്ട റവന്യൂമന്ത്രി വ്യതിചലിച്ചിട്ടില്ലേ എന്നു ഞാൻ സംശയിക്കുകയാണു്. സർ, ന്യായമായ പല കാര്യങ്ങളും ഉന്നയിച്ചപ്പോഴും അതു കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നാണു് കൊണ്ടുവന്നിട്ടുള്ളതു് എന്നതു മാത്രം കൊണ്ടു് ആ അഭിപ്രായങ്ങളും അംഗീകരിക്കാതിരുന്നതിന്റെ നിരവധി ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കാൻ കഴിയും. ഓരോന്നും ചൂണ്ടിക്കാണിക്കാൻ ഞാനിപ്പോഴും മുതിരുന്നില്ല. തെറ്റാണെങ്കിൽ അതു തെറ്റാണെന്നു് അംഗീകരിക്കാനുള്ള ഹൃദയവിശാലതയുണ്ടായിരിക്കണം. അതാണു് ഭരണശേഷിയുള്ള ഒരു നിയമനിർമ്മാതാവിന്റെ പ്രധാനമായ കഴിവു്. തെറ്റു തെറ്റാണെന്നു ചൂണ്ടിക്കാണിച്ചാൽ അതു മനസ്സിലായാൽ, അതു ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ, തിരുത്താനുള്ള ഹൃദയവിശാലത റവന്യൂമന്ത്രി കാണിച്ചിട്ടില്ലെന്നുള്ള കുറവും ഞാനാരോപിക്കുകയാണു്.

ഭരണഘടനാപരമായ പ്രശ്നങ്ങളെക്കുറിച്ചു് വളരെയേറെ സംസാരിക്കണമെന്നു ഞാൻ കരുതുന്നില്ല. ഭരണഘടനയ്ക്കു അനുസൃതമായിരിക്കണം നിയമനിർമ്മാണ നടപടിയെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. വിദഗ്ദ്ധമായ നിയമനിർമ്മാണം കൊണ്ടുവരുന്ന അവസരത്തിൽ തീർച്ചയായിട്ടും കേരളത്തിലെ അഡ്വക്കേറ്റു് ജനറലിനെയെങ്കിലും ഈ സഭയിൽ കൊണ്ടുവന്നു് ഇതിലെ വിവാദപരമായ വകുപ്പുകളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ അഭിപ്രായം നാം ആരായേണ്ടതായിരുന്നു. യൂണിവേഴ്സിറ്റി ബില്ലിനെ സംബന്ധിച്ചിടത്തോളം അങ്ങനെ പല

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായങ്ങളും ആരാഞ്ഞു പാസാക്കപ്പെട്ട ചില വകുപ്പുകളും ഭരണഘടനാ വിരുദ്ധമെന്നു് അഭിപ്രായപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ, സങ്കീർണ്ണമായ പ്രശ്നങ്ങളും ഉൾകൊള്ളുന്ന ഭൂനിയമത്തെ സംബന്ധിച്ചിടത്തോളം അത്രയെങ്കിലും പ്രാഥമികമായി ചെയ്യുതീക്കേണ്ടിയിരുന്നതു് ഈ രാജ്യത്തു് സാധാരണക്കാരുടേയും കുടിയാന്മാരുടേയും കുടികിടപ്പുകാരുടേയും താൽപ്പര്യങ്ങൾക്കു് അവശ്യം ആവശ്യമായ ഒരു കാര്യമായിരുന്നു. എല്ലാം ഭരണഘടനയിൽ തട്ടി ഉടഞ്ഞുപോകുമെന്നു പറയാൻ ഞാൻ തയ്യാറല്ല. ഇതിന്റെ ഓരോ ഇഴയും ഭേദിച്ചു നോക്കിക്കൊണ്ടു് ഭരണഘടനാ വിരുദ്ധമെന്നു വാദിക്കാനും ഞാൻ തയ്യാറല്ല. പക്ഷേ ഭരണഘടനയെ സംബന്ധിച്ചിടത്തോളം ഒരു കാര്യം പറയാനുണ്ടു്: ഭരണഘടന ഉള്ളിടത്തോളം കാലം അതു് അനുസരിക്കാൻ നാം ബാദ്ധ്യസ്ഥരാണു്. ഭരണഘടനയുള്ളതിൽ നിന്നുകൊണ്ടു് പല രാജ്യങ്ങളിലും കുടിയാന്മാർക്കും കുടികിടപ്പുകാർക്കും അനുകൂലമായ പല നിയമങ്ങളും ഉണ്ടാക്കിയിട്ടുണ്ടു്. അങ്ങനെയിരിക്കെ, ചെറിയ ചെറിയ പ്രശ്നങ്ങളിൽ മുക്കിടമുഷ്ടി പിടിച്ചു്, ഭരണഘടനാ വിരുദ്ധമെന്നു വ്യാഖ്യാനിക്കാൻ ഇടനൽകത്തക്ക വകുപ്പുകളും നിലനിറുത്തുകയാണെങ്കിൽ, വലിയവലിയ ഗുണങ്ങളുംകൂടി ഉൾകൊള്ളിച്ചിട്ടുള്ള ഈ ബില്ലിന്റെ ഗുണം ഒരു പക്ഷേ ഈ രാജ്യത്തെ പാവപ്പെട്ട ആളുകൾക്കു് അനുഭവിക്കാൻ കഴിയാതെ പോകുമോ എന്നുള്ള ആശങ്കകൊണ്ടു ഞാൻ പറയുകയാണു്. തീർച്ചയായും ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ഗുണകരമായ പല കാര്യങ്ങളും ഉള്ളതു കണക്കിലെടുത്തുകൊണ്ടു ഞാൻ പറയുകയാണു്: യാതൊരു ആവശ്യവും കൂടാതെ ഭരണഘടനാപരമായ പ്രശ്നങ്ങൾ സൃഷ്ടിക്കത്തക്ക കാര്യങ്ങൾ മനഃപൂർവ്വം ഇതിൽ ഉൾകൊള്ളിച്ചിട്ടുണ്ടെന്നു് ഞാൻ ആരോപിക്കുകയാണു്. ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ഞാൻ മുൻപു പറഞ്ഞിട്ടുള്ള മാതിരി, കുടിയാനെയും കുടികിടപ്പുകാരനേയും സംരക്ഷിക്കുക മാത്രമല്ല കാർഷിക രംഗത്തു സമൂലമായ പരിഷ്കാരം വരുത്തുകമാത്രമല്ല. അതുമാത്രമല്ല റവന്യൂമന്ത്രിയുടെ ഉദ്ദേശമെന്നു പറയേണ്ടിവന്നതിൽ എനിക്കു ഖേദമുണ്ടു്. ഈ ബില്ലിനെ മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രചരണയന്ത്രമായി ഉപയോഗിക്കണമെന്നു് ആദ്യമേ തീരുമാനമെടുത്തിട്ടുള്ളതാണു്. ആദ്യത്തെ ചർച്ചാവേളയിൽ പറഞ്ഞമാതിരി, എല്ലാം കഴിഞ്ഞു് അവസാനത്തെ ഈ സുപ്രധാന ദിവസത്തിൽ, (ഈ ദിവസം, 17-ാം തീയതി, കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം, ഒരു പക്ഷേ ജനാധിപത്യത്തിന്റെ ചരിത്രത്തെ സംബന്ധിച്ചിടത്തോളം, ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർക്കുന്ന ഒരു ദിവസമായിരിക്കുമെന്നാണു് വിചാരിക്കേണ്ടതു്.).....

ഡെപ്യൂട്ടി സ്പീക്കർ: ഈ ബിൽ പാസാകുന്നതുകൊണ്ടല്ലേ?

ശ്രീ. കെ. ടി. ജോർജ്ജ്: പറഞ്ഞു് ഒരു ഭംഗിയിൽ വന്നപ്പോൾ അങ്ങനെ പറഞ്ഞതാണു്.

.....അവസാന ഘട്ടത്തിൽ വരുന്ന ഈയവസരത്തിൽ, ഒരു ഇരുപ്പുചീട്ടു് ഇറക്കിയിരിക്കുകയാണു്. ഇനി ഇതുമായി ഇറങ്ങണം; പൊതുജനങ്ങളെ സമീപിക്കണം. അതാണു് ഉദ്ദേശം. നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ ആ നല്ല കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പൊതുജനമദ്ധ്യത്തിൽ പ്രചരണം നടത്തുന്നതിനു പാർട്ടികൾക്കുള്ള ചുമതല അംഗീകരിച്ചു കൊണ്ടു തന്നെയാണു് ഞാനിതു പറയുന്നതു്. അതേയവസരത്തിൽ, ഭരണഘടനാപരമായ പ്രശ്നങ്ങൾ മനഃപൂർവ്വം സൃഷ്ടിച്ചുകൊണ്ടു്, ഭരണഘടനയാണു് തങ്ങൾക്കെതിരായി നിൽക്കുന്നതു്. കുടിയാനും കുടികിടപ്പുകാരനും എതിരായി നിൽക്കുന്നതു് കേന്ദ്രം പൂട്ടിത്തയത്തിയ ഭരണഘടനയാണു്, കേന്ദ്രം പൂട്ടിത്തയത്തിയ കോടതികളാണു്, എന്നു വരുത്താൻ മാത്രമായി വകുപ്പുകൾ എഴുതി വച്ചിരിക്കുകയാണു്. അങ്ങനെയുള്ള പല കാര്യങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ലേ എന്നു ഞാൻ സംശയിക്കുകയാണു്. അതിനെപ്പറ്റി വളരെയേറെ വിദഗ്ദ്ധമായഒരഭിപ്രായം തരാൻ ഒരു പക്ഷേ സാധിച്ചില്ലെന്നുവരാം. അതുകൊണ്ടാണു പറഞ്ഞതു്. വിദഗ്ദ്ധാഭിപ്രായം നൽകുന്നതിനു വേണ്ടി അഡ്വക്കേറ്റു് ജനറലിനെ വരുത്തണമെന്നു്. അതു ചെയ്തില്ല. ചെയ്യാതിരുന്നതിന്റെ കാരണമാണു് ഞാൻ സൂചിപ്പിച്ചതു്.

2/1631/G

LIBRARY ARCHIVES Kerala Legislative Assembly

പല വകുപ്പുകളെപ്പറ്റിയും എടുത്തു പറയാനുള്ള കാര്യങ്ങളും എന്റെ മനസ്സിൽ പൊന്തിവരുന്നുണ്ടെങ്കിലും അവയുടെ വിശദാംശങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. നിയമപരമായി എനിക്കു സംശയം തോന്നിയ ഒന്നു രണ്ടു കാര്യങ്ങളും മാത്രം പറയുകയാണു്. ചില പണയക്കാർക്കു കുടയായ്മ അനുവദിച്ചുകൊണ്ടുള്ള വകുപ്പുകളും കൊണ്ടുവന്നിട്ടുണ്ടു്. പ്രത്യേകിച്ചും 20 വർഷം പണയക്കാരനായിരുന്നു കൊണ്ടു് അതിൽ ഒരു മാളിക വച്ചു താമസിച്ചാലും അതു കൂടാതെ രണ്ടേക്കർ ഭൂമി അയാൾക്കുണ്ടായിരുന്നാലു —പണയം കൊടുത്താൽ എത്ര ദരിദ്രനായിക്കൊള്ളട്ടെ—ഈ രണ്ടേക്കറിന്റെ ഉടമയായ മാളിക പണിതയാൾ കുടിയാനായി മാറുമെന്നാണു് ഇതിൽ എഴുതി വച്ചിരിക്കുന്ന വ്യവസ്ഥ. അതു് നിയമത്തിനും നീതിക്കും നിരക്കാത്തതാണു്. നിയമത്തെ വ്യാഖ്യാനം ചെയ്യുന്ന അവസരത്തിൽ മോർട്ട്ഗേജ്സ്സിനെ സംബന്ധിച്ച സംശയം അവശേഷിക്കുകയാണു്. പണയം എങ്ങനെ പാട്ടമാകും? അല്ലെങ്കിൽ എങ്ങനെ പണയം കുടിയായ്മയായി മാറും? ബില്ലിൽ എഴുതി വച്ചാൽ പണയം എങ്ങനെയാണു് കുടിയായ്മയാകുക? മനുഷ്യന്റെ നെറ്റിയിൽ മൃഗമെന്നു് എഴുതി വച്ചാൽ ആ മനുഷ്യൻ മൃഗമാകുമോ? പണയത്തിന്റെ ഇൻസിഡെൻറ്സ് മാത്രമേ ഉള്ളുവെങ്കിൽ കുടിയായ്മയാകുന്നതെങ്ങനെ?

ഡെപ്യൂട്ടിസ്പീക്കർ: ആർഡർ, ആർഡർ. ഒരു കാര്യം സഭയുടെ ശ്രദ്ധയിൽ പ്പെടുത്താനുണ്ടു്. ഈ ബിൽ ഇന്നു തീക്കാമെന്നാണു് ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചതു്. 12 മണിക്കു് മുഖ്യമന്ത്രിക്കു് സഭയിൽ ഒരു പ്രസ്താവന ചെയ്യണം. 11.30—നു് എല്ലാ മെമ്പർമാരും സംസാരിച്ചുതീർത്താൽ മാത്രമേ മന്ത്രിക്കു് അതിനു മറുപടി പറയാൻ കിട്ടുകയുള്ളു. ഇനി ആറു മെമ്പർമാർ സംസാരിക്കാനുണ്ടു്.

ശ്രീ. കെ. ടി. ജോർജ്ജു്: സർ, ഇതിന്റെ ചർച്ചയിൽ പങ്കെടുത്തയാൾ എന്ന നിലയ്ക്കു് പറയാനുള്ള ഏതാനും കാര്യങ്ങളെപ്പറ്റി പറയാതെ പറ്റുമോ?

ശ്രീ. കെ. കരുണാകരൻ: സർ, ഞാൻ സംസാരിക്കുന്നില്ലെന്നു വച്ചും.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: സർ, എന്റെ പാർട്ടിക്കു പറയാനുള്ളതു പറയാൻ അവസരം തരണം. ബിൽ ഇന്നു തന്നെ പാസാക്കണം. അതിനുവേണ്ടി ഒരു മണിവരെ ഇരിക്കാൻ തയ്യാറാണു്.

ശ്രീ. കെ. കരുണാകരൻ: മന്ത്രിക്കു മറുപടി പറയാൻ അരമണിക്കൂർ വേണോ?

ശ്രീമതി കെ. ആർ. ഗൗരി: സർ, അരമണിക്കൂർ കിട്ടിയില്ലെങ്കിൽ ബുദ്ധിമുട്ടാണു്. ശ്രീ മാണി ഒന്നര മണിക്കൂർ പ്രസംഗിച്ചതു മുഴുവൻ "ഭരണഘടന"യാണു്. അതിനു എനിക്കു പറയാനുള്ളതും പ്രൊസീഡിംഗ്സിൽ വരണം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഭരണഘടന സംബന്ധിച്ച കാര്യങ്ങളെല്ലാം കോടതി നോക്കിക്കൊള്ളും. അതിനുവേണ്ടി സമയം കളയണമെന്നുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: പറയണോ വേണ്ടയോ എന്നു ഞാൻ തീരുമാനിച്ചാൽ മതിയല്ലോ?

ശ്രീ. കെ. ടി. ജോർജ്ജു്: എന്തായാലും പാസാകാൻ പോകുകയാണു്. അതു കൊണ്ടു് ഭരണഘടനയെപ്പറ്റി ഒന്നും പറഞ്ഞിട്ടു കാര്യമില്ല. അതു കോടതിയിൽ പോയിട്ടു മതി.

സിമ്പിളം ആയ പണയം പാട്ടമാണെന്നോ അല്ലെങ്കിൽ കുടിയായ്മയാണെന്നോ എഴുതിവച്ചാൽ കുടിയായ്മയുടെ ഇൻസിഡെൻറ് യാതൊന്നുമില്ലെങ്കിൽ എങ്ങനെ കുടിയായ്മയാകും? സർ ഞാൻ ചുരുക്കിപ്പറയുകയാണു്. കൈയേറ്റക്കാർക്കു് അവകാശം നൽകുന്ന 7 (എ), 7 (ബി) വകുപ്പുകളിൽ എഴുതിവച്ചിരിക്കുന്നതെന്താണു്? അവകാശമില്ലാത്തയാൾക്കും എഴുതിക്കൊടുക്കാമെന്നാണു് വന്നിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്. എനിക്ക് സെക്രട്ടേറിയറ്റിന്റെ ഏതെങ്കിലുമൊരു ഭാഗം പാട്ടമായി കൊടുക്കാമെന്നാണ് എഴുതിവച്ചിരിക്കുന്നത്. അങ്ങനെ കൊടുത്ത രേഖകളും പ്രാബല്യത്തിൽ വരുന്നതാണെന്ന എഴുതിവച്ചാൽ അതു നിലനിൽക്കുകയില്ലെന്നു പറയാൻ വലിയ ഭരണഘടനാജ്ഞാനമൊന്നും വേണ്ട, സാമാന്യബുദ്ധിയുള്ള ആർക്കും അറിയാം. ഇങ്ങനെയുള്ള കേസുകളും വളരെയൊന്നുമുണ്ടാവില്ല. അധികാരമില്ലാത്ത എത്രയാളുകൾക്ക് എഴുതിക്കൊടുക്കാൻ സാധിക്കും? വളരെയേറെ ആളുകളെ ഉദ്ദേശിച്ചു എഴുതിവച്ചിട്ടുള്ള വകുപ്പല്ല ഇതു്. ഏതെങ്കിലും വകുപ്പുകൾ ഭരണഘടനാവിരുദ്ധമെന്നു വരണം, അതുവച്ചുകൊണ്ട് പ്രചരണം നടത്തണം; അതാണ് ഉദ്ദേശം. ഈ മാതിരി വകുപ്പുകൾ കോടതിയിൽ പോയാൽ നിലനിൽക്കുകയില്ല; അതു ഭരണഘടനയുടെ കുഴപ്പംകൊണ്ടല്ല, കേന്ദ്രഗവണ്മെന്റിന്റെ കുഴപ്പംകൊണ്ടുമല്ല. സാമാന്യനീതിക്കും നിയമത്തിനും നിരക്കാത്ത രീതിയിൽ എഴുതിവച്ചിട്ടുള്ളതുകൊണ്ടാണു്.

മുപ്പതു കൊല്ലം കഴിഞ്ഞ പണയം ഒഴിപ്പിക്കാൻ പാടില്ലെന്നു് ഇന്നു നിയമമുള്ളപ്പോൾ, അത്തരം പണയങ്ങൾ കൂടിയായ്മയായി മാറിയാൽ എന്തു ഗുണമാണുള്ളതു്? ഗുണത്തിനു പകരം നേരേ മറിച്ചാണു് സംഭവിക്കുന്നതു്. മുപ്പതു കൊല്ലക്കാലം കൈവശംവച്ചിരുന്നയാൾക്കു് പരിപൂർണ്ണമായി അനുഭവിക്കാൻ നിയമമുണ്ടു്. ഇന്നു് അവരെ ഒഴിപ്പിക്കാൻ പാടില്ല. ഇന്നു് പരിപൂർണ്ണാവകാശമുള്ളവരെ എന്തിനു കൂടിയാനാക്കണം? കൂടിയായ്മ അതിനെക്കാൾ കുറഞ്ഞ ഒരവകാശമാണു്. അങ്ങനെ ഇന്നു കിട്ടുന്നതിനേക്കാൾ കുറഞ്ഞ ഒരു ഗുണം കിട്ടത്തക്കവണ്ണം എഴുതിവച്ചിരിക്കുന്നതു പ്രചരണത്തിനുവേണ്ടിമാത്രമാണു്.

പല നല്ല കാര്യങ്ങളും ഞങ്ങൾ പറഞ്ഞപ്പോൾ, അതൊക്കെ ആദ്യം പറഞ്ഞതു് കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നായതുകൊണ്ടുമാത്രം, അതൊക്കെ സ്വീകരിച്ചാൽ കർഷകനു കൂടുതൽ ഗുണം കിട്ടുമെന്നറിഞ്ഞിട്ടും അതെല്ലാം നിഷ്കരുണം നിരസിക്കുകയാണു ചെയ്തിട്ടുള്ളതു്. ഇതൊന്നും ആരും മറക്കുകയില്ല. പകരം, ന്യായമായ കാര്യങ്ങളും പറഞ്ഞിട്ടും, കൂടിയാനും കുടികിടപ്പുകാരനും ഗുണമുണ്ടാക്കുന്ന പല കാര്യങ്ങളും കൊണ്ടുവന്നിട്ടും അതൊക്കെ കോൺഗ്രസ്സ് കൊണ്ടുവന്നതാണെന്നുള്ള ഒറ്റ കാരണംകൊണ്ടു് തിരസ്ക്കരിച്ച ഈ രാജ്യത്തെ ചരിത്രം രേഖപ്പെടുത്തും; ജനങ്ങളും പഠിക്കും, മനസ്സിലാക്കും. ഞാൻ കൊണ്ടുവന്ന ഒന്നരണ്ടു ഭേഗതികളുടെ കാര്യം ഈ അവസരത്തിൽ ഓർക്കുകയാണു്. എല്ലാം പറയാൻ ഞാൻ തയ്യാറല്ല. മര്യാദപ്പാട്ടം നിജപ്പെടുത്തുന്ന അവസരത്തിൽ, കൂടിയാനു് കൂടുതൽ ആനുകൂല്യം ലഭിക്കണമെന്ന ഒരൊറ്റ ഉദ്ദേശം വച്ചുകൊണ്ടു്, നോർമൽ പ്രോഡ്യൂസിന്റെ നിർവചനത്തിൽ വിളവു കണക്കാക്കുന്ന തോതിൽ മാറ്റം വരുത്തണമെന്നു പറഞ്ഞു. അധികോല്പാദനശേഷിയുള്ള ഐ. ആർ. 8-ം, കഞ്ചർ 28-ം നിലത്തിൽ കൃഷിചെയ്യുമ്പോൾ കൂടുതൽ ഉല്പാദനമുണ്ടാകുകയാണെങ്കിൽ അങ്ങനെ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതു നോർമൽ പ്രോഡ്യൂസിന്റെ കണക്കിൽ എടുക്കരുതു്, പണ്ടുണ്ടായിരുന്ന വിളവുമാത്രമേ കണക്കിലെടുക്കാവൂ എന്നു പറഞ്ഞതാണു്. വളരെയേറെ പണച്ചെലവും അദ്ധ്വാനഭാരവും ഉള്ള കൃഷിയാണു് ഐ. ആർ. 8-നേറ്റും കഞ്ചർ 28-നേറ്റും. അങ്ങനെ കൂടുതൽ ഉല്പാദിപ്പിക്കുന്ന വിളവു് നോർമൽ പ്രോഡ്യൂസിന്റെ കണക്കിൽ എടുക്കരുതെന്നു പറഞ്ഞപ്പോൾ, കൂടിയാനുവേണ്ടി കണ്ണീർ വീഴ്ത്തുന്ന റവന്യൂമന്ത്രി അതു തിരസ്ക്കരിച്ചതു് ഏതു നീതിയുടെ അടിസ്ഥാനത്തിലാണു്? സ്വീകരിക്കാൻ പറ്റുകയില്ലെന്നു പറഞ്ഞു. എന്തുകൊണ്ടു പറ്റുകയില്ല എന്നു ചോദിച്ചാൽ 'പറ്റുകയില്ല' അത്രതന്നെ. അങ്ങനെ ഒരു സ്ത്രീയുടെ മക്കടമുഷ്ടികൊണ്ടു് ദുരിതമനുഭവിക്കേണ്ടിവരുന്ന ആയിരമായിരം കൂടിയാന്മാർ ഇതു കാര്യം ഓർക്കും എന്നു ഞാൻ പറയുകയാണു്.

ഇങ്ങനെയുള്ള വ്യക്തമായ ഉദാഹരണങ്ങളിൽ ഒരെണ്ണംകൂടി മാത്രം ഞാൻ പറയുകയാണു്. രണ്ടു കൊല്ലം ഒരു കുടികിടപ്പുകാരൻ അവന്റെ കുടിയിൽ താമസിക്കാതിരുന്നാൽ അയാളെ ഒഴിപ്പിക്കാമെന്നു് എഴുതിവച്ചിട്ടുണ്ടു്. ശ്രീ. പുരുഷോത്തമൻ പുണ്ടിക്കാണിച്ചതുപോലെ ആ വകുപ്പു് ജന്മി ദുരുപയോഗപ്പെടുത്താനിടയുണ്ടു്. പാവപ്പെട്ട കുടികിടപ്പുകാരൻ എന്തെങ്കിലും ജോലിക്കോ മറ്റോ മാറിത്താമസിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

കുടികിടപ്പുകാരൻ ഉപേക്ഷിച്ചുപൊയ്ക്കളഞ്ഞു എന്നു്, അബാൻഡൻ ചെയ്തുകളഞ്ഞു വെന്നു്, ജന്മി തെളിയിക്കുകയാണെങ്കിൽ മാത്രമേ അയാളുടെ അവകാശം നഷ്ടപ്പെടുകയുള്ളു എന്ന വ്യക്തമായ വ്യവസ്ഥ കൊണ്ടുവരണമെന്നു പറഞ്ഞപ്പോൾ അതിനെതിരായി നിൽക്കാൻ റവന്യൂമന്ത്രിയെ പ്രേരിപ്പിച്ച ചേതോവികാരം എന്തായിരുന്നു. ആ വികാരം കുടിയാനു് ഗുണം കിട്ടുക എന്നുള്ളതിനുവേണ്ടിയല്ല. 'ഞാൻ പിടിച്ച മുയലിനു് മൂന്നു കൊമ്പു്' എന്ന നിലപാടാണതു്. കാൺഗ്രസ്സു് കൊണ്ടുവന്നതു തിരസ്ക്കരിക്കുക എന്ന അന്യായമായ നയത്തിന്റെ പ്രതിഫലനമാണു് ആ തിരസ്ക്കരണത്തിൽ എനിക്കു കാണാൻ കഴിഞ്ഞതു്. ഇനിയും വേണമെങ്കിൽ ഇതുപോലെ പലപല ഉദാഹരണങ്ങളും എടുത്തു കാണിക്കാം. ഷെഡ്യൂളിൽ ഭേദഗതി വരുത്തണമെന്നതിനെപ്പറ്റി തർക്കമുണ്ടായി. ചെമ്മീൻകെട്ടു് വാരക്കാരൻ നടത്തിയിരുന്നെങ്കിൽ അയാളുടെ പ്രതിഫലത്തെപ്പറ്റി മാത്രമേ വകുപ്പിൽ എഴുതിയിട്ടുള്ള ജന്മി നടത്തിയാൽ കൂടുതൽ കൊടുക്കണമെന്നു വാദിക്കുന്നില്ല. കുടിയാൻ അനുഭവിക്കുന്ന ഈ ആനുകൂല്യങ്ങളും അനുവദിക്കാൻ ജന്മി കോടതിയിൽ പോയി സ്റ്റേ വാങ്ങുകയില്ലേ? അതൊക്കെ പറയുമ്പോൾ അടുക്കളയിലെ വഴക്കു പറഞ്ഞുതീർക്കുന്നതു പോലെയാണു് കാര്യങ്ങളും കൈകാര്യം ചെയ്യുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ:—ഇതൊക്കെ വകുപ്പുചർച്ചാവേളയിൽ പ്രസംഗിച്ച കാര്യങ്ങളാണു്.

ശ്രീ. കെ. ടി. ജോർജ്ജു്: ഇന്ന പോരായ്മയുണ്ടു്, ഇന്ന അനോമലിയുണ്ടു് എന്നു പറഞ്ഞാൽ പരിഹരിക്കാൻ തയ്യാറല്ല. കണ്ണുമടച്ചുകൊണ്ടു് അന്ധമായി അതിനെയൊക്കെ എതിർക്കുകയാണു ചെയ്യുന്നതു്. തെറ്റുകളും ചൂണ്ടിക്കാണിച്ചാൽ അതു തിരുത്താൻ തയ്യാറായി മനസ്സാക്ഷിയോടുകൂടി മുന്നോട്ടുവന്നിട്ടുണ്ടോ എന്നു നിങ്ങളും ആലോചിച്ചുനോക്കണം. ചെറുകിട ഭൂവുടമകളെ സംബന്ധിച്ചിടത്തോളം പറയുകയാണു്, ഞങ്ങളും സദുദ്ദേശത്തോടുകൂടി ഭേദഗതികളും കൊണ്ടുവന്നിട്ടു് എന്തെങ്കിലും നിങ്ങളും സ്വീകരിച്ചോ? അർദ്ധപ്പട്ടിണിക്കാരും മുഴപ്പട്ടിണിക്കാരുമായ നിരവധി ലക്ഷം വരുന്ന ആളുകളെ സംബന്ധിച്ചിടത്തോളം കൃഷിഭൂമി കിട്ടുകയില്ല. വേണ്ട കാര്യങ്ങളും പഠിച്ചു്, ഒന്നും ചെയ്യിട്ടില്ല. ഈ രാജ്യത്തെ ആളുകളും അതു കാണും എന്നു ഞാൻ പറയുകയാണു്. അതുപോലെ പരിധിയുടെ കാര്യം പറഞ്ഞാൽ, ഈ രാജ്യത്തു് എത്ര പരിധികഴിഞ്ഞ ആളുകൾക്കാണാവോ ചെറുകിട ഭൂവുടമപ്പട്ടത്തിനും വാരത്തിനും കൊടുത്തിരിക്കുന്നതു്. ചെറുകിട ഭൂവുടമകൾക്കു കൊടുത്തിരുന്ന എല്ലാ ആനുകൂല്യങ്ങളും നിഹനിക്കാൻ റവന്യൂമന്ത്രി തയ്യാറായി എന്നു ചരിത്രം രേഖപ്പെടുത്തും. അതുപോലെ ഭ്രാന്തന്മാർക്കും മൈനർമാർക്കും പട്ടാളക്കാർക്കും നടപടിയെടുക്കാനുള്ള കാലാവധിക്കുട്ടി ഒരു കൊല്ലമാക്കണമെന്നു പറഞ്ഞിട്ടു് അതു കൂട്ടിക്കൊടുത്തില്ല. ശ്രീ. അഹമ്മദു മാത്രമല്ല മുസ്ലീംലീഗിലെ റെമ്പർമാർ ഒന്നടങ്കം പറഞ്ഞു ചെറുകിട ഭൂവുടമകളോടു നീതി ചെയ്യണമെന്നു്. അതൊന്നും കേട്ടില്ല. നിലമുടമകളെ സംബന്ധിച്ചിടത്തോളം വളരെയധികം വിവേചനം കാണിച്ചിട്ടുണ്ടു്. മറ്റു് ഭൂവുടമസ്ഥന്മാർക്കും നിലമുടമസ്ഥന്മാർക്കും തമ്മിലുള്ള വ്യത്യാസമെന്താണു്? ഈ രീതിയിൽ അവരെ വേർതിരിക്കുന്നതെന്തിനാണു്? നിലത്തിനു് ഫെയർറെന്റിന്റെ 50 ശതമാനമെന്നും പുരയിടത്തിനു് ഫെയർ റെന്റിന്റെ 75 ശതമാനമെന്നും എഴുതിവച്ചിട്ടുള്ള ഭാഗം പുരയിടത്തിന്റെ ഉടമസ്ഥന്മാരേയും നിലത്തിന്റെ ഉടമസ്ഥന്മാരേയും തമ്മിൽ അന്യായമായി വേർതിരിക്കുകയാണു്. ഇങ്ങനെ വിവേചനം കാണിക്കുന്നതു് ഒരിക്കലും ശരിയല്ല. അതുപോലെ മതധർമ്മസ്ഥാപനങ്ങളുടെ വരുമാനം പകുതിയായി കുറയുന്ന ഒരു സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണു്, ചെറുകിട ഭൂവുടമകളെ സംബന്ധിച്ചെന്നപോലെ മതസ്ഥാപനങ്ങളേയും ധർമ്മസ്ഥാപനങ്ങളേയും സംബന്ധിച്ചും ഗവണ്മെന്റു് നഷ്ടം സഹിച്ചുതന്നെയും അവരുടെ വരുമാനം നിലനിറുത്തണമെന്നാണു് എനിക്കു പറയാനുള്ളതു്. അവയുടെ വരുമാനം ഈശ്വരനെ പൂജിക്കാനല്ല. അവയുടെ കീഴിൽ ആയിരക്കണക്കിനു ജോലിക്കാരുണ്ടു്. അവർക്കു ജോലി കൊടുക്കണം. അവർ നടത്തിക്കൊണ്ടുപോകുന്ന സ്കൂളുകളും

LIBRARY ARCHIVES Kerala Legislative Assembly

അതുപോലുള്ള സ്ഥാപനങ്ങളും പഴയമാതിരി നടത്തണമെങ്കിൽ ഗവണ്മെൻറു് നഷ്ടം സഹിച്ചുപോലും ആ സ്ഥാപനങ്ങൾക്കു മുമ്പുണ്ടായിരുന്ന വരുമാനം നിലനിറുത്തണം.

കുടികിടപ്പുകാരെ സംബന്ധിച്ചു്, അവസാനമായി രണ്ടു വാക്കു പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. വളരെയേറെ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്ന ഒരു വകുപ്പു് എഴുതിവച്ചിരിക്കുകയാണു് അതിൽ. അതു ഭേദഗതിചെയ്താൽ നിലനിൽക്കുമോ എന്നതിലേക്കൊന്നും ഞാനിപ്പോൾ കടക്കുന്നില്ല. ഒരൊറ്റ നോട്ടത്തിൽത്തന്നെ ഇതു വായിക്കുകയാണെങ്കിൽ മനസ്സിലാകും അതുയേറെ ചിന്താക്കുഴപ്പമുണ്ടാക്കുന്ന ഒരു വകുപ്പു് ആതും എഴുതിവച്ചിട്ടില്ല എന്നു്. കുടികിടപ്പുകാരനു് മൂന്നു സെൻറു് കിട്ടുകയാണോ പത്തു സെൻറു് കിട്ടുകയാണോ അതോ മൂന്നു സെൻറിനേറയും പത്തു സെൻറിനേറയും കഥ പറഞ്ഞു് വഴിയാധാരമായിപോകുകയാണോ എന്നു സംശയമുണ്ടു്. അതിനെക്കുറിച്ചുള്ള വിശദമായ ചർച്ചയിലേയ്ക്കു ഞാനിപ്പോൾ കടക്കുന്നില്ല. ചില ആളുകൾക്കു പത്തു സെൻറു് കിട്ടുമെന്നും ചില ആളുകൾക്കു മൂന്നു സെൻറു് കിട്ടുമെന്നും മാറു ചിലയാളുകൾക്കു് ഒന്നും കിട്ടുകയില്ലെന്നുമുള്ള നിലയാണു്. കുടികിടപ്പുകാരനെ ഈ വകുപ്പു് രണ്ടായി വേർതിരിച്ചുവെന്നു് നേരത്തെ ഞാൻ പറഞ്ഞു അങ്ങനെ പറഞ്ഞതു് ഇപ്പോൾ ഞാൻ ഭേദഗതി ചെയ്യുകയാണു്; രണ്ടായിട്ടല്ല വേർതിരിച്ചിരിക്കുന്നതു്. ബഹുമാനപ്പെട്ട റവന്യുമന്ത്രി ഒരേ രാജ്യത്തു് ഒരേ സ്ഥലത്തുതന്നെ താമസിക്കുന്ന കുടികിടപ്പുകാരെ മൂന്നായി തരംതിരിച്ചിരിക്കുകയാണു്. ഇതു് എന്തു നീതിയാണു്. ചിലർക്കു് പത്തു സെൻറു് കിട്ടുന്നു, ചിലർക്കു് മൂന്നു സെൻറു കിട്ടുന്നു, ലക്ഷക്കണക്കിനാളുകൾക്കു് ഒരു സെൻറും കിട്ടുന്നില്ല; ആ കുടിയാന്മാർ പെറുതെ നടക്കേണ്ടിവരും. എല്ലാവരും ഒരേക്കറുകാരന്റെ കുടിയാന്മാരായി മാറും. എല്ലാം പർച്ചേസു് ചെയ്യണമെങ്കിൽ ഈ രാജ്യത്തെ ആളുകളെല്ലാം വൻകിട ജന്മികളായിരിക്കണം. നിങ്ങൾ എഴുതിവച്ചിട്ടുള്ള ഭേദഗതിയുടെ അനൗചിത്യമാണെന്നു വന്നാൽപ്പോലും അതൊരു പ്രയോജനവുമില്ലാത്തതാണെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണു്. കുടികിടപ്പുകാരനെ കബളിപ്പിക്കുക, അവർക്കു് ഗുണംചെയ്യുവെന്നു വരുത്തുക, എന്നിട്ടു് അതേസമയത്തു് മുതലാളിമാർക്കു സേവ ചെയ്യുവാൻ വകുപ്പെഴുതിവയ്ക്കുക—അതാണു് ചെയ്തിരിക്കുന്നതു്. അതിനു പകരം, ഇന്നു് ഈ നിയമത്തിൽ കാണുന്ന വിവേചനം അവസാനിപ്പിച്ചു് സാമാന്യനീതി പുലർത്തിക്കൊണ്ടു്, വേണ്ടിവരുന്ന കൂടുതൽ സംഖ്യ ഗവണ്മെൻറു് വഹിച്ചുകൊണ്ടു് എല്ലാവർക്കും ഗുണം കിട്ടത്തക്കവിധത്തിൽ മാറ്റം വരുത്തുകയാണു് വേണ്ടതു്.

ഇതിൽ പല നല്ല കാര്യങ്ങളും ഉൾക്കൊണ്ടിട്ടുണ്ടു്. അവയെ ഞാൻ സ്വാഗതം ചെയ്യുകയാണു് ആ പ്രവണതകളെ ഉൾക്കൊള്ളിച്ചുകൊണ്ടു് നിയമനിർമ്മാണം നടത്തിയാൽ മാത്രംപോരാ, അതൊക്കെ എത്രയും വേഗം നടപ്പാക്കുന്നതിനു് ആത്മാർത്ഥമായിട്ടുള്ള പരിശ്രമം ഗവണ്മെൻറു് നടത്തണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്ജു്: സർ, സുപ്രധാനമായ ഈ നിയമനിർമ്മാണത്തിന്റെ അവസാനഘട്ടത്തിൽ പങ്കെടുത്തുകൊണ്ടു്, പറയാനാഗ്രഹിച്ച കാര്യങ്ങളെല്ലാം പറയാൻ സമയമില്ലാതെ വന്നിരിക്കുന്ന മനോവേദനയോടുകൂടി വളരെ ചുരുക്കത്തിൽ ചില കാര്യങ്ങൾമാത്രം പറയാമെന്നാണു ഞാൻ വിചാരിക്കുന്നതു്.

സർ, ഈ നിയമനിർമ്മാണം സുപ്രധാനമാണെന്നുള്ളകാര്യത്തിൽ പക്ഷാന്തരമില്ല. ഈ നിയമത്തിൽ ചില വിഭാഗം കുടിയാന്മാരെസംബന്ധിച്ചിടത്തോളം, പുതിയതരം കുടിയാന്മാരായി രംഗത്തു വരുന്ന മലബാറിലെ ചില കുടിയാന്മാരെ സംബന്ധിച്ചിടത്തോളം, അവർക്കു ഗുണകരമായ രീതിയിൽ മാറ്റങ്ങൾ വരുത്തിയിരിക്കുന്നതു സ്വാഗതാർഹമാണു്. പക്ഷേ അതുകൊണ്ടു് എല്ലാമായി എന്നു ഞാൻ വിചാരിക്കുന്നില്ല. ഇതുകൊണ്ടു് മനസ്സിൽ ആഗ്രഹം വച്ചുപുലർത്തുന്ന രീതിയിൽ,

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട റവന്യൂമന്ത്രി പല പ്രാവശ്യം സൂചിപ്പിച്ചിട്ടുള്ള രീതിയിൽ ഈ നിയമത്തിന്റെ പ്രയോജനം എല്ലാവർക്കും ലഭിക്കുമോ എന്നുള്ളകാര്യം സംശയമാണു്. ആ വസ്തുത മനസ്സിലാക്കിക്കൊണ്ടു് ഞങ്ങളും ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവുകളും പരിഹരിക്കാൻ വേണ്ടത്ര താൽപര്യം കാണിച്ചിട്ടില്ലെന്ന കാണുന്നതു ഖേദകരമാണു്. ബഹുമാനപ്പെട്ട കെ. ടി. ജേക്കബ്ബു് പറയുകയുണ്ടായി, ഈ നിയമം ചില വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം, കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഒരു 'മാഗ്നാകാർട്ടാ' ആണെന്നു്. സർ, മാഗ്നാകാർട്ടാ എന്ന വാക്കു് കഴിഞ്ഞ കുറെ നൂറാണ്ടുകളായി നാം പ്രയോഗിക്കാറുണ്ടു്. പല അവസരങ്ങളിലും പല നിയമങ്ങളെസംബന്ധിച്ചും മാഗ്നാകാർട്ടാ എന്ന വിശേഷണം നാം പ്രയോഗിച്ചിട്ടുണ്ടു്. ഈ നിയമസഭയിൽതന്നെ കഴിഞ്ഞയവസരത്തിൽ 'മാഗ്നാകാർട്ടാ' എന്നു വിശേഷിക്കപ്പെട്ട ഒരു നിയമം പാസ്സാക്കുകയുണ്ടായി. അതു് കോടതിയിൽ ഏതുനിലയിലായി എന്നു നാം കണ്ടതാണു്. ഏതായാലും കുടികിടപ്പുകാരുടെ മാഗ്നാകാർട്ടാ എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ നിയമത്തിനും ആ നില വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണു്. തലമുറതലമുറയായി കുടികിടപ്പുകാരും കുടിയാന്മാരും ഈ രാജ്യത്തു അനുഭവിച്ചുകൊണ്ടിരിക്കുന്ന കെടുതികൾക്കും കഷ്ടപ്പാടുകൾക്കും ഒരു പരിഹാരം കാണണമെന്നുള്ള കാര്യത്തിൽ എല്ലാവർക്കും അങ്ങേയറ്റത്തെ ആഗ്രഹമുണ്ടു്. പക്ഷേ, നിയമം ഇന്നും ഈ രാജ്യത്തുണ്ടു്, കോടതികളുണ്ടു്, ഭരണഘടനയും ഉണ്ടു്. അതിനെയെല്ലാം കുറ്റം പറഞ്ഞുകൊണ്ടു്, അതിനൊന്നും നിരക്കാത്ത നിയമങ്ങൾ കൊണ്ടുവരികയും ഭരണഘടനയെയും കോടതികളെയും കുറ്റപ്പെടുത്താനായി പ്രചരണംനടത്തുകയും മാത്രമാണുദ്ദേശമെങ്കിൽ അതിനു ധാരാളം പഴുതുകളുള്ള ഈ നിയമം പാസ്സാക്കുകയാണുവേണ്ടതു്. ഈ ബിൽ പാസ്സാക്കുന്ന കാര്യത്തിൽ, ആദ്യംമുതൽ അവസാനംവരെ റവന്യൂമന്ത്രി വളരെയേറെ അനവധാനതയാണു കാണിച്ചിട്ടുള്ളതെന്നു പറഞ്ഞാൽ അതു നിഷേധിക്കാൻ സാധിക്കുകയില്ലെന്നാണു എന്റെ വിശ്വാസം. 1957-ൽ കാർഷികബന്ധബിൽ പാസ്സാക്കിയെടുക്കുന്നതിനു് ശ്രീമതി ഗൗരി പ്രദർശിപ്പിച്ചിടത്തോളം ശ്രദ്ധയോ താൽപര്യമോ, ഒരു ഉറച്ച നിലപാടോ സമീപനമോ ഈ പ്രാവശ്യം കാണാൻ കഴിഞ്ഞിട്ടില്ലെന്നാണു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. ഇതിന്റെ പ്രാരംഭ ചർച്ചകളിൽതന്നെ, വ്യക്തമായ ചില ധാരണയുടെ അടിസ്ഥാനത്തിൽ, വ്യക്തമായ ഉദ്ദേശത്തോടുകൂടി ഉദ്ദേശിച്ച രീതിയിൽ കാര്യങ്ങളും കൊണ്ടുപോകുന്നതിനായിരുന്നു, ആ നിലയിൽ ഇതു പാസ്സാക്കിയെടുക്കുന്നതിനായിരുന്നു ശ്രമം. കാള വാലുപൊക്കുമ്പോൾ അറിയാമല്ലൊ എന്തിനാണെന്നു്. പ്രതിപക്ഷത്തുനിന്നു അപ്പോഴപ്പോൾ ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനതകളും വേണ്ടത്ര പരിഗണിക്കാതെ, പരിഹരിക്കാതെ തോന്നിയമട്ടിൽ പാസാക്കിയെടുക്കുകയാണു ചെയ്യുന്നതു്. ഈ നിയമനിർമ്മാണത്തിന്റെ ഉദ്ദേശം, കോടതിയെ ധിക്കരിക്കലും, ഭരണഘടനയെ ധിക്കരിക്കലും മിച്ച ഭൂമി കൈയേറ്റത്തിനുള്ള വാതിൽ തുറന്നുകൊടുക്കലുമാണെന്നു കരുതേണ്ടിയിരിക്കുന്നു. നിയമാനുസൃതം ഈ ഭേദഗതി ബിൽ നിലനിറുത്തണമെന്നോ, നടപ്പാക്കണമെന്നോ, സമാധാനപരമായി കുടികിടപ്പുകാർക്കും കുടിയാന്മാർക്കും നന്മലഭിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കണമെന്നോ ഉദ്ദേശമില്ലെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. മാർക്സിസ്റ്റു പാർട്ടി ഉദ്ദേശിക്കുന്ന രീതിയിൽ അസമാധാനവും അരക്ഷിതാവസ്ഥയും നാട്ടിൽ വളർത്താനുപകരിക്കുന്ന രീതിയിലാണു് ഇതിന്റെ സംവിധാനക്രമം. ബഹുമാനപ്പെട്ട പറവൂർ മെമ്പർ പറഞ്ഞതുപോലെ ഇതിലെ പല വ്യവസ്ഥകളിലും ധാരാളം പഴുതുകൾ കാണാൻ കഴിയും. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഇതിനുമുമ്പുണ്ടായിരുന്ന ആനുകൂല്യങ്ങൾ ഇല്ലാതാകുന്ന സ്ഥിതിവിശേഷം ഉണ്ടാകും. അവരുടെ പിച്ചച്ചട്ടിയിൽ ഉള്ളതു വാരി എടുക്കുന്ന, ഉള്ള കഞ്ഞിയിൽ പാറ്റയിടുന്ന രീതിയിലാണു് ഇതിൽ വ്യവസ്ഥയുള്ളതു്. കോടതിയിൽ നിലനിൽക്കാത്ത പരസ്പര വിരുദ്ധമായ വകുപ്പുകൾ ഇതിലുണ്ടു്. സർ, ഇതിലെ കുറവുകൾ ചൂണ്ടിക്കാണിച്ചു സമയം ദീർഘിപ്പിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ മൂന്നാം വായന സമയത്തെങ്കിലും സമചിത്തതയോടുകൂടി, കുടികിടപ്പുകാക്കായാലും, ചെറുകിടക്കാക്കായാലും കൂടുതൽ നന്മ ചെയ്യാനതുകൊണ്ട മാറ്റങ്ങൾ വരുത്താൻ കഴിയുമോ എന്നു പരിശോധിക്കേണ്ടതാണു്. ഇതിനു നിയമാനുസൃതമായ നിലനിൽപ്പുണ്ടാകണമെങ്കിൽ ഇതു അടിമുടി അഴിച്ചു പണിനടത്തണം. യഥാർത്ഥ കർഷകമേഖലയിൽ പ്രവർത്തിക്കുന്ന ഒരാളെന്ന നിലയിൽ ശ്രീ. ആലത്തൂർ ആർ. കൃഷ്ണൻ സെലക്ടു കമ്മിറ്റി റിപ്പോർട്ടിൽ ഇതു വീണ്ടും സെലക്ടു കമ്മിറ്റിയുടെ പരിശോധനയ്ക്കു അയയ്ക്കണമെന്നു അഭിപ്രായപ്പെടുകയുണ്ടായി, അങ്ങനെയൊരു ഭേദഗതിതന്നെ അവതരിപ്പിക്കുകയുണ്ടായി. ശ്രീ. കൃഷ്ണനു് കർഷകരുടെ ഏതെല്ലാമടിപ്പറിയാവുന്നതുകൊണ്ടാണു് അങ്ങനെ ഭേദഗതികൊണ്ടുവന്നതു്.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ): അങ്ങനെയൊരു ഭേദഗതി അവതരിപ്പിച്ചില്ല.

ശ്രീ. കെ. എം. ജോർജ്ജു്: ബഹുമാനപ്പെട്ട മെമ്പറെ ഞാൻ കുറ്റപ്പെടുത്തുകയല്ല. പാർട്ടിയുടെ ശിക്ഷണനടപടിക്കു വിധേയനാകാതെ അതു പിൻവലിച്ചതാണെന്നറിയാം. എങ്കിലും അങ്ങനെയൊരു ഭേദഗതി കൊണ്ടുവരാൻ പ്രേരിപ്പിക്കത്തക്ക വിധം ഇതിൽ വ്യവസ്ഥയുണ്ടെന്നുള്ളതു ഒരു വസ്തുതയാണു് ബഹുമാനപ്പെട്ട മെമ്പർ അതു ശരിക്കും മനസ്സിലാക്കിയിട്ടുണ്ടെന്നുള്ളതിനു് തെളിവായിരുന്നു ആ ഭേദഗതി. കാലിൽ ചെരിപ്പിടുന്നവർക്കേ 'ചെരിപ്പുകടി'യുടെ അനുഭവം ഉണ്ടാകൂ. ശ്രീമതി ഗൗരി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിലെ ചില വകുപ്പുകൾ കണ്ടാൽ, 'ഉണ്ണിയെക്കണ്ടാലറിയാം ഊരിലെ പഞ്ഞം' എന്നു പറയുന്നതുമാതിരി സമാധാനപരമായി ഏതെങ്കിലും വിഭാഗത്തിനു നന്മ ചെയ്യാനല്ല ഇതുകൊണ്ടുദ്ദേശിച്ചിട്ടുള്ളതെന്നു വളരെ വ്യക്തമാണു്.

സർ, ഈ ബില്ലുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ള പ്രയോജനം എത്ര കുണ്ടു് ആക്കില്ലെന്നും അനുഭവപ്പെട്ടുമെന്നും മറ്റും ഇവിടെ പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ചിലകാര്യങ്ങൾ വളരെ ചുരുക്കി പറയാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ യൂണിവേഴ്സിറ്റി ബിൽ ചിലരുടെ നിർബന്ധംകൊണ്ടാണു വളരെവേഗം പാസ്സാക്കിയതു്. കോടതിയിൽ അതു ചോദ്യം ചെയ്യപ്പെട്ടു. ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു് സുപ്രീം കോടതിയിൽ അപ്പീൽ പോകുമെന്നാണു്. അപ്പീൽ കൊടുക്കുമെന്നു പറയുമ്പോഴും അപ്പീൽ കൊടുക്കുന്നതു് ബഹുമാനപ്പെട്ട മന്ത്രിയുടെ സ്വന്തം വരുമാനം ചെലവുചെയ്യുകയല്ല, ഈ രാജ്യത്തെ പാവപ്പെട്ട മനുഷ്യർ അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം കരമായിട്ടു കൊടുത്തു ഖജനാവു നിറയ്ക്കുന്നതിൽ നിന്നാണു് ഇത്തരം ആവശ്യങ്ങൾക്കുവേണ്ടി ലക്ഷക്കണക്കിനു രൂപ ഇതിനുവേണ്ടി ചെലവാക്കുന്നതു'. അതുകൊണ്ടു് എത്രുണ്ടായാലും അപ്പീൽ പോകും, അപ്പീൽ പോകും എന്നു പറയുന്നതു കഷ്ടമാണു്. എത്രയോ കാലമായി ഇതുപോലെ അപ്പീൽ പോയിട്ടുണ്ടു്. പല വകുപ്പുകളും ഭേദഗതി ചെയ്തിട്ടുണ്ടു്. അതിനെ കുറ്റപ്പെടുത്തുകയല്ല. യൂണിവേഴ്സിറ്റി ബില്ലിനെ സംബന്ധിച്ചിടത്തോളം ചില വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്നു ഞങ്ങളും ചൂണ്ടിക്കാണിച്ചതു സ്വീകരിക്കാതെ പോയിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കുകയാണു്. നിയമനിർമ്മാണനടപടികളിൽ ലാ ഡിപ്പാർട്ടുമെന്റും ഉദ്യോഗസ്ഥന്മാരാണു് ഗവണ്മെന്റിനെ സഹായിക്കേണ്ടതു്. അവരുടെ നിയമോപദേശം വാങ്ങിയിട്ടാണു നിയമനിർമ്മാണനടപടികളും നടത്തുക എന്നു പറയാറുണ്ടു്. അതു ശരിയാണെങ്കിലും ബിൽ ഉണ്ടാക്കണമെന്നു പറഞ്ഞാൽ, 'ഉഴുന്നു കാളയ്ക്കു വിത്തിന്റെ ഗുണം അറിയണമെന്നില്ല' എന്നു പറയുന്നതുപോലെ ബിൽ ഡ്രാഫ്റ്റു ചെയ്യണമെന്നല്ലാതെ, ഗവണ്മെന്റു നിർദ്ദേശിക്കുന്ന രീതിയിൽ ഡ്രാഫ്റ്റു ചെയ്യണമെന്നല്ലാതെ ലാ ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർക്കും അഡ്വക്കേറ്റു ജനറലിനും ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. നിയമോപദേശം ലഭിച്ചിട്ടുണ്ടെന്നു പറയാറുണ്ടെങ്കിലും പാർട്ടിയുടെ പാളിസിയനുസരിച്ചു നൽകുന്ന നിർദ്ദേശാനുസരണമാണു് ഡിപ്പാർട്ടുമെന്റുദ്യോഗസ്ഥന്മാർ ഈ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗഭാഗിത്വം വഹിക്കുന്നത്. അഡ്വക്കേറ്റ് ജനറലിന്റെയും ലാ ഡിപ്പാർട്ടുമെന്റിന്റെയും നിയമോപദേശം കൂടിയിട്ടുണ്ടെന്നു റവന്യൂമന്ത്രി പറയുന്നുണ്ടെങ്കിലും, നിയമവിധേയമായി ഭരണഘടനാവിധേയമായി പോരായ്മകളും പരിഹരിച്ചു കൊണ്ടുള്ള ഒരു ബില്ലാണെങ്കിൽ ലക്ഷക്കണക്കിനു ശ്രുപാ ഖജനാവിനു ലഭിക്കാൻ കഴിയുമായിരുന്നു. അല്ലാതെ ഇന്നത്തെ നിലയിൽ ഇതു പാസ്സാക്കിയെടുത്താൽ ഭാവിയിൽ പതിനായിരക്കണക്കിനു കേസുകളും കുടികിടപ്പുകാരുടെ മേഖലയിലും കർഷകരുടെ മേഖലയിലും ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ടാകാൻ ഇടയുള്ളതു്. ചുരുക്കത്തിൽ അഭിഭാഷകരുടെ ഒരു 'പറുദീസാ' സൃഷ്ടിക്കാൻ ഇതുപകരിക്കുമെന്നു പറയാം. സാധുക്കളായ കുടിയാന്മാരും, കുടികിടപ്പുകാരും അവരുടെ ജീവിതകാലം മുഴുവൻ, കേസുകളും വഴക്കുമായി കോടതിയിൽതന്നെ കഴിഞ്ഞുകൂട്ടുന്ന ഒരു സ്ഥിതി വിശേഷമായിരിക്കും ഇതുകൊണ്ടുണ്ടാവുക. സർ, ശ്രീ. കെ. ടി. ജേക്കബ്ബ് വളരെ ആവേശപൂർവ്വം ഇവിടെ പ്രസംഗിക്കുന്നതുകേട്ട് എന്റെ അയൽവാസിയും ഒരു ചിരന്തനസുഹൃത്തുമായ ആശാനു് മറുപടി പറയാൻ കഴിയാഞ്ഞിട്ടല്ല, അതിന്റെ ആവശ്യമുണ്ടെന്നുതോന്നുന്നില്ല. അദ്ദേഹം പെണ്ണിന്റെയും, മണ്ണിന്റെയും മറ്റും കാര്യങ്ങളും പഴയ പ്രസംഗശൈലിയിൽ ഇവിടെ പ്രതിപാദിച്ചുകേട്ടു. മിച്ചഭൂമിയെ സംബന്ധിച്ചിടത്തോളം കണ്ണൻദേവൻ കമ്പനിവക ഭൂമി ഗവണ്മെന്റു് ഏറ്റെടുക്കുന്നതിനു ആരാണു് തടസ്സമെന്നു മനസിലാക്കാൻ കഴിയുന്നില്ല. കണ്ണൻദേവൻ കമ്പനി ഇപ്പോഴും ഉണ്ടു്. ഈ ഗവണ്മെന്റു അധികാരത്തിൽ വന്നിട്ടു എത്രകാലമായി? ഇതുവരെ കണ്ണൻദേവൻ കമ്പനിവക ഭൂമി പിടിച്ചെടുക്കാൻ നടപടി സ്വീകരിക്കാതിരുന്നതു് എന്തുകൊണ്ടായിരുന്നു? 1964-ലെ 1—ാം ആക്ടിന്റെ 72, 83, 85 എന്നീ വകുപ്പുകൾപ്രകാരം മിച്ചഭൂമിയെന്ന നിലയിൽ പിടിച്ചെടുക്കാൻ ഒരു നോട്ടിഫിക്കേഷൻമൂലം സാധിക്കുമായിരുന്നല്ലോ. എന്തുകൊണ്ടു അതു ചെയ്തില്ല? ഇപ്പോഴും ചെയ്തുവച്ചിരിക്കുന്നതെന്താണു്? 1969 ജൂണിലെ 1—ാം തീയതിവരെയുണ്ടായിട്ടുള്ള മുഴുവൻ കൈമാറ്റങ്ങളും മറ്റു അന്യാധീനപ്പെടുത്തലുകളും സാധുകരിക്കുന്ന രീതിയിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണിപ്പോൾ. ഇതിൽ നിന്നുതന്നെ വളരെ വ്യക്തമാണു് ഉദ്ദേശമെന്താണെന്നു്.

സർ, ചുരുക്കത്തിൽ ഈ നിയമംമൂലം നേരത്തെ പറഞ്ഞതുപോലെ ഈ നാട്ടിൽ അരാജകത്വവും, അസമാധാനവും വളർത്തി മാർക്സിസ്റ്റു പാർട്ടി ഇന്നു നാട്ടിൽ പല ഭാഗത്തും ആരംഭിച്ചിരിക്കുന്ന, താമരശ്ശേരി തുടങ്ങിയ പ്രദേശങ്ങളിൽ നടക്കുന്ന രീതിയിലുള്ള അക്രമങ്ങളും അസമാധാനവും തുടരാൻ ഇതു വളരെ സഹായിക്കുമെന്നാണു് എനിക്കു പറയാനുള്ളതു്. ഇൻഡ്യയെമൊട്ടാകെ വളർത്തിയെടുക്കാൻ ആഗ്രഹിക്കുന്ന അരാജകത്വത്തിനും, അക്രമങ്ങൾക്കും വളംവച്ചുകൊടുക്കാൻ ഇതു സഹായിക്കുമെന്നുള്ളതിനു സംശയമില്ല. ഇന്നുതന്നെ ഭൂമി കൈയേറ്റങ്ങളും മറ്റും നടത്തുന്ന യുവജനഫെഡറേഷൻ മാർക്സിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ നടത്തുന്ന നടപടികൾക്കു ഇതു കൂടുതൽ സഹായകമായിരിക്കും. ചായത്തുണ്ടി മാസ്റ്ററോ, എ. കെ. ജി. യോ, ചക്രപാണിയോ അവരുടെ നിയന്ത്രണത്തിലുള്ള സംഘടനകളോ നാട്ടിൽ സൈരവും സമാധാനവുമില്ലാത്ത രീതിയിൽ അക്രമപ്രവർത്തനങ്ങൾക്കുകളമൊരുക്കാൻ ഒരു ഉപാധിയായി ഈ നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വേണം കരുതാൻ. ഏതായാലും ഈ ഭൂനിയമം നടപ്പാകുമ്പോൾ ഇതിനു മുൻപു് 1957—ലെ കാർഷികപരിഷ്ക്കരണ നിയമംമൂലം ശ്രീമതി കെ. ആർ. ഗൗരി എന്തെങ്കിലും സൽപേരു സമ്പാദിച്ചിട്ടുണ്ടെങ്കിൽ അതുകൂടി കളഞ്ഞുകുളിക്കാനിടയാകുമെന്നു മാത്രമേ എനിക്കു പറയാനുള്ളൂ. ഈ നിയമം പഴയ പെൻഡാറയുടെ കുഴപ്പം പിടിച്ച പെട്ടിപോലെ, കുടികിടപ്പുകാർക്കും കുടിയാന്മാർക്കും, ചെറുകിടക്കാർക്കും ഒരു ഗുണവും ചെയ്യാതെ പലതരത്തിലുള്ള വിഷമങ്ങൾ സൃഷ്ടിക്കാൻ ഉപകരിക്കുന്നതായിരിക്കുമെന്നുള്ളതിനു സംശയമില്ല. ചെറുകിടക്കാർക്കു എന്തെങ്കിലും നന്മ ചെയ്യണമെന്നു ഇവർക്കു വിചാരമില്ല. ചെറുകിടക്കാരെ തകർത്തു നാമാവശേഷമാക്കണമെന്നുള്ള പ്രത്യക്ഷമായ ഉദ്ദേശമാണിതിലുള്ളതു് പെൻഡാറയുടെ പെട്ടി തുറക്കുമ്പോൾ ഉണ്ടാകുന്ന കുഴപ്പംപോലെ ഇതിന്റെ പ്രയോഗത്തോടുകൂടി നാട്ടിൽ കുഴപ്പങ്ങളും,

LIBRARY ARCHIVES Kerala Legislative Assembly

അസമാധാനങ്ങളും, അരക്ഷിതാവസ്ഥയും വളരുമെന്നും, ഈ നിയമം പാസാക്കി, കോടതിയിൽ പോയാൽ ബഹുഭൂരിപക്ഷം ഭാഗവും തള്ളിക്കളയേണ്ടിവരുമെന്നും ഉള്ളതിനു യാതൊരു സംശയവുമില്ല. നമ്മുടെ നാട്ടിലെ സാധാരണക്കാരായ കുടികിടപ്പുകാർക്കും കുടിയാന്മാർക്കും എന്തെങ്കിലും ഗുണം ചെയ്യണമെന്നുള്ള ആത്മാർത്ഥതയോടുകൂടിയാണു് ഇങ്ങനെയൊരു നിയമം കൊണ്ടുവന്നിട്ടുള്ളതെങ്കിൽ ശ്രീ. ആർ. കൃഷ്ണൻ പറഞ്ഞതുപോലെ ഇതു പുനസംവിധാനം ചെയ്യാൻ, ആകെ പുനപ്പരിശോധിക്കാൻ തയ്യാറാകണമെന്നു് മുന്നറിയിപ്പു നൽകിക്കൊണ്ടു് എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഈ ബില്ലിനെസംബന്ധിച്ചിടത്തോളം വേണ്ടതിടത്തോളം ചർച്ച കഴിഞ്ഞിരിക്കുന്നതിനാൽ ഒരു ക്ലോഷർമോഷൻ അവതരിപ്പിക്കുകയാണു്.

ഡപ്യൂട്ടിസ്പീക്കർ: ഇനി മൂന്നു മെമ്പറന്മാർകൂടി സംസാരിക്കാനുണ്ടു്. സർവ്വശ്രീ മൊയ്തീൻകുട്ടി ഹാജി, എം. എം. തോമസ്, കെ. കെ. അബു എന്നിവർക്കു 5 മിനിട്ടു വീതം സമയം അനുവദിക്കുന്നു. അതുകഴിഞ്ഞു റവന്യൂമന്ത്രിക്കു മറുപടി പറയാൻ സമയം അനുവദിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി:—സർ, എന്റെ പാർട്ടിയിൽപ്പെട്ടവർ പലരും സംസാരിച്ചിട്ടില്ല. ഈ സമയക്ലിപ്തിയിലുള്ള പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടു ഞാൻ സംസാരിക്കുകയാണു്.

സർ, ഈ ബിൽ നമ്മുടെ സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്താൻ അവസരം കിട്ടുന്നതിൽ ഈ നിയമസഭയിലെ എല്ലാ ആളുകളും സന്തോഷിക്കുമെന്നാണു് എന്റെ വിശ്വാസം. പുരോഗമനപരമായ ഈ ബില്ലിന്റെ പിതൃത്വമോ മാതൃത്വമോ ആരു് അവകാശപ്പെട്ടാലും ശരി, ഈ നിയമം രൂപപ്പെടുത്തുന്ന കാര്യത്തിൽ ഈ സഭയിലെ എല്ലാ ഭാഗത്തുമുള്ളവർ വേണ്ട സംഭാവന നൽകിയിട്ടുണ്ടെന്നു വിശ്വസിക്കുന്നു ഒരാളാണു ഞാൻ. കാലാകാലത്തുണ്ടാകുന്ന പുരോഗതികളെ ആസ്പദമാക്കി നമ്മുടെ നാട്ടിൽ കുടികിടപ്പുകാർക്കും കുടിയാന്മാർക്കും സംരക്ഷണം നൽകണമെന്നുള്ള കാര്യത്തിൽ ആർക്കും എതിരഭിപ്രായമുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. ശരിയായ ഒരു നിയമമായി ഈ ബിൽ രൂപപ്പെടുത്തുന്ന കാര്യത്തിൽ എന്റെ പാർട്ടിയും നിർല്ലോഭമായ സംഭാവന നൽകിയിട്ടുണ്ടെന്നാണു് ഞങ്ങളുടെ വിശ്വാസം. ചെറുകിട ഭൂവുടമകളെ സംബന്ധിച്ചും, മതധർമ്മ സ്ഥാപനങ്ങളെ സംബന്ധിച്ചും ഈ നിയമം നടപ്പാക്കുമ്പോൾ വരാവുന്ന പ്രയാസങ്ങളെ സംബന്ധിച്ചു ഈ ബില്ലിന്റെ അവസാനഘട്ടംവരെ ആവർത്തിച്ചാവർത്തിച്ചു് ആവശ്യമായ സംഭാവന നൽകാൻ ഞങ്ങളുടെ പാർട്ടി ശ്രമിച്ചിട്ടുണ്ടെങ്കിലും ഈ നിയമസഭയ്ക്കു പുറത്തുവച്ചു ഞങ്ങളുടെ ചില സ്നേഹിതന്മാർതന്നെ അതിനെതിരായ രീതിയിൽ, മുസ്ലീംലീഗു ഈ നിയമത്തിനെതിരാണെന്ന രീതിയിൽ ചില പ്രചരണങ്ങളും പ്രസംഗങ്ങളും നടത്തിയിട്ടുള്ളതായിട്ടറിയാം. ഇന്നലെയും അങ്ങനെ സംഭവിച്ചതായറിയാം. എന്നിരുന്നാലും ഞങ്ങൾക്കറിയാം, ബഹുമാനപ്പെട്ട മന്ത്രിക്കറിയാം ഇതു് ശരിയായ ഒരു നിയമമാക്കിത്തീർക്കുന്ന കാര്യത്തിൽ ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള സംഭാവനയും സമീപനവും എന്തായിരുന്നുവെന്നു്. കൂടുതലായിട്ടൊന്നും ഈയവസരത്തിൽ ഇതിനെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ നാട്ടിലെ ബഹുഭൂരിപക്ഷം കുടിയാന്മാർക്കും ഒരിഞ്ചു ഭൂമിപോലുമില്ലാത്ത പാവപ്പെട്ട ആളുകൾക്കും ഭൂമി നൽകത്തക്കവിധത്തിൽ ഇങ്ങനെയൊരു നിയമനിർമ്മാണം നടത്തുമ്പോൾ നാം ഉദ്ദേശിക്കുന്ന പ്രയോജനം ഇതുകൊണ്ടുണ്ടാകാൻ സാധിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നു ഞങ്ങളും ചില കാര്യങ്ങളും ഇതിനെ സംബന്ധിച്ചിടത്തോളം പറഞ്ഞിട്ടുള്ളതു്. ആ കാര്യങ്ങളെല്ലാം ശരിക്കും ഗവണ്മെന്റു കണക്കിലെടുത്തു എന്നു പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ നിയമം ശരിയായ ഒരു നിയമമായി നടപ്പിൽ വരട്ടേ എന്നു ഞാൻ ആഗ്രഹിക്കുന്നു, ആശീർവദിക്കുന്നു, ബഹുമാനപ്പെട്ട മന്ത്രിയെ ഇതിന്റെ പേരിൽ അഭിനന്ദിക്കാനും ഞാൻ ഈയവസരം ഉപയോഗിക്കുകയാണു്.

രാഹുകാലത്തു് പാസ്സാക്കാൻപോകുന്ന ഈ ബില്ലിനെ രാഹു ബാധിക്കാതിരിക്കട്ടേ എന്നും ഞാൻ പ്രാർത്ഥിക്കുന്നു.

ശ്രീ. എം. എം. തോമസ്: സർ, ഒരു മണിക്കൂർ പ്രസംഗിക്കണമെന്നാണു് ആഗ്രഹിച്ചിരുന്നതു്. എന്നാൽ അഞ്ചു മിനിട്ടു മാത്രം അനുവദിച്ചിട്ടുള്ളതുകൊണ്ടു് ആകെ രണ്ടോരണ്ടു വാചകം മാത്രം പറയാം. പ്രധാനമായിട്ടും പറയുവാൻ ഞാനാഗ്രഹിക്കുന്ന കാര്യം ഈ നിയമം പാസാക്കുവാൻ ആത്മാർത്ഥമായി പരിശ്രമിച്ച റവന്യൂ മന്ത്രിയെ അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു എന്നുള്ളതാണു്. എന്റെ പാർട്ടിയുടെ പേരിലും ഞാൻ റവന്യൂമന്ത്രിയെ അനുമോദിക്കുകയാണു്.

ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ: മെമ്പറുടെ പാർട്ടി ഇപ്പോഴും ഏതാണു്?

ശ്രീ. എം. എം. തോമസ്: മെമ്പർ അപ്പോളോ 11-ന്റെ പുറകേ പോയിട്ടു് ഇതൊന്നും അറിയാതെയിരിക്കുകയാണോ? പാർട്ടി മാറുകയും വേറെ ഉണ്ടാക്കുകയും എല്ലാം ചെയ്തതു അറിഞ്ഞിട്ടില്ലേ? മലബാറിലെ കൊട്ടിയൂർ, നിലംമ്പൂർ, പുൽപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലെ രേഖയില്ലാത്ത കർഷകർക്കു സ്ഥിരാവകാശം നൽകിയിരിക്കുന്നു എന്നതിന്റെ പേരിൽ ഞാൻ റവന്യൂമന്ത്രിയെ അഭിനന്ദിക്കുകയാണു്. രണ്ടാമതായി പഴയ ഭൂപരിഷ്കരണബില്ലിൽ പണയക്കാർക്കു സ്ഥിരാവകാശം കൊടുക്കാതെ കുടികിടപ്പുകാരനിൽ നിന്നും വേർതിരിച്ചു് പണയക്കാരൻ കൂടുതൽ പണം കൊടുത്തു എന്നുള്ള കാരണത്താൽ അവർക്കു സ്ഥിരാവകാശം ഇല്ലായിരുന്നു. ഈ ബില്ലിൽ കുറെ കാലമായി കൈവശപ്പെടുത്തിയ വ്യവസ്ഥയിൽ ഉണ്ടായിരുന്നവർക്കും സ്ഥിരാവകാശം കൊടുത്തിരിക്കുകയാണു്. അങ്ങനെ ഭൂമിയിൽ അദ്ധ്വാനിക്കുന്ന ആ വിഭാഗം ആളുകൾക്കും സ്ഥിരാവകാശം കൊടുത്തു എന്നുള്ളതിലും റവന്യൂമന്ത്രിയെ ഞാൻ സ്വാഗതം ചെയ്യുകയാണു്. പിന്നീടു് ഇതു കോടതിയിൽ പോയാൽ നിൽക്കുകയില്ല എന്നു പറഞ്ഞാലും വളരെ ആശ്വാസകരമായ പല വകുപ്പുകളും കൊണ്ടുവന്ന റവന്യൂമന്ത്രിയെ ഞാൻ അങ്ങേയറ്റം അനുമോദിക്കുകയാണു്.

ശ്രീ. കെ. കെ. അബു: സർ, ഭൂപരിഷ്കരണ ഭേദഗതി നിയമം പാസാക്കുന്നതിൽ ഞങ്ങളുടെ പാർട്ടിക്കുവേണ്ടി ആത്മാർത്ഥമായ അഭിപ്രായ പ്രകടനം നടത്തുക എന്നുള്ളതിൽ കവിഞ്ഞു കാര്യമായി ഒന്നും പറയുവാൻ സാധിക്കുകയില്ല. ചിലർ ഒന്നര മണിക്കൂർ സംസാരിച്ചു, ചിലർക്കു അഞ്ചുമിനിട്ടേ സംസാരിക്കുവാൻ കിട്ടിയുള്ളു. ആദ്യമേതന്നെ ഇതിനൊരു കൺക്ലോൾ ഉണ്ടായിരിക്കണമായിരുന്നു. അതില്ലാതെ പോയതു ഖേദകരമാണു്. ഈ ബിൽ ഭൂപരിഷ്കരണനിയമമാണു്. നമ്മുടെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം 20 കൊല്ലക്കാലം അതിനു വേണ്ടിവന്നു. യഥാർത്ഥത്തിൽ അവശത അനുഭവിക്കുന്നവർക്കു ലഭിക്കേണ്ട ആനുകൂല്യം കൊടുക്കുന്നതിലേയ്ക്കു ഇത്രയും വർഷം വേണ്ടിവരുന്നു എന്നുള്ളതു വേദനാജനകമാണു്. പക്ഷേ ഇൻഡ്യയിലെ ഭരണഘടനയും കോടതിയും വച്ചുകൊണ്ടു് പോകാവുന്ന പരിധിവരെ പോയിട്ടുണ്ടെന്നുള്ളതിൽ കവിഞ്ഞു മറൊന്നും പറഞ്ഞില്ല. ഒരു കാര്യം വ്യക്തമായി പറയാനുള്ളതു് കൃഷി ഭൂമി കർഷകനു വേണം എന്നുള്ളതാണു്. അദ്ധ്വാനിക്കുന്നവരുടെ, മൺവെട്ടി പിടിക്കുന്നവരുടെ മാത്രമാണു് ഭൂമിയെന്നുള്ളതിൽ വിശ്വസിക്കുന്നവരാണു് ഞങ്ങൾ. പക്ഷേ ചെയ്യാൻ കഴിയുന്നതു ചെയ്തു എന്നുള്ളതിൽ ഈ നിയമസഭയിൽ പരിപൂർണ്ണമായും ആശ്വാദിക്കാവുന്നതാണു്. ആ കൂട്ടത്തിൽ കേൾക്കപ്പെടുന്ന ചില അക്രോശങ്ങൾ ആരും വകവയ്ക്കേണ്ടതില്ല. ഭരണഘടന എല്ലാ നല്ല കാര്യങ്ങൾക്കും എതിരായി നിൽക്കുന്നതാണെന്നു കാണിക്കുകയുണ്ടായി. കോൺഗ്രസ് കാരുടെ താൽപ്പര്യങ്ങൾക്കുവേണ്ടി ഭരണഘടനയെ ഭേദഗതി ചെയ്യാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ഈ രാജ്യത്തെ നല്ല നിയമനിർമ്മാണം എന്നു പറയുമ്പോൾ ഭരണഘടന തടസമാണെങ്കിൽ ഭരണഘടനയെ ഭേദഗതി ചെയ്യേണ്ടതാണു്. ഭരണഘടന തടസമാകുമോ കോടതി എതിർക്കുമോ എന്നു നോക്കിയിട്ടു ഒരു നിയമനിർമ്മാണം ചെയ്യാൻ സാധ്യമല്ല. ഭരണഘടനയും കോടതിയും നല്ല കാര്യങ്ങൾക്കു എതിരായി നിൽക്കുകയാണെങ്കിൽ പൊതുജനങ്ങൾ അവരുടെ സമ്മർദ്ദങ്ങളിൽക്കൂടി, അവരുടെ സംഘടിത ശക്തിയിൽക്കൂടി അവ മാറുന്ന സാഹചര്യം ഉണ്ടാകും. അതിനു ഇത്തരം നിയമനിർമ്മാണങ്ങൾ ആവശ്യമാണു്. പ്രതിഫലത്തിന്റെ കാര്യത്തിലും ട്രൈബ്യൂണലിന്റെ കാര്യത്തിലും ദീർഘങ്ങളായ പ്രസംഗങ്ങൾ കേട്ട ആ വക കാര്യത്തിലേയ്ക്കു കടന്നുവരാൻ ഞാനാഗ്രഹിക്കുന്നില്ല. 1920–1930 വരെയുള്ള സാമ്പത്തിക കുഴപ്പങ്ങൾ വളരെ ഉണ്ടായിരുന്ന കാലത്തു അവരുടെ ഓഹരികൾ വളരെ കുറഞ്ഞ വിലയ്ക്കു സെന്ററിനു ഒരു രൂപ വില വച്ചു് കൊടുത്തു അട്ടിയെടുത്തു ട്രൈ ഉടമകളായവരാണു് ഇന്നത്തെ ജന്മിമാരിൽ നല്ലൊരു ഭാഗം. ആ ട്രൈ ഉടമകൾക്കു കൊടുക്കുന്ന പ്രതിഫലം ശരിയല്ല. ട്രൈ പരിധി നിശ്ചയിച്ചിരിക്കുന്നതു തൊഴിലാണെന്നുള്ള വാദഗതിയോടു യോജിക്കുവാൻ വിർവാഹമില്ല. ആ കാര്യങ്ങളുടെ അടിയിലേയ്ക്കു ചെന്നു എന്തെങ്കിലും ചെയ്യാൻ സാധിക്കുമെന്നു ഞങ്ങൾക്കുദ്ദേശമില്ല. അതുകൊണ്ടു ആ വക കാര്യങ്ങളിലേയ്ക്കു കടക്കുന്നില്ല. ഈ നിയമനിർമ്മാണത്തിനുവേണ്ടി ആത്മാർത്ഥമായ അദ്ധ്വാനവും പരിശ്രമവും നടത്തിയ ബഹുമാനപ്പെട്ട റവന്യൂമന്ത്രിയേയും സെലക്ട് കമ്മിറ്റി അംഗങ്ങളേയും അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണു്. സമയബന്ധിതമായ പരിപാടി അനുസരിച്ചും മറ്റു ചില പരിപാടികളും കൊണ്ടാണു് ഈ നിയമനിർമ്മാണം താമസിച്ചതു്. ഇനിയെങ്കിലും കേന്ദ്രം കഴിയുന്നതും വേഗം അനുമതി തരുമെന്നാണു് വിശ്വസിക്കുന്നതു്, രാഷ്ട്രപതി പരിശോധിക്കാതെ നോക്കണമെന്നു ശ്രീ. ഹാജി പറഞ്ഞതിനു രാഷ്ട്രപതിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല എന്നു മാത്രമേ പറയുന്നുള്ളൂ.

റവന്യൂമന്ത്രി ശ്രീമതി കെ. ആർ. ഗൗരി. സർ ഈ നിയമം സംപുഷ്ടമാക്കുന്നതിനുവേണ്ടി നിയമസഭയുടെ എല്ലാ ഭാഗത്തുനിന്നും, സെലക്ട് കമ്മിറ്റിയുടെ മെമ്പറന്മാരിൽനിന്നും ഗവണ്മെന്റു ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥന്മാരിൽനിന്നും ലഭിച്ച സഹായസഹകരണങ്ങൾക്കും സേവനങ്ങൾക്കും നന്ദി രേഖപ്പെടുത്തികൊണ്ടു് ഈ ബില്ലു് പാസ്സാക്കാൻ പോകുമ്പോൾ ചില കാര്യങ്ങൾമാത്രം പറയാമെന്നു വിചാരിച്ചിരിക്കുകയാണു്.

സർ, ഈ നിയമത്തെ സംബന്ധിച്ചു് സെലക്ട് കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ച അവസരത്തിൽ ഇവിടെ ഉണ്ടായ പ്രതികരണത്തിൽ നിന്നും വ്യത്യസ്തമായ പ്രതികരണം കേരളാ കോൺഗ്രസ്സു പാർട്ടിയിൽനിന്നു മാത്രമേ ഉണ്ടായിട്ടുള്ളൂ. ബാക്കിയുള്ള എല്ലാ പാർട്ടികളും ഈ നിയമത്തിന്റെ നല്ല വശങ്ങൾ കാണുകയും അവ ഈ നാട്ടിലെ കർഷകർക്കും കുടിയാന്മാർക്കും വളരെ കൂടുതൽ ആനുകൂല്യം ചെയ്യുമെന്നു് വിശ്വസിക്കുകയും ചെയ്യുകയാണു്. ഇതു വെറുമൊരു ടെനൻസി ലെജിസ്ലേഷൻ മാത്രമല്ല. കാർഷികമേഖലയിൽ.....

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ, സർ, കേരളാ കോൺഗ്രസ്സുകാർ പറയാത്തകാര്യം പറഞ്ഞുവെന്നു പറഞ്ഞിട്ടു കേരളാ കോൺഗ്രസ്സുകാർക്കു് സദുദ്ദേശമില്ലായിരുന്നുവെന്നുള്ള ധാരണ പരത്തുന്ന വിധത്തിലുള്ള പ്രസ്താവന തെറ്റാണു്. കേരളാകോൺഗ്രസ്സുകാർ അങ്ങനെ പറഞ്ഞിട്ടില്ല നല്ല വകുപ്പെന്നു പറയുന്നവ ഭരണഘടനാ വിരുദ്ധമായിവരും. അതു നിൽക്കുകയില്ല എന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. സദുദ്ദേശത്തോടുകൂടി ഈ രാജ്യത്തെ പാവപ്പെട്ടവർക്കു് ഇതിന്റെ ആനുകൂല്യം കിട്ടണമെന്നുള്ള ആഗ്രഹത്തോടുകൂടി കൊണ്ടുവരുന്ന നിർദ്ദേശങ്ങളെപ്പറ്റി ഇങ്ങനെ തെറ്റിദ്ധാരണ പരത്തുന്നവിധത്തിൽ പരാമർശിക്കുന്നതു് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: അങ്ങനെയൊന്നുമല്ല. യാതൊരു ഉദ്ദേശവുമില്ല.

ശ്രീമതി കെ. ആർ. ഗൗരി: നിയമസഭയിൽ 3-ാംവായനയിൽ ബില്ല് തള്ളിക്കളയണം എന്നു വാദിച്ചതു പാസാക്കണം എന്നു പറഞ്ഞതായി ഞാൻ കണക്കാക്കുന്നില്ല വേറെ ആരെങ്കിലും ചെയ്യുകൊള്ളട്ടെ. കുടിയാന്മാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കണമെന്നുള്ളതു് രേഖപ്പെടുത്തുകയും അതു നടപ്പിലാക്കുന്നതിനുള്ള സംരംഭം എന്നുള്ള നിലയിൽ കർഷകരെ സംബന്ധിച്ചുള്ള ഒരു മാഗ്നാകാർട്ടയാണു് ഈ ബിൽ എന്നു സൂചിപ്പിക്കുകയും ചെയ്തിട്ടുള്ളതിനു് ഞാൻ നന്ദിപറയുകയാണു്. ഏതായാലും ഇതു് ആ മേഖലയിൽ ആ ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള ഒരു പുതിയ കാൽവെപ്പാണു്. കേരളാകാൺഗ്രസ്സിന്റെ കാര്യം പ്രത്യേകമായി പറഞ്ഞതു് ഈ അവസാന നിമിഷത്തിൽപോലും ഈ നിയമത്തെ എതിർക്കുന്നു, ഇതു പിൻവലിക്കണം എന്നു അവർ പറഞ്ഞതുകൊണ്ടാണു്. അതിനു് ഉപോൽബലകമായി അവർ പറഞ്ഞിട്ടുള്ളതു് ഇതു് ഭരണഘടനാ വിരുദ്ധമാണെന്നാണു്. അതു ആളുകളെ പറഞ്ഞിക്കുന്നതിനുവേണ്ടിയാണു്, കുടികിടപ്പുകാരെ പറഞ്ഞിക്കുന്നതിനുവേണ്ടിയാണു്, ജനങ്ങളെ പറഞ്ഞിക്കുന്നതിനുവേണ്ടിയാണു് എന്നെല്ലാം പറഞ്ഞു. സെലക്ട് കമ്മറ്റി റിപ്പോർട്ട് വന്നപ്പോൾ മന്ത്രിക്കു പുച്ഛേണ്ട സമർപ്പിക്കുകയാണെന്നെല്ലാം പറഞ്ഞ ശ്രീ. മാണി തന്നെ ഈ നിയമം പാസാകുമെന്നു് പറയുമ്പോൾ ഇതെല്ലാം പറഞ്ഞതുകൊണ്ടാണു് ഞാൻ ആ കാര്യം ഇവിടെ പറഞ്ഞതു്. ആ വിധത്തിൽ ഓരോ നിറം മാറുന്നതുപോലെ മാറിമാറി അഭിപ്രായം വന്നിട്ടുള്ളതുകൊണ്ടു പറഞ്ഞതാണു്.

ഭരണഘടനാ സംബന്ധമായ കാര്യങ്ങളേയും ഈ ഭേദഗതി നിയമം ഈ സഭയിൽ പാസ്സാക്കിയാൽ അതു നിലനിൽക്കുമോ എന്നും മറ്റും ഉള്ള കാര്യങ്ങളേയും സംബന്ധിച്ചു ഈ നിയമം ഇവിടെ അവതരിപ്പിച്ച അവസരത്തിൽതന്നെ ഞാൻ പറയുകയുണ്ടായി. നമ്മുടെ നാട്ടിൽ ഫെയർറെന്റു അപേക്ഷകരം 60,559 എണ്ണം വന്നതിൽ 33,281 തള്ളപ്പെട്ടുകയുണ്ടായി. ഈ നിയമം വന്നു കഴിഞ്ഞതിനുശേഷം പുതിയ അപേക്ഷ കൊടുത്തതു് 25,942 ആകുകയും പർച്ചേസ് റൈറ്റിനു് കൊടുത്തിട്ടുള്ളതു 165 അപേക്ഷകരുമാത്രം വരികയും അങ്ങനെ കാർഷിക പരിഷ്ക്കരണ നിയമം കൊണ്ടു് ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യം നടക്കാതെ വരികയും ചെയ്തതിനാലും സീലിംഗ് ഇംപോസ് ചെയ്യാൻ നിവൃത്തിയില്ലാതെയും പർച്ചേസ് റൈറ്റു നോട്ടിഫൈ ചെയ്യാൻ നിവൃത്തിയില്ലാതേയും വരികയും ചെയ്ത സാഹചര്യത്തിൽ കുടികിടപ്പുകാർക്കു് കൂടുതൽ ആനുകൂല്യം കൊടുക്കേണ്ടതു ആവശ്യമാണെന്ന തോന്നിയതുകൊണ്ടും ജന്മികുടിയാൻബന്ധം ശാശ്വതമായി അവസാനിപ്പിക്കണമെന്നുമുള്ള മോഹത്തിന്റെ അടിസ്ഥാനത്തിലുമാണു് ഈ നിയമം കൊണ്ടുവന്നിട്ടുള്ളതു്. നിയമത്തിന്റെ എല്ലാ വശങ്ങളും നോക്കി കഴിഞ്ഞതിനുശേഷം പുതിയൊരു നിയമം എഴുതാതെ ഒരു ഭേദഗതി നിയമം എന്നുള്ള നിലയിൽ കൊണ്ടുവരാനുള്ള കാരണം അതാണു്.

വളരെ കൂടുതൽ തെറ്റിദ്ധാരണ വന്നിട്ടുള്ളതു് വേസ്റ്റു ലാൻഡു ഇതിൽ വരികയില്ല, എസ്റ്റേറ്റിന്റെ നിർവചനം ഭരണഘടനയുടെ 31-ാം വകുപ്പുപ്രകാരം വ്യാഖ്യാനിച്ചതു തെറ്റായി എന്നെല്ലാമാണു്.

എസ്റ്റേറ്റിന്റെ നിർവചനം കാണിക്കുന്ന മൂന്നാമത്തെവകുപ്പു ഞാൻ വായിക്കാം.

31 (iii) any land held or let for purposes of agriculture or for purposes ancillary thereto, including waste land, forest land, land for pasture or sites of buildings and other structures occupied by cultivators of land, agricultural labourers and village artisans,

ഇതെല്ലാംതന്നെ എസ്റ്റേറ്റിന്റെ ഡഫനിഷനിൽ വരുന്നതാണു്. വേസ്റ്റ് ലാൻഡു്, ഫോറസ്റ്റു് ലാൻഡു് കുടികിടപ്പുകാർ താമസിക്കുന്ന ഭൂമി ഇതെല്ലാംതന്നെ എസ്റ്റേറ്റിന്റെ ഡഫനിഷനിൽ ഉൾപ്പെടുന്നതാണു്. എസ്റ്റേറ്റിന്റെ ഡഫനിഷൻ ഇത്ര വിപുലമാക്കുന്നതിനു് സംസ്ഥാന ഗവണ്മെന്റിനു് അധികാരമുണ്ടെന്നു മാത്രമല്ല എസ്റ്റേറ്റിന്റെ നിർവചനത്തെപ്പറ്റി ഭരണഘടനയുടെ പതിനേഴാമതു് ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

നിയമം അംഗീകരിച്ചുകൊണ്ടതന്നെയാണ് ഗോലക്നാഥ് കേസ് വിധിയുണ്ടായിട്ടുള്ളത്. ഗോലക്നാഥ് കേസിലെ വിധി ഞാൻ വായിക്കാം.

The Constitution (First Amendment) Act, 1951, the Constitution (4th Amendment) Act, 1955 and Constitution 17th Amendment Act, 1964 abridge the scope of the fundamental rights, but on the basis of the earlier decisions of the Supreme Court, they are valid. On the application of this doctrine of prospective over-ruling, as explained by us earlier, our decision will have only prospective operation and therefore the said Amendment will continue to be valid. ഇതിനെ സംബന്ധിച്ച് പതിനേഴാമത്തെ ഭേദഗതി നിയമം അംഗീകരിക്കുന്നു. അതുപ്രകാരം എസ്റ്റേറ്റിന്റെ നിർവചനം സുപ്രീംകോടതി അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. അതുകൊണ്ട് ഈ ബിൽ കൊണ്ട് കുഴപ്പമൊന്നുമില്ല. അതല്ലാതെ മറ്റുവിധത്തിൽ ആവശ്യമില്ലാത്ത തെറ്റിദ്ധാരണകൾ ഉളവാക്കത്തക്ക വിധത്തിൽ ഭരണഘടനക്ക് എതിരാണെന്നു പറയത്തക്ക വിധത്തിൽ ഇതുമായി യാതൊരുവിധത്തിലും ബന്ധപ്പെടാത്ത കാര്യങ്ങൾ പറയുന്നതു ശരിയല്ല. അലഹബാദ് കേസ്സിലെ വിധിയെല്ലാം എടുത്തു ഇവിടെ ഉദ്ധരിക്കുകയുണ്ടായി. അതിൽ ഗവണ്മെന്റ് ലീസ് എടുക്കുന്നതിനെ സംബന്ധിച്ചാണ്, അഡ്മിനിസ്ട്രേഷൻ വിലയെ സംബന്ധിച്ചാണ് പറഞ്ഞിട്ടുള്ളത്. അല്ലാതെ തെറ്റിദ്ധാരണ ഉണ്ടാകത്തക്കവിധത്തിൽ കോടതിയിൽ തെറ്റിദ്ധാരണ വരത്തക്കവിധത്തിലുള്ള പ്രചരണം നടത്തുന്നതു ശരിയല്ല. അല്ലാതെ സ്റ്റേറ്റിന്റെ അധികാരംവച്ച് ലാൻറ് റിഫോംസിനെ സംബന്ധിച്ചു വരുന്നതായ കോമ്പൻസേഷനെസംബന്ധിച്ച് സുപ്രീം കോടതി വിധിയുണ്ടായിട്ടുണ്ട്. കോമ്പൻസേഷൻ എത്രകൊടുക്കണമെന്നു വ്യവസ്ഥയില്ല. കോമ്പൻസേഷനെ സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥ മിനറൽ കോർപ്പറേഷനെ സംബന്ധിച്ചും മറ്റും വിധി നടത്തിയപ്പോൾ കോമ്പൻസേഷൻ എത്രയായിരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. കടികിടപ്പുകാരനു ഇരുപത്തിയഞ്ചു ശതമാനമോ, പന്ത്രണ്ടു ശതമാനമോ എത്ര ശതമാനമായിരുന്നാലും ലാൻഡ് ലെജിസ്ലേഷൻ എന്നുള്ള നിലയിൽ നടപടികൾ നടത്താനുള്ള അവകാശമുണ്ട്. നടപടികൾ നടത്തത്തക്കവിധത്തിലുള്ള, ഭരണഘടനാ വിധേയമായിട്ടുള്ള വകുപ്പുകൾ തന്നെയാണ് ഇതിൽ ചേർത്തിട്ടുള്ളത്. നമ്മുടെ നിയമ ഡിപ്പാർട്ടുമെൻറുമായും, അഡ്വക്കേറ്റ് ജനറലുമായി ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം വിശദമായി ആലോചിച്ചിട്ടുണ്ട്. അതിനു പുറമേ കേന്ദ്രഗവണ്മെൻറിന്റെ ലാഡിപ്പാട്ടുമെൻറുമായി ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കുകയും അവരുടെ അഭിപ്രായംകൂടി അറിയുകയും ചെയ്തതിനുശേഷം ഭരപതരിപ്പിച്ചതാണ് ഈ നിയമം. ഇതിനെക്കുറിച്ചുള്ള കണക്കുകളും മറ്റു സഹായങ്ങളുമെല്ലാം ഉദ്യോഗസ്ഥന്മാർ ചെയ്തതുവെങ്കിലും, പോളിസി എടുക്കുന്നതു ഗവണ്മെൻറുതന്നെയാണ്, ഇപ്പോഴുള്ളതിനെക്കാൾ കുറെക്കൂടി കൂടുതലായി ചെയ്യണമെന്നു ഗവണ്മെൻറിനു ആഗ്രഹമുണ്ടെങ്കിലും, അതിനു ഉണ്ടാകാവുന്ന പ്രതിബന്ധങ്ങളെല്ലാം ആലോചിച്ച് ഗവണ്മെൻറിനു ചെയ്യാവുന്നതിൽ പരമാവധി ചെയ്തിട്ടുണ്ട്.

ബില്ലിന്റെ വേറെ ഭാഗങ്ങളിലേക്ക് കടക്കാം. കൃഷിക്കാരും വളരെയേറെ കുടികിടപ്പുകാരും മലയോരപ്രദേശങ്ങളിൽ കൃഷിക്കാരായിട്ടുണ്ട്. അവർക്ക് ആ ഭൂമി ആരു കൊടുത്തു എന്നു കൊടുത്തു എന്നൊന്നും അറിഞ്ഞുകൂടാ. അൺസർവേയ്ഡ് ഫോറസ്റ്റ് ലാൻഡ് ഉള്ളതു ആരാണ് ഇവർക്ക് കൊടുത്തിട്ടുള്ളതെന്നു അറിഞ്ഞുകൂടാ ഏതായാലും അവർ ദീർഘനാളായി കൈവശംവച്ച് അദ്ധ്വാനിച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്നതാണ്. അതുപോലെ മറ്റുവിധത്തിൽ യാതൊരു പണമിടപാടുകളുമില്ലാത്ത കൈവശം വച്ചുകൊണ്ടിരിക്കുന്ന കുടിയാന്മാരും ഉണ്ട്. ഇവരെയെല്ലാംതന്നെ ഇതിൽ കുടിയാന്മാരായി ചേർത്തിട്ടുണ്ട്. ഒരു ഇഞ്ചുഭൂമിപോലുമില്ലാത്ത കുടികിടപ്പുകാർക്ക് ഇന്നത്തെ നിലയിൽ കൊടുക്കാൻ സാധിക്കുന്ന എല്ലാ അവകാശങ്ങളും കൊടുത്തിട്ടുണ്ട്. നമ്മുടെ നാട്ടിലുള്ള ചൂഷണവ്യവസ്ഥ അവസാനിപ്പിക്കാനും കുടിയാനും കുടികിടപ്പുകാർക്ക് കൊടുക്കാവുന്ന വിധത്തിലുള്ള അവകാശങ്ങളും കൊടുക്കുന്നതിനും,

LIBRARY ARCHIVES Kerala Legislative Assembly

കാർഷികപരിഷ്ക്കരണത്തിനു് ഉപോൽബലകമായ നിലയിൽ നമ്മുടെ നാടിന്റെ ഭാവി നന്നാക്കുന്നതിനും ദേശീയകടമ നിർവഹിക്കുന്നതിനും ആവശ്യമായ വിധത്തിൽ ചേക്കുന്നതിനു് ആത്മാർത്ഥമായ എല്ലാ ശ്രമവും നടത്തിയിട്ടുണ്ടു്. ഈ നിയമം വന്നുകഴിഞ്ഞാൽ കുടിയാനും കുടികിടപ്പുകാർക്കും കോടതിയിൽ പോകേണ്ടി വരാതിരിക്കുന്നതിനും വക്കീലന്മാരെ തിരഞ്ഞു പോകേണ്ടിവരാതിരിക്കുന്നതിനും ആവശ്യമായ നടപടികളെടുത്തിട്ടുണ്ടു്.

ഈ നിയമം ഉടനടി നടപ്പിലാക്കുന്നതിനുള്ള ചുമതല ഗവണ്മെന്റു് ഏറ്റെടുത്തിട്ടുണ്ടു്. കുടിയാനും കുടികിടപ്പുകാർക്കും ആവശ്യമായ നിയമസഹായം ചെയ്തുകൊടുക്കുന്നതിനുവേണ്ടി വക്കീലന്മാരെ നിയമിക്കുന്നതിനുള്ള നടപടികളും എടുക്കുന്നതാണു്. അതാണു് ഈ ഗവണ്മെന്റിന്റെ നയം. കുടിയാനും കുടികിടപ്പുകാർക്കും ആവശ്യമായ സംരക്ഷണം കിട്ടാൻ, അവർ കോടതിയുടെ തിണ്ണയിൽ കയറി ഇറങ്ങി കഷ്ടപ്പെട്ടു് ഇതിലെ ആനുകൂല്യം ലഭിക്കാതെ പോകുന്നതിനു് ഇടവരാത്തവിധത്തിൽ അവർക്കു് ആവശ്യമായ എല്ലാ സഹായങ്ങളും ഗവണ്മെന്റിൽനിന്നും ചെയ്തുകൊടുക്കുന്നതാണു്.

ഇതു് പറയുമ്പോൾ ഈ നിയമം ഒരു കാലത്തും മാറുകയില്ലെന്നല്ല ഞാൻ പറയുന്നതു് കാലത്തിന്റെ അനസ്യൂതമായ മാറ്റങ്ങൾക്കു് അനുസരിച്ചു് നിയമവും മാറേണ്ടിവരും. അതുപോലെ തന്നെ ഈ നിയമംമൂലം ബുദ്ധിമുട്ടുകളോ പ്രയാസങ്ങളോ ഉണ്ടാകയാണെങ്കിലും മാറ്റണം. ഇന്നത്തെ നിലയിൽ നടപ്പിലാക്കാൻ സാധിക്കുമെന്നു വിചാരിക്കുന്നതും, പരിതഃസ്ഥിതിക്കു് അനുകൂലമായും രേണഘടനക്കു് വിധേയമായും ചെയ്യാവുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചു് കുടിയാനും കുടികിടപ്പുകാർക്കും സംരക്ഷണം കൊടുത്തു് നടപ്പിലാക്കുന്നതിനു് ആത്മാർത്ഥമായ എല്ലാ പരിശ്രമവും നടത്തിയിട്ടുണ്ടു്. ആരു് എന്തൊക്കെ പറഞ്ഞാലും ഞാനിന്നു് ഓർക്കുകയാണു് 1957-ൽ അവതരിപ്പിച്ച നിയമം ഒരു പക്ഷെ അംഗീകാരം കൊടുത്തില്ലെങ്കിലും ഈ നാട്ടിലെ കർഷകരുടേയും കുടികിടപ്പുകാരുടേയും മുമ്പിൽ ആ നിയമംവച്ചു് കഴിഞ്ഞതിനുശേഷം ഈ നാട്ടിൽ ഉദാസീനതയോടുകൂടി കാർഷികരംഗത്തു പ്രവർത്തിച്ചിട്ടുള്ള കാൺഗ്രസ് പാർട്ടിക്കുപോലും കൃഷിക്കാർക്കും കുടിയാന്മാർക്കും കുടികിടപ്പുകാർക്കും ഒരു താക്കീതെന്നുള്ള നിലയിൽ കുറെ ഭേദഗതികൾചെയ്തു് അതിലുള്ള അവകാശം പിടിച്ചു പറ്റുന്നതിനു് ഒരു നിയമം പാസ്സാക്കേണ്ട സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ വന്നു. ഈ നിയമം പാസ്സാക്കുന്നതിൽ എല്ലാവശത്തുനിന്നും പ്രവർത്തിച്ചിട്ടുള്ളവർക്കു് നന്ദിരേഖപ്പെടുത്തുന്നതോടൊപ്പം, ഈ നിയമം പാസ്സാക്കി കൃഷിക്കാരുടേയും കുടികിടപ്പുകാരുടേയും മുമ്പിൽ വയ്ക്കാനും, അതു ഏറ്റവും വേഗം നടപ്പിലാക്കാനും എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കുമെന്നു വിശ്വസിക്കുകയാണു്. ഈ നിയമം വേഗം നടപ്പിലാക്കുന്നതിനു ഒരു സ്പെഷ്യൽ ഡിപ്പാർട്ടുമെന്റിനെ നിയമിക്കുന്നതിനും റൂൾ ഫ്രെയിം ചെയ്യുന്നതിനുള്ള നടപടികളും എടുക്കുകയും ചെയ്യുന്നതാണു്. ഈ നിയമം ഏറ്റവും വേഗം നടപ്പിലാക്കുന്നതിനുള്ള ശ്രമം നടത്തുമെന്നു് ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഈ നിയമം തയാറാക്കുന്നതിനുവേണ്ടി പൊതുജനങ്ങളിൽനിന്നും, നിയമസഭാ സാമാജികന്മാരിൽനിന്നും, സെലക്ട് കമ്മിറ്റിയിൽനിന്നും, ഉദ്യോഗസ്ഥന്മാരിൽനിന്നും, ഇതിനുവേണ്ടി പ്രത്യേകം നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരിൽനിന്നും ഉണ്ടായ സഹായസഹകരണങ്ങൾക്കു് ഒരിക്കൽക്കൂടി നന്ദിരേഖപ്പെടുത്തിക്കൊണ്ടു്.....

ഡെപ്യൂട്ടി സ്പീക്കർ: സ്പീക്കറുടെ കാര്യം മറന്നുപോയോ?

ശ്രീമതി കെ. ആർ. ഗൗരി: ഇതിനാവശ്യമായ ഭേദഗതികൾ ഏതു പാതിരാത്രിയിലും കൊണ്ടുവന്നാലും സ്വീകരിക്കുന്നതിനു് തയാറായിരുന്ന നിയമസഭാ ഉദ്യോഗസ്ഥന്മാർക്കും ബഹുമാനപ്പെട്ട സ്പീക്കർക്കും, പ്രത്യേകിച്ചു് ഈ കഴിഞ്ഞ മൂന്നു് നാലു ദിവസം കൊണ്ടു് ഈ ബിൽ പാസ്സാക്കിയെടുക്കുന്നതിനുവേണ്ടി ആത്മാർത്ഥമായ പരിശ്രമം നടത്തിയ ഡെപ്യൂട്ടി സ്പീക്കർക്കും എന്റെതായ നന്ദിരേഖപ്പെടുത്തിക്കൊണ്ടു് ഈ നിയമം പാസ്സാക്കി തരണമെന്നു് അഭ്യർത്ഥിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

The question that the Kerala Land Reforms (Amendment) Bill, 1969 be finally passed was put and carried.

The Bill was finally passed.

ഡെ. സ്പീക്കർ: കേരള അഗ്രികൽച്ചറിസ്റ്റ്സ് ഡെറ്റ് റിലീഫ് ബിൽ ചർച്ച ഇപ്പോൾ കഴിഞ്ഞെന്നാണ് ഞാൻ ഇന്നലെ തീരുമാനിച്ചിരുന്നത്; എന്നാൽ അത് പൊവ്വാഴ്ചത്തേക്ക് മാറ്റിവച്ചിരിക്കുകയാണ്. ഇന്ന് ബാക്കിയുള്ള സമയം മുഖ്യമന്ത്രിക്ക് ഒരു സ്റ്റേറ്റുമെന്റ് പുറപ്പെടുവിക്കുന്നതിനുവേണ്ടി വിനിയോഗിക്കുകയാണെന്ന് സഭയെ അറിയിച്ചുകൊള്ളുന്നു.

I invite the Hon. Chief Minister to make the statement.

Statement by the Chief Minister

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്):

''ആർ. എസ്. പി., ഐ. എസ്. പി., മുസ്ലീംലീഗ്, സി. പി. ഐ. എന്നീ പാർട്ടികൾക്കുവേണ്ടി ബഹുമാനപ്പെട്ട ബേബി ജോൺ, എൻ. കെ. ശേഷൻ, മൊയ്തീൻകുട്ടി ഹാജി, ടി. എ. മജീദ് എന്നിവർ ഒക്ടോബർ 14-ാം തീയതി എനിക്ക് സമർപ്പിച്ച പ്രമേയത്തിൽനിന്നുളവായിട്ടുള്ള സ്ഥിതിവിശേഷത്തിലേക്ക് സഭയുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ആ പ്രമേയം അവസാനിക്കുന്നത് ഇങ്ങനെയാണ്:

'ഇക്കാര്യങ്ങളിൽ വ്യക്തവും തൃപ്തികരവുമായ തീരുമാനങ്ങൾ എത്രയുംവേഗം ഉണ്ടായില്ലെങ്കിൽ ഐക്യമുന്നണിയുടെ തുടർന്നുള്ള നിലനില്പു ജനങ്ങളോട് നൽകിയ വാഗ്ദാനത്തിനുതന്നെ എതിരാകയാൽ ഇ. എം. എസ്സിന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിനു ഞങ്ങളുടെ കക്ഷികൾ നൽകിയ പിന്തുണ പിൻവലിക്കാൻ ഞങ്ങൾ നിർബന്ധിതരാണെന്നു പ്രഖ്യാപിക്കുന്നു.''

ഈ പ്രഖ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ ഈ പാർട്ടികൾ തയ്യാറാവുകയാണെങ്കിൽ പുതിയൊരു രാഷ്ട്രീയസാഹചര്യം അതിൽനിന്നുളവാകുമെന്നു വ്യക്തമാണ്. എന്തുകൊണ്ടെന്നാൽ, ഈ നാല് പാർട്ടികളുടേയും, എന്റേതടക്കം മറ്റ് മൂന്നു പാർട്ടികളുടേയും നേതാക്കന്മാർ ചേർന്ന് എഴുതിക്കൊടുത്തതനുസരിച്ചാണ് ഗവണ്മെന്റ് മന്ത്രിസഭാ രൂപീകരണത്തിനു എന്നെ ക്ഷണിച്ചത്. അതേ പാർട്ടികൾ ആ പിന്തുണ പിൻവലിക്കുന്നുവെന്നതിന്റെ അർത്ഥം, ഈ മന്ത്രിസഭയ്ക്കെതിരായി വരുന്ന അവിശ്വാസ പ്രമേയങ്ങൾക്കു പിന്തുണ നൽകാനോ അത്തരം പ്രമേയങ്ങൾ സ്വയം അവതരിപ്പിക്കാനോ അവർ തയ്യാറായിരിക്കുമെന്നാണല്ലോ. ഇതു പാസ്സാവുകയാണെങ്കിൽ ഒന്നുകിൽ ഒരു ബദൽ മന്ത്രിസഭ രൂപീകരിക്കുക, അല്ലെങ്കിൽ ഒരിടക്കാല തെരഞ്ഞെടുപ്പ് അനിവാര്യമാക്കിത്തീർക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിൽ സ്വയം പങ്കാളികളാവുക—ഇതിനും ഈ പാർട്ടികൾ തയ്യാറായിരിക്കുമെന്നു ഞാൻ കരുതുന്നു. അത്തരം സ്ഥിതിവിശേഷങ്ങളിലേതെങ്കിലും വരികയാണെങ്കിൽ ഒന്നുകിൽ ട്രഷറിബഞ്ചുകളിൽനിന്നു മാറി പ്രതിപക്ഷബഞ്ചുകളിലിരിക്കും, അല്ലെങ്കിൽ ഇടക്കാലതിരഞ്ഞെടുപ്പ് നേരിടുക—ഇതിലൊന്ന് എനിക്കു ചെയ്യേണ്ടിവരും. അതിനു തയ്യാറാണ് എങ്കിൽ, ഏതെങ്കിലും തരത്തിൽ അധികാരത്തിൽ തുടരുന്നതിനു മറ്റു പലേടത്തും അംഗീകരിക്കപ്പെട്ടതുപോലുള്ള കുസിത മാർഗ്ഗങ്ങൾ ഞാൻ എന്തായാലും അംഗീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

എനിക്കു സമർപ്പിക്കപ്പെട്ട പ്രമേയത്തിലെ രാഷ്ട്രീയ ആമുഖവും അതിലടങ്ങിയ ആവശ്യങ്ങളും വളരെ ഗാഢമായും ശ്രദ്ധാപൂർവ്വമായും ഞാൻ പരിശോധിച്ചുനോക്കി.

സുദീർഘ സമരങ്ങളിലൂടെ രൂപംപ്രാപിച്ച ഐക്യമുന്നണിയും ഈ ഗവണ്മെന്റും നിലനിൽക്കുന്നതു അത്യാവശ്യമാണെന്ന ഉറച്ച വിശ്വാസമുള്ള ഒരുവനാണ് ഞാൻ.

LIBRARY ARCHIVES Kerala Legislative Assembly